പുസ്തകം 9 ലക്കം 12
നവംബർ 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക



## വെളിച്ചത്തിനുമപ്പുറം...

# ഹേ റാം



**മുരളീധർ കൊല്ലത്ത്**
**9387475851**

ഇന്ത്യകണ്ടറിഞ്ഞ ബാപ്പുജിയ്ക്കൊരുക്കിയീപതാക
പാറിനിന്ന... പാരിലാകെ
പുതിയ ഗീതകങ്ങളെന്നും പാടി പാടി
പുതിയ വീരഗാഥയായി ഭാരതാംബ
കണ്ണുനീരൊഴുക്കി, സ്വതന്ത്രരാജ്യമാക്കി
സർവ്വവും മറന്നു മഹാനകന്നകന്നു
മൺമറഞ്ഞ പുണ്യദേഹം
ദൈവനാമമായി നില്ക്കെ
തിരയുതിർത്തുനെഞ്ചുടച്ചോൻ ദൈവമണ്ണിൽ
ദുരയുണർന്ന കോവിലിലെ കൊല വെറിയിലീശ്വരനും
കണ്ണുചൂഴ്ന്നെടുത്തതിന്റെ കൊടുങ്കാറ്റായ്
തളരുമീകിരാതമർദ്ദനത്തിന്റെ
കഥയൊഴുക്കുകണ്ടിടാതെ തിരമുറിയ്ക്കുന്നോർ
ശാന്തമെന്റെ ഗാന്ധി
തൻ ചോര നെഞ്ചിലേറ്റി
ഗീത മാറിനോട് ചേർത്തുറങ്ങിയതും ഹേ റാം
രക്തമറ്റുപോയ രാവുകളെ
സാക്ഷിയാക്കിയീ നിളയിൽ
സർവ്വോദയം സ്മൃതിപഥം പദങ്ങളേറി
നീതികേടുകൾക്ക് നടുവിൽ നടുവൊടിഞ്ഞുനേടിയോരി
ധരണിചൊല്ലി ധീരരക്തമേറ്റതിന്റെ തീർത്ഥഗാഥ
എങ്കിലെന്നുമെന്നും ഇന്ദ്രിയങ്ങളെന്നിതളിൽ
സ്വതന്ത്രനാളിലാദരം തീർക്കുകയായി.

Mahatma Gandhi's 150th Birth Anniversary




## നന്മയുടെ പാതയിൽ തനിച്ചല്ല ഒരുപാടുപേർ കൂടെയുണ്ട്...

# ഏക തത്ത്വ

## പത്താം വർഷത്തിലേയ്ക്ക്...

2009 ആഗസ്റ്റിൽ ഒരു വിദ്യാഭ്യാസ സ്ഥാപനമായി ആരംഭിച്ചു. പിന്നീട് ഏക തത്ത്വ മാസികയ്ക്കായുള്ള പ്രവർത്തനങ്ങൾ തുടങ്ങി. രജിസ്ട്രേഷൻ വർക്കുകൾ പൂർത്തിയാക്കി 2010 നവംബറിൽ ഏക തത്ത്വയുടെ ആദ്യ പതിപ്പ് പുറത്തിറക്കി. കേൾക്കാത്തവന്റെ ശബ്ദം കേൾപ്പിക്കാനായി ആരംഭിച്ച മാസിക പത്താം വർഷത്തിലേയ്ക്ക് കടക്കുകയാണ്. ഈ വേളയിൽ ഈ കാലമത്രയും മാസികയുമായി പലവിധത്തിൽ സഹകരിച്ചുകൊണ്ടിരിക്കുന്ന ഓരോരുത്തരോടുമുള്ള നന്ദിയും കടപ്പാടും ഞാനിവിടെ രേഖപ്പെടുത്തുന്നു. പേരെടുത്ത് നന്ദി പറഞ്ഞാൽ പലരേയും വിട്ടുപോയാലോ എന്ന ഭയത്താൽ അതിന് മുതിരുന്നില്ല. എല്ലാവരേയും ഞാൻ എന്റെ ഹൃദയത്തിനോട് ചേർത്തുവെയ്ക്കുന്നു. ആർക്കെങ്കിലും ഏതെങ്കിലും വിധത്തിൽ അറിഞ്ഞോ അറിയാതേയോ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടെങ്കിൽ ക്ഷമിക്കുക. കാരണം നമ്മളാരും ഒരർത്ഥത്തിൽ പൂർണ്ണരല്ലല്ലോ. ഇനിയും ലക്ഷ്യത്തിലേയ്ക്ക് ദൂരമൊരുപാടുണ്ട്. നമുക്ക് പ്രതീക്ഷയോടെ ഒരുമിച്ച് മുന്നേറാം.

രചനകൾ കുമിഞ്ഞുകൂടുകയാണ്. ആയതിനാൽ എല്ലാവരേയും ഒരേ ലക്കത്തിൽ പങ്കെടുപ്പിക്കുക എന്നതും തുടർച്ചയായ ലക്കങ്ങളിൽ ചേർക്കാനും സാധിക്കാതെ വരുന്നുണ്ട്. സഹകരിക്കുക. എല്ലാവർക്കും നമുക്ക് അവസരം കൊടുക്കണ്ടേ... ഈ കാലഘട്ടത്തിൽ വായനക്കാരെല്ലാം എഴുത്തുകാരാണ്. അതുകൊണ്ടാണ് രചനകളുടെ ബാഹുല്യം അനുഭവപ്പെടുന്നത്. നമുക്ക് നാല്പത്തിനാല് പേജു മാത്രമേ ഉള്ളൂ. ചിത്രങ്ങൾക്കും മറ്റും അധികം സ്ഥലം പാഴാക്കാതെ പരമാവധി രചനകളെ ഉൾപ്പെടുത്തുന്നുണ്ട്. മികവുറ്റ രചനകൾ മാത്രം അയക്കാൻ ശ്രദ്ധിക്കുക. ഓരോരുത്തരും ഏറ്റവും ചുരുങ്ങിയത് ഒരു വരിക്കാരെയെങ്കിലും ചേർക്കാനായി ശ്രമിക്കുക. ഇനിയും നമുക്ക് പ്രചാരം വർദ്ധിപ്പിക്കേണ്ടതുണ്ട്, സഹകരിക്കുക.

**നമ്മുടെ ആദരണീയനായ എഴുത്തുകാരൻ ശ്രീ. ടി. വി. നാരായണൻകുട്ടി വീടിന്റെ മുൻവശത്തെ ചുമരിൽ വരച്ച ഗാന്ധിജിയുടെ ചിത്രവും ലഘു വിവരണങ്ങളും...**

₹ 15

# ഏക തത്ത്വ

## മാസിക

**പുസ്തകം 9 ലക്കം 12**
**നവംബർ 2019**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർചിത്രം**
ഉല്ലാസ് ഗോവർദ്ധൻ ആർ

**മരണക്കിടക്കയിൽവെച്ചല്ല**
**യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട**
**വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

You can also use KSFE Palakkad Branch II, Sugama A/c No.3337

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം



**ലേഖനം**
7 – നോൺ പെർഫോമിംഗ് അസറ്റ് – എം. എം. മേനോൻ
10 – ഭാരതീയം – പ്രൊഫ. വി. കെ. എം. നായർ
17 – മനുഷ്യന്റെ അതിജീവനം – ജനാർദ്ദനൻ പി. വണ്ടാഴി
28 – ആത്മപരിശോധന അനിവാര്യം – ഏഴംകുളം മോഹൻകുമാർ

**കഥ**
36 – തുറന്നെഴുത്ത് – സുരേഷ് തെക്കീട്ടിൽ
39 – അണയാത്ത തീ നാളങ്ങൾ – പ്രേം മധുസൂദനൻ
40 – പിറന്നാൾ – സേവിയർ ഡെന്നി
41 – ഗാന്ധർവ്വം – ബിതാ ദാസ്
42 – ക്വട്ടേഷൻ, ശിക്ഷ, വൈരുദ്ധ്യങ്ങൾ – ജിജോ രാജകുമാരി

**കവിത**
2 – ഹേ റാം – മുരളീധർ കൊല്ലത്ത്
9 – കഥാപാത്രം – ദിലീപൻ
14 – ജലം വിതാനം പാലിക്കും – ജലജ പ്രസാദ്
16 – ആഹാരക്കൊല – വിനോദ് ചെത്തല്ലൂർ
18 – ഇണ പിരിഞ്ഞപ്പോൾ – എം. കെ. ശശിധരൻ
22 – ഇലകൾ പൊഴിയുമ്പോൾ – ബിബിത് പാലക്കാട്
31 – ഇത്തിരി വരികൾ – കെ. കെ. എസ് കാമ്പ്രത്തുചള്ള
33 – ഗ്രാമവിശുദ്ധി – ജോസഫ് പൂതക്കുഴി
38 – ചൂല് – രാജീവ് മാമ്പുള്ളി
42 – പിന്നെയും – ഹരി കെ. പുരയ്ക്കൽ
43 – ജരിതാ വിലാപം – ഇ. എൻ. നാരായണൻ
43 – നൊമ്പരത്തിപ്പൂവ് – അലക്സാണ്ടർ മുട്ടത്തുപാടം
43 – കവിതേ നിന്നീണമെവിടെ ? – അജയ് ബാലചന്ദ്രൻ
43 – നാളേയ്ക്ക് – എടത്തറ ജയൻ

**ഓർമ്മച്ചിത്രങ്ങൾ**
9 – ഐത്ത കൊക്ക – മുക്കം ഭാസി

**ഗായകരത്നങ്ങൾ**
14 – മലയാള സിനിമ പിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ – ടി. വി. നാരായണൻ കുട്ടി

**അനുഭവം**
19 – മഞ്ഞിൽ പൊതിഞ്ഞ മഹനീയത – ഈശ്വർകുമാർ തരവത്ത്

**വിജ്ഞാനച്ചെപ്പ്**
22 – നാടിനെ അറിയാം, നാട്ടാരേം – ഡോ. ഒ. സി. പ്രമോദ്

**യാത്രകളിലൂടെ**
26 – അജന്ത എല്ലോറ ഗുഹകളിലൂടെ ഔറംഗബാദിലേക്കൊരു യാത്ര – ഡോ. സുനീത് മാത്യു

**മഹാത്മ**
29 – ഗാന്ധിജി ലണ്ടനിൽ – ബിന്ദു . കെ

**ആരോഗ്യം**
31 – ടിനിറ്റസ് – ഡോ. സി. രാമകൃഷ്ണൻ

**പുസ്തകപരിചയം**
32 – സ്വാർത്ഥകമായ സാഹിത്യ പഠനാന്വേഷണങ്ങൾ – രാജേന്ദ്രൻ വയല

**പൊതുവിജ്ഞാനം**
35 – പൊതുവിജ്ഞാനം – നൗഷാദ് ഖാൻ

**ദർശനഭൂമിയിലൂടെ**
42 – ദൈവീകതയും ഭൗതികതയും – ജയൻ പുതുമന



# വെളിച്ചത്തിനുമപ്പുറം...

ഇ. ടി. മുരളീധരൻ

ഒരുകാലത്ത് ഗവൺമെന്റ് ജോലി ആർക്കും വേണ്ടായിരുന്നു. അക്കാലത്ത് പ്രൈവറ്റ് ജോലിക്കാർക്ക് പത്തിരട്ടി ശമ്പളവും മാന്യതയും കൂടുതലായി ലഭിക്കുമായിരുന്നു. അന്ന് ബിസിനസ്സുകാർ വിലസി. ആർഭാടമായി ജീവിച്ച് അഹങ്കരിച്ചുനടന്നു. പിന്നെ എല്ലാം തലകീഴായി. ഗവൺമെന്റ് ജോലിക്ക് ശമ്പളം കൂടി. പിന്നീട് വന്നപല ഭരണപരിഷ്കാരങ്ങളും പ്രൈവറ്റ് ബിസിനസ്സ് സ്ഥാപനങ്ങളുടെ നിലനിൽപ്പ് അവതാളത്തിലാക്കി. ഇപ്പോൾ വീണ്ടും ഗവൺമെന്റ് ജോലിക്കാർ ഉഴപ്പാൻ തുടങ്ങിയിരിക്കുന്നു. നേരാംവണ്ണം ജോലിയെടുക്കാതെ ശമ്പളം വാങ്ങി ആർഭാടമായി ജീവിക്കുന്നു. പോരാത്തതിന് മറ്റുള്ളവരോട് പുച്ഛമനോഭാവവും. എല്ലാം ഇനിയും മാറിമറിയും.

പണ്ട് കെ. എസ്. ആർ. ടി. സി. ബസ് കൈ കാണിച്ചാൽ നിർത്തില്ലായിരുന്നു. ഭയങ്കര അഹങ്കാരം. ഇന്നോ ? അതുപോലെ ടെലിഫോണിൽ വല്ല കംപ്ലെയിന്റ് വന്നാൽ വിളിച്ചാൽ നേരാക്കിത്തരാൻ എന്തായിരുന്നു ഗമ. കെ. എസ്. ഇ. ബിയിൽ വിളിച്ചാൽ അവർ ഫോണെടുക്കുമായിരുന്നോ ? ഇന്നോ ? ഇനിയും അഹങ്കാരം നശിക്കാത്ത അഹങ്കാരികളായി കഴിയുന്ന ഡിപ്പാർട്ടുമെന്റുകളുണ്ട്.

കെ. എസ്. ആർ. ടി. സി. യും, ബാങ്കും, ബി. എസ്. എൻ. എല്ലും ഉൾപ്പടെ പലതും നഷ്ടത്തിലാണ്. ഇത്തരം സ്ഥാപനങ്ങളിലെല്ലാം താത്കാലികമായി ജോലി ചെയ്തുവന്നവരുടെ ജോലി പോയി, സ്ഥിരജോലിക്കാർക്ക് ശമ്പളം കിട്ടിയിട്ട് മാസങ്ങളായി. അങ്ങിനെ എല്ലാം പൊളിവിന്റെ വക്കുവരെ എത്തിച്ചപ്പോഴാണ് യഥാർത്ഥത്തിൽ ജീവനക്കാർ ഉണർന്നത്. പക്ഷെ ഇനിയെന്തു രക്ഷ ? പണിയെല്ലാം പണിയെടുക്കുന്നവൻ കൊണ്ടുപോകും. പണിയെടുക്കാതിരുന്ന് സുഖിക്കുമ്പോൾ ഓർക്കണമായിരുന്നു. എന്തിനും അവർ സംഘടിക്കും. സംഘടിച്ച് സംഘടിച്ച് എല്ലാ സംഘടനകളും അങ്ങനെ ശക്തരായി. അതോടെ എല്ലാ ഗവൺമെന്റ് സംരംഭങ്ങളും നഷ്ടത്തിലായി. പണിയെടുക്കാതെ ലക്ഷങ്ങൾ ശമ്പളമായി വാങ്ങിക്കൊടുക്കുന്ന സംഘടനകൾക്ക് സംഭാവന മുടങ്ങാതെ കിട്ടിയാൽ മതി. വീടിനടുത്തു തന്നെ റിട്ടയർമെന്റ് ആകും വരെ മാറ്റമില്ലാതെ ജോലി ചെയ്യാൻ അവർ സഹായിക്കും. ഏറി വന്നാൽ ഒന്നോ രണ്ടോ മാസമേ മാറി നില്ക്കേണ്ടി വരുകയുള്ളു. അതിനുള്ളിൽത്തന്നെ വീണ്ടും പഴയ സ്ഥലത്തുതന്നെ തിരിച്ചെത്താം. എന്താ സംഘടനാബലം. ഇത്തരം ബലമൊന്നും നല്ല കാര്യങ്ങൾക്കായി കാണിക്കാറില്ല ട്ടോ. രാഷ്ട്രം മറന്നുള്ള രാഷ്ട്രീയം പോലെ എല്ലാവരും കൂടി ഇരിക്കുന്ന കൊമ്പിനെ മുറിച്ചുകൊണ്ടേയിരിക്കുന്നു. ഇന്നത്തെ ഗവൺമെന്റ് ജീവനക്കാരുടേയും സാധാരണ കൂലിപ്പണിക്കാരുടേയും ഒരു ദിവസത്തെ വേതനം നോക്കുക. രണ്ടും ഒരുപോലെ കൂടി എന്ന് പ്രത്യക്ഷത്തിൽ തോന്നും. പക്ഷെ പണി ഉണ്ടെങ്കിലല്ലേ പണം കിട്ടുകയുള്ളു. പക്ഷേ ഗവൺമെന്റ് ജീവനക്കാർക്ക് അങ്ങിനെയുണ്ടോ ? ലീവ് ലെറ്റർ എഴുതിവെച്ച് ദിവസവും കറങ്ങാൻ പോകുന്ന ആളുകളെ ഞാൻ അറിയും. ആരെങ്കിലും ഇൻസ്പെക്ഷനു വന്നാൽ ലീവ് ലെറ്റർ കാണിക്കും ഇല്ലെങ്കിൽ പിറ്റേദിവസം വന്ന് പഴയ ലീവ് ലെറ്റർ കീറിക്കളഞ്ഞ് പുതിയൊരെണ്ണം ഏല്പ്പിച്ച് സ്ഥലം വിടും. എം. എൽ. എ.യുടേയും എം. പി. മാരുടേയും ശമ്പളവർദ്ധനവിന്റെ കാര്യം വന്നപ്പോൾ അവർക്കിടയിൽ ആ കാര്യത്തിൽ രാഷ്ട്രീയ ഭിന്നതയുണ്ടോ? ഇല്ലല്ലോ, അതുപോലെ. എല്ലാവരും ഭയങ്കര സഹകരണത്തിലാണ്. ഒരുപാടുപേർ ജോലിയില്ലാതെ കഴിയുമ്പോൾ കിട്ടിയ ജോലി നേരാംവണ്ണം ചെയ്യാതെ ഇവർ എവിടെ പോകുന്നു, എന്തുചെയ്യുന്നു എന്ന് ആര് അന്വേഷിക്കുന്നു ? ഓന്ത് ഓടിയാൽ എവിടം വരെ ? ദൈവം അത്യാവശ്യഘട്ടത്തിൽ ഇത്തരക്കാരെ കൈവിടും. സംശയമുള്ളവർ അനുഭവങ്ങൾ പരിശോധിക്കാം.

നമ്മുടെ പണം നിക്ഷേപിക്കുമ്പോഴും തിരിച്ചെടുക്കുമ്പോഴും കമ്മീഷൻ പറ്റുന്ന ബാങ്കിന്റെ സർവ്വീസ് ദിനംപ്രതി മോശമായിക്കൊണ്ടുവരുന്നു. ഒരു അത്യാവശ്യ കാര്യത്തിനായി എ. ടി. എമ്മിൽ പണമെടുക്കാൻ ചെന്നപ്പോൾ പണം വരുന്നില്ല. എന്തു ചെയ്യും ഒരു 1600 രൂപ വേണം. 1600 എന്നത് സാധ്യമല്ലല്ലോ. 100 രൂപ ഇന്ന് എ. ടി. എമ്മിൽ അപൂർവ്വം. 1500 എന്നത് ടൈപ്പ് ചെയ്തുകൊടുത്തു. അപ്പോൾ പറയുകയാണ് 2000 is available. ഒടുവിൽ മൂന്നാമത്തെ പരിശ്രമത്തിൽ 2000 എന്നു കൊടുത്തു. എ. ടി. എം. മെഷീൻ ഒന്നും പറഞ്ഞില്ല, ക്യാഷും വന്നില്ല, കടലാസ്സും വന്നില്ല. മെസ്സേജ് ഒന്നും ലഭിച്ചില്ല. അടുത്ത എ. ടി. എമ്മിൽ പോയി അവിടേയും രക്ഷയില്ല. അടുത്ത എ. ടി. എമ്മിൽ പോയി ഒരു മറുപടിയും കിട്ടിയില്ല. മനുഷ്യനാണെങ്കിൽ നാല് ചീത്ത വിളിക്കാമായിരുന്നു. മെഷീനായിപ്പോയില്ലേ ? നേരേ ബാങ്കിൽ ചെന്നു ചോദിച്ചു. താങ്കളുടെ കാർഡ് ബ്ലോക്ക് ചെയ്തിരിക്കുകയാണ്. ചിപ്പ് ഉള്ള കാർഡിന് അപേക്ഷിക്കൂ. ശരി പുതിയ കാർഡ് എപ്പോൾ കിട്ടും ? ഏറ്റവും ചുരുങ്ങിയത് രണ്ടാഴ്ച. സൗകര്യങ്ങൾ കൂടുമ്പോഴുണ്ടാകുന്ന പുതിയ തലവേദനകൾ. എ. ടി. എം കാർഡ് ഉള്ളവർ എത്രയും പെട്ടെന്ന് പാൻ കാർഡുമായി ബന്ധിപ്പിക്കണം. എപ്പോഴാണ് ഇതുപോലെ പണത്തിന് ആവശ്യമായി നിൽക്കുമ്പോൾ എ. ടി. എമ്മിലൂടെ പണമെടുക്കാനാവാതെ വരിക എന്ന് പറയാൻ പറ്റില്ല. പാനില്ലാത്തവർ പാൻ കാർഡ് എടുക്കണം. നമ്മുടെ നാട് മൊത്തമായി പരിഷ്ക്കരിക്കുകയാണ്. എന്തായാലും രണ്ടാഴ്ച കഴിഞ്ഞപ്പോൾ കാർഡ് കിട്ടി, പക്ഷെ പുതുക്കിക്കിട്ടിയ കാർഡ് ആക്ടിവേറ്റ് ആകുന്നില്ല. വീണ്ടും ബാങ്കിലേയ്ക്ക് പലതവണ നടക്കേണ്ടിവന്നു. ദേഷ്യം വന്ന് ഒന്ന് വെറുതേ പറഞ്ഞു എല്ലാം ഡിജിറ്റൽ ആയതിന്റെ ഓരോ ബുദ്ധിമുട്ടേ. ദേശസ്നേഹിയായ ബാങ്ക് ഉദ്യോഗസ്ഥൻ പറഞ്ഞു എല്ലാ ബാങ്കും ഞങ്ങളുടെ ബാങ്കിലേയ്ക്ക് ലയിക്കുകയാണ്. അതിന്റെ ഓരോ പ്രശ്നങ്ങളുണ്ട് പക്ഷെ എല്ലാം ശരിയാകും. എല്ലാറ്റിനേയും വിഴുങ്ങിക്കൊണ്ട് ഒരു പ്രൈവറ്റ് ബാങ്ക് പിറകെ വരുന്നുണ്ട് എന്ന് ഇയാൾ അറിഞ്ഞിട്ടി

ല്ലെന്നുതോന്നുന്നു. ആദ്യം ഇപ്പോഴുള്ള എല്ലാം ഒന്നാക്കും പിന്നെ എല്ലാം കൂടി ആ പ്രൈവറ്റ് ബാങ്ക് കൊണ്ടുപോകും. സ്വന്തം തടിക്ക് തട്ടുമ്പോൾ മാത്രമേ പ്രതികരിക്കുകയുള്ളു അതുവരേയും എല്ലാം സ്വാഭാവികം. ചിന്തയില്ലാതെയുള്ള പ്രവൃത്തിയും ജീവിതവുമാണല്ലോ നാമോരോരുത്തരും നയിക്കുന്നത്. എന്തായാലും ബാങ്കിലെ സർവ്വീസ് മോശമായാൽ ഇനി മറ്റു ബാങ്കുകൾ ഇല്ലാതാകുന്ന സ്ഥിതിക്ക് നമ്മൾ സഹിക്കേണ്ടിവരും. സാരമില്ല ശീലമായി തുടങ്ങിയല്ലോ പലതും. എന്തായാലും ഒരു ഭാഷ പോലെ ഒരു രാജ്യം ഒരു ബാങ്ക് ഒറ്റ നിയമം എന്താല്ലേ എല്ലാം ഏകം, പക്ഷെ ദൈവം മാത്രം പലത് വേണം. ഏകമാക്കാൻ നോക്കണ്ട. കാരണം മനുഷ്യനിർമ്മിത ദൈവത്തിന്റെ പേരിൽ തട്ടിപ്പ് നടത്തി ഒരുപാടുപേർ ഇവിടെ ജീവിക്കുന്നുണ്ട്, വിശ്വാസികൾ, അന്ധവിശ്വാസികൾ. അവരെ തൊട്ടുകളിച്ചാൽ ഇലക്ഷനിൽ തോൽക്കേണ്ടിവരും. ഈശ്വരവാദിയാണെങ്കിലും നിരീശ്വരവാദിയാണെങ്കിലും രാഷ്ട്രീയക്കാർ ചിലപ്പോൾ അറിയാതെ വിളിച്ചുപോകും 'ദൈവമേ' എന്ന്. വാതോരാതെ സംസാരിക്കും വിശ്വാസങ്ങളെക്കുറിച്ച്. മന്ത്രവും വേണം തന്ത്രവും വേണം. ഭരണത്തിലേറാൻ എല്ലാവരും പുതിയ മന്ത്രവും തന്ത്രവും മെനയുന്നു. അടുത്ത പഞ്ചായത്തുതിരഞ്ഞെടുപ്പിലേക്കുള്ള പ്രവർത്തനങ്ങൾ പലതും തുടങ്ങിക്കഴിഞ്ഞു.

റെയിൽവേ വൻ നഷ്ടത്തിലാണ്. കൊടുക്കാതെ തരമില്ല. അപ്പോ അതും എം. എൻ. സി. കമ്പനി കൊണ്ടുപോകും. അല്ലേ ? ഇതെന്തൊരു ചോദ്യം. നിങ്ങൾക്കോ എനിക്കോ വാങ്ങിക്കാൻ പറ്റുമോ ? പണമുള്ളവർക്കേ വാങ്ങാനാവൂ പിന്നെ എന്തുചെയ്യും ? എന്തായാലും വില്ക്കാതെ തരമില്ല. ഓരോന്നായി കൈമാറ്റം ചെയ്തുകൊണ്ടിരിക്കുന്നു, വിറ്റുകൊണ്ടിരിക്കുന്നു.

വീട്ടിലുള്ളവരെ ബോധവത്ക്കരിക്കാൻ ശ്രമിക്കാതെ, നിലയ്ക്ക് നിർത്താൻ മെനക്കെടാതെ വീട്ടിലെ കാരണവർ ടി. വി.യുടെ ചുമതല, വാഷിംഗ് മെഷീനിന്റെ, ഫ്രിഡ്ജിന്റെ, അടുപ്പിന്റെ, ബാത്ത്റൂമിന്റെ എല്ലാം ചുമതല പൂർണ്ണമായും ഒരു പ്രൈവറ്റ് ടീമിന് കൊടുത്താൽ എന്താവും സ്ഥിതി ? എന്ത് ഉപയോഗിക്കണമെങ്കിലും അവർക്ക് കാശുകൊടുക്കണം. എല്ലാവരും എല്ലാ സർവ്വീസുകളും കാശുകൊടുത്ത് ഉപയോഗിച്ചു. കാരണവരുടെ ഉത്തരവാദിത്വവും ടെൻഷനും കുറഞ്ഞു. സമയം ഒരുപാട് ലാഭിച്ചു. ഉല്ലസിച്ച് കറങ്ങി നടന്ന് ഒരുനാൾ വീട്ടിലെത്തി. സ്വസ്ഥമായി ചെയറിൽ ഇരിക്കാൻ ചെന്നപ്പോൾ അവിടെ പ്രൈവറ്റ് കമ്പനി ഓണർ ഇരിക്കുന്നു. ഇനിയെന്തു ചെയ്യും ? എങ്ങിനെ എഴുന്നേൽപ്പിക്കും ? ഏകദേശം ഇതുപോലെ ഒരു അവസ്ഥയിൽ നിന്ന് പല നാട്ടുരാജാക്കന്മാരേയും പറ്റിപ്പോയ തെറ്റുകളെ കുറിച്ച് പറഞ്ഞുമനസ്സിലാക്കി ഒന്നിച്ചുചേർത്ത് നേടിയെടുത്തതാണീ സ്വാതന്ത്ര്യം. ഒരു പകലിന് ഒരു രാത്രി എന്നതുപോലെ, ഒരു സന്തോഷത്തിന് ഒരു ദുഃഖം എന്നതുപോലെ എല്ലാം മാറി മറിഞ്ഞുവരും. കാരണം മറവിയും നന്ദികേടും പണിയെടുക്കാനുള്ള മടിയും ആവോളമുണ്ടല്ലോ നമ്മിൽ.

ഓരോ മതത്തിന്റേയും ജാതിയുടേയും കല്യാണ ചടങ്ങുകൾ വ്യത്യസ്തങ്ങളാണ്. അത് പകർത്താൻ അറിയുന്നവനെ വേണം ഫോട്ടോ എടുക്കാനായി ഏൽപ്പിക്കേണ്ടത്. ഞങ്ങൾ ഒരു കല്യാണ ഫോട്ടോ എടുക്കാനായി ഒരാളെ മദ്രാസിലേയ്ക്ക് കൊണ്ടുപോയി. അയാൾ ചടങ്ങുകൾ നന്നായി തന്നെ ക്യാമറയിൽ പകർത്തി. അതിനുശേഷം കല്യാണച്ചെക്കനേയും പെണ്ണിനേയും കൊണ്ട് കുറച്ചു നല്ല ഫോട്ടോയും വീഡിയോയും എടുക്കാനായി പച്ചപ്പുള്ള സ്ഥലങ്ങൾ അന്വേഷിച്ചു യാത്രയായി. ജലാശയങ്ങളടക്കം എല്ലായിടവും കുപ്പക്കൂനകൾ, മാലിന്യങ്ങൾ... ബാക്കി ഭാഗമെല്ലാം കോൺക്രീറ്റ് കെട്ടിടങ്ങൾ, റോഡുകൾ... ആകെ തിരിക്കുപിടിച്ച നഗരവീഥി... ഒടുവിൽ ഒരിടം കണ്ടെത്തി. ഒരു ചെറിയ കുന്ന്. അതിനുമുകളിൽ കയറി ഞങ്ങൾ ഫോട്ടോയെടുത്തു. ഉടനെ കുറേ സെക്യൂരിറ്റി ജീവനക്കാർ വന്ന് ഞങ്ങളെ ഓടിച്ചിട്ടുപിടിച്ചു. എന്നിട്ട് പറഞ്ഞു എടുത്ത ദൃശ്യങ്ങൾ കാണിച്ചുതരൂ. കാണിച്ചുകൊടുത്തപ്പോൾ അവർ അത് മായ്ക്കാനായി പറഞ്ഞു ഇല്ലെങ്കിൽ പതിനായിരം വേണം. ഒരു രക്ഷയുമില്ലാതെ ഞങ്ങൾ മായ്ച്ച് അവിടം വിട്ടു മടങ്ങുമ്പോൾ ചെറിയൊരു ദുഃഖവും ദേഷ്യവും തോന്നി. നമ്മുടെ നാട്ടിൽ വന്ന് എത്രയെത്ര പച്ചപ്പുകളാണ് ഇവർ വന്ന് പകർത്തിക്കൊണ്ടുപോകുന്നത്. നമ്മളാരെങ്കിലും കാശു വാങ്ങാറുണ്ടോ ? ഇല്ലെന്നുമാത്രമല്ല നല്ല ഭംഗിയുള്ള മറ്റുസ്ഥലങ്ങൾ കൂടി അവർക്ക് പറഞ്ഞുകൊടുക്കും. പക്ഷെ ഇതെന്തു സ്ഥലം ? നിരാശയിൽ മടങ്ങുന്നവഴി ക്യാമറാമാൻ പറഞ്ഞു നിർത്ത്, വണ്ടി നിർത്ത് ഇവിടെ നിന്ന് ഒരു ഫോട്ടോ എടുക്കാം. എന്റെ ഏട്ടന് ദേഷ്യം വന്നു. ഇവിടെയെല്ലാം മൊത്തം ചേരി പ്രദേശമാണ്. ആകെപ്പാടെ വൃത്തികെട്ട് കിടക്കുന്നിടം. ക്യാമറാമാൻ പറഞ്ഞു ഇവിടെ ലൈറ്റ് നന്നായിട്ടുണ്ട്. അയാളുടെ നിർബന്ധത്താൽ അവിടെ ഇറങ്ങി ഒരു ഫോട്ടോ എടുത്തു. അത് കല്യാണ ആൽബത്തിലെ മികച്ച ഫോട്ടോ ആയി. അതിൽനിന്ന് എനിക്ക് ലഭിച്ച വലിയൊരറിവുണ്ട്, ക്യാമറ ഫ്രെയിം എന്ന അറിവ്. അന്ന് ആ ക്യാമറാ ഫ്രെയിമിൽ പതിഞ്ഞത് കല്യാണച്ചെക്കനും പെണ്ണും പിന്നെ കുറച്ചു പൊന്തക്കാടും ആകാശവും. ആ വൃത്തികെട്ട സ്ഥലത്തുനിന്നാണ് ഈ ദൃശ്യം പകർത്തിയെന്നത് ആരും വിശ്വസിക്കില്ല. ഇതുപോലെ ക്യാമറയിൽ പകർത്തിയവയേയാണ് ഇന്ന് നമ്മൾ മൊബൈലിലൂടേയും ചാനലിലൂടേയും കാണുന്നത്. പക്ഷെ ശരിക്കും കണ്ണ് തന്നിരിക്കുന്നത് തന്നെ ഈ വിശാലമായ ലോകത്തെ നേരിട്ട് കണ്ട് പഠിക്കാനാണ് പക്ഷെ നാം ഇന്ന് ക്യാമറയിലൂടെ പകർത്തിയ ദൃശ്യങ്ങളെക്കണ്ട് ക്യാമറയിലൂടെ, ഫോണിലൂടെ മാത്രം പ്രതികരിക്കുന്ന കാലമാണ്. സോഷ്യൽ മീഡിയയിലൂടെ കാണുന്ന ദൃശ്യങ്ങളുടെ മറുപുറം നാം കാണുന്നില്ലല്ലോ. ചിന്തിക്കുക പോലും ചെയ്യാതെ പ്രതികരിക്കുകയല്ലേ നമ്മുടെ പലരുടേയും ഇന്നത്തെ രീതി.

പ്രമുഖ പത്ര ദൃശ്യ മാധ്യമങ്ങളെല്ലാം സ്റ്റേഡിയത്തിനുള്ളിലെ നേതാവിന്റെ ചടങ്ങിനെ ചിത്രീകരിക്കുമ്പോൾ ഒരുപക്ഷെ സ്റ്റേഡിയത്തിനുപുറത്ത് വലിയ പ്രതിഷേധങ്ങൾ നടക്കുന്നുണ്ടാകാം. ക്യാമറയും ചാനലും നേതാവിന്റേതാകയാൽ പുറത്തുള്ള ദൃശ്യങ്ങൾ ആരും ഫ്രെയിമിൽ പകർത്തിയില്ല, അതിന് ആർക്കും അനുവാദമില്ല എന്നുകരുതുക, എന്താവും സ്ഥിതി?

ഒരു ഭരണാധികാരി എല്ലാ ശബ്ദവും കേൾക്കാൻ തയ്യാറാകണം. അതിൽ ഏറ്റവും പ്രധാനം വളരെ പതിഞ്ഞ ശബ്ദത്തിൽ പറയുന്നവരുടെ ശബ്ദങ്ങൾ. ഒരുപക്ഷെ കുറേ ഏറേ നാൾ ഉറക്കെ പറഞ്ഞ ശബ്ദം കുറഞ്ഞുപോയതാകാം. അവർ പറയുന്നതിലാവും കാര്യം. അല്ലാതെ എല്ലാ ശബ്ദങ്ങൾക്കും മീതെ ഒച്ച വച്ചിട്ട് കാര്യമില്ല. ആളുകൾ മൈക്ക് എടുത്തിട്ടു പോകും. പിന്നെ നിന്റെ ശബ്ദവും ആരും കേൾക്കില്ല. നീയും സാധാരണക്കാരൻ മാത്രമാകും എന്ന് തിരിച്ചറിഞ്ഞ് അധികാരത്തെ നല്ലവിധത്തിൽ നന്മയ്ക്കായി വിനിയോഗിക്കുക.

ഉച്ചനീചത്വങ്ങൾ ഇന്നും നി

ലനിൽക്കുന്നു. ഗതികേടുകൊണ്ട് അതുമല്ലെങ്കിൽ പൂർവ്വീകരുടെ ചില ദുഷ്ടപ്രവൃത്തി മൂലം ചില ഉന്നതകുല ജാതർ ഇന്ന് കഷ്ടപ്പെടുന്നുണ്ട്. ഹോട്ടലുകളിലെ ടോയ്‌ലറ്റുകഴുകാൻ പോകുന്ന ഒരു ഉയർന്ന ജാതിയിൽപെട്ട ഒരാളെ ഞാൻ അറിയും. ജോലിയുടെ അടിസ്ഥാനത്തിൽ പണ്ട് ജാതി തിരിച്ചു. ഇന്ന് അതുപോലെ വീണ്ടും ജാതി തിരിച്ചാൽ എന്താവും സ്ഥിതി ? പല ഉന്നത ജാതിയിൽ ജനിച്ചവരും ഇന്ന് താണജാതിക്കാരായും നേരേ തിരിച്ചും സംഭവിക്കും. അതുകൊണ്ട് പണ്ട് സൃഷ്ടിക്കപ്പെട്ട ഈ ജാതിയിലൊന്നും അന്നും ഇന്നും ഒരു കാര്യവുമില്ല എന്ന് മനസ്സിലായല്ലോ. എന്തുപണി ചെയ്താലും അർപ്പണബോധത്തോടെ ചെയ്യുക. മനഃസാക്ഷിക്ക് നിരക്കാത്തതായി ഒന്നും ചെയ്യാതിരുന്നാൽ മതി. ജീവിതം നന്നാകും. ഉയർന്ന ജാതിയിലുള്ളവർ എത്ര വൃത്തികെട്ട സ്വഭാവമുള്ളവരാണെങ്കിലും അവരോട് ഇന്നും ഭവ്യതയുള്ളവരുണ്ട്. അതുപോലെ വീട്ടുജോലിക്ക്, പുറംപണിക്ക് താഴ്ന്ന ജാതിക്കാരാണെങ്കിൽ അവരോട് ഇന്നും ഒരു പുച്ഛവും അകൽച്ചയും പരസ്യമായിട്ടില്ലെങ്കിലും രഹസ്യമായിട്ടുണ്ട്. നീതിയില്ലാതെ, സ്വഭാവശുദ്ധിയില്ലാതെ കച്ചവടം ചെയ്യുന്ന ഉന്നതകുല ജാതനോട് ബഹുമാനം, ആദരവ്. കാരണം അവന്റെ ജാതി. പതുക്കെ പതുക്കെ ജാതീയത കുറച്ചുവരുകയായിരുന്നു. വീണ്ടും ജാതീയത തലപൊക്കി. എല്ലാ അന്ധവിശ്വാസങ്ങളും തിരികെ വന്നുകൊണ്ടിരിക്കുന്നു. ചാനലുകളിലെ പരസ്യങ്ങളിൽ മന്ത്രത്തകിടും ചരടും ധനാകർഷണയന്ത്രവുമെല്ലാം കടന്നുവരുന്നതായി നിങ്ങൾ ശ്രദ്ധിച്ചുകാണും. ജനം മുഴുവൻ സാമ്പത്തിക ഞെരുക്കത്തിലിരിക്കുമ്പോൾ അവർ അറിയാതെ ഈ അന്ധവിശ്വാസങ്ങളിൽ ചെന്നുപെടും. ഒന്നിൽ പെട്ടുപോയാൽ ബാക്കിയുള്ളതെല്ലാം താനെ വന്ന് അവരെ കീഴ്പ്പെടുത്തും. അങ്ങിനെ നമ്മൾ വീണ്ടും പഴയകാല തിന്മയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നു. ഗുരുത്വദോഷമുണ്ടാകും, ദൈവകോപമുണ്ടാകും എന്ന് പറയുന്നവരെ വകവെയ്ക്കാതെയാണ് നമ്മൾ പല അന്ധവിശ്വാസങ്ങളേയും കാലങ്ങളെടുത്ത് ഒരു പരിധിവരെ ഇല്ലാതാക്കിയിരിക്കുന്നത്. പക്ഷെ ഇത് തിരിച്ചുവരാൻ അധികം സമയം വേണ്ട കാരണം ഉറക്കെ പറയുന്നവരെ നാം ശ്രദ്ധിക്കും, അവരെ അനുസരിക്കും. ഇപ്പോൾ വലിയ കബ്ദങ്ങൾ അന്ധവിശ്വാസികളുടേതാണ്. മറുത്താൽ ഈ നാടിനു പറ്റാത്തവരാകും എന്നുള്ളതിനാൽ പലരും മൗനത്തിലാണ്. ആ മൗനം ആപത്താണ്. അത് മുതലെടുത്താണ് മറുഭാഗം മുന്നേറുന്നത്. അത് നാശത്തിലേയ്ക്കാണ്. അല്പനേരത്തേയ്ക്ക്, ദിവസത്തേയ്ക്ക് സുഖിച്ചുജീവിക്കുവാനായി മാത്രം വർഷങ്ങളെടുത്ത് വളർത്തിക്കൊണ്ടുവന്ന സംസ്കാരത്തേയും പുരോഗമനത്തേയും ഇല്ലാതാക്കാമോ? അതിന് കൂട്ടുനിൽക്കാമോ ? ചിന്തിക്കുക. പഴയത് എല്ലാം ശരി, പുതിയത് മുഴുവനും തെറ്റ് എന്നല്ല. എല്ലാറ്റിലേയും നന്മയെയാണ് നാം കാണേണ്ടതും അനുകരിക്കേണ്ടതും പക്ഷെ ഓരോരുത്തരും അവരുടെ കർമ്മഫലമായി അവരവരുടെ ശരികൾ ചെയ്യുന്നു. എക്കാലത്തും എല്ലാറ്റിനും തുടർച്ച ഉണ്ടാകുന്നത് അങ്ങിനെയാണ്.


ഈ അടുത്തിടെ ഞാൻ പഠിപ്പിച്ച ഒരു വിദ്യാർത്ഥി എന്നെ കാണാൻ വന്നു. അവന് പി. എച്ച്. ഡി. കിട്ടിയതിന്റെ സന്തോഷമറിയിക്കാൻ വന്നതാണ്. അവനും ഞാനും ഹോട്ടലിൽ പോയി ഭക്ഷണം കഴിച്ചു. അവന് വീട്ടിൽ വന്ന് എന്റെ അച്ഛനേയും അമ്മയേയും കാണണമെന്ന് പറഞ്ഞു. ശരി എന്ന് ഞാനും. അവൻ പ്രമുഖ ബേക്കറിയിൽ കയറി. ഞാൻ പുറത്തുനിന്നു. ഞങ്ങൾ ഇരുവരും വീട്ടിലെത്തി. അവൻ കടലാസ്സ് പൊതി തുറന്ന് ഒരു ലഡ്ഡു എടുത്ത് എന്റെ അച്ഛന് കൊടുത്തു. പിന്നെ അമ്മയ്ക്കും തുടർന്ന് എനിക്കും തന്നു ലഡ്ഡു. ഞാൻ ആ ലഡ്ഡു അവനു നല്കി. അവൻ തിരിച്ച് ആ പാക്കറ്റ് എനിക്ക് നല്കി. ഞാൻ ഒരെണ്ണം എടുത്ത് കഴിച്ചു. വായിൽ വെച്ച മാത്രയിൽ എനിക്ക് മനസ്സിലായി പഴകിയ ലഡ്ഡുവാണെന്ന്. ആരും അത് പ്രകടിപ്പിച്ചില്ല. അവനതൊട്ട് അറിയുന്നുമില്ല. കാരണം അവർക്കെന്നും പഴകിയ ഭക്ഷണമാണല്ലോ വിധിച്ചിട്ടുള്ളത്. എന്റെ മനസ്സ് വേദനിച്ചു. എന്റെ മനസ്സിൽ അവൻ അല്പം നേരം മുൻപ് പറഞ്ഞ ഒരു കാര്യം കൂടി ഓർമ്മയിൽ വന്നു. ഇങ്ങോട്ടേയ്ക്ക് വന്നുകയറിയ ഒരു പ്രണയമുണ്ടായിരുന്നു എന്നും അവനൊരു ദളിതനാണ് എന്ന് അറിഞ്ഞപ്പോൾ അത് നിലച്ചു എന്നും. അതുപോലെ പി. എച്ച്. ഡി. കിട്ടിയിട്ടും അവന് അവന്റെ നാട്ടിൽ അംഗീകാരമില്ല, ദളിതനാണല്ലോ. ഇത്തരക്കാരുടെ കഴിവുകൾ ആരും അംഗീകരിക്കില്ല. പഠിപ്പിച്ച ഗവൺമെന്റ് തന്നെ കനിയണം ജോലി കിട്ടാൻ. അല്ലാതെ ചോദിക്കുന്ന പണം കൊടുക്കാൻ എവിടെയാ പണം. ആത്മാർത്ഥമായി പഠിക്കുകയും പ്ലസ് ടു മുതൽ അദ്ധ്യാപനത്തെ ഇഷ്ടപ്പെട്ട് ഒരുപാട് പേരെ പഠിപ്പിക്കുകയും അതിലൂടെ നേടിയ അറിവാണ് പി. എച്ച്.ഡിയിൽ എത്തിച്ചതെന്ന് എനിക്കറിയാം. ഇന്നും അവൻ ദിവസവേതനത്തിൽ ജോലി നോക്കുന്ന അദ്ധ്യാപകനാണ്. വിദ്യാർത്ഥിക്ക് പ്രിയപ്പെട്ടവനാകുമ്പോഴും തലപ്പത്തിരിക്കുന്ന ഉന്നത ജാതിയിൽ പിറന്നവർക്ക് ഇഷ്ടമില്ലാത്ത വിഭാഗം.

ഒരുകാലത്ത് മേലാളർ കീഴാളരെ ചൂഷണം ചെയ്തു. ഇന്ന് സംവരണത്തിലൂടേയും അല്ലാതേയും ഉന്നതങ്ങളിലെത്തിയ കീഴാളൻമാർക്ക് ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ വീണ മേലാള വിഭാഗത്തിലുള്ളവർ പരാതിയും നിവേദനവുമായി സമീപിക്കുമ്പോൾ പുച്ഛം. പോയിട്ട് നാളെ വാ. പൂർവ്വീകർ ചെയ്തതിന്റെ ഫലമാകാം. അതുപോലെ പണ്ട് ഗവൺമെന്റ് ജോലിയോട് ആർക്കും താത്പര്യമില്ല. ഇന്ന് അതിനായി പരക്കം പായുന്നു. എല്ലാം മാറിയും മറിഞ്ഞും വരും എങ്കിലും നമ്മൾ എന്നും നമ്മളായിട്ടുജീവിക്കണം. സ്വബുദ്ധിയുപയോഗിച്ച് നല്ല രീതിയിൽ നീതിയോടെ ജീവിക്കണം. ജാതിയ്ക്കും മതത്തിനും രാഷ്ട്രീയത്തിനുമപ്പുറം ഏവർക്കുമായി നന്മ ചെയ്യുന്ന മനുഷ്യനായി ജീവിക്കണം.

ദൈവവിശ്വാസം പോലുമില്ലാതെ ജീവിക്കുന്ന രാജ്യങ്ങളിലെ ജനങ്ങൾ സന്തുഷ്ടരാണ് എന്ന് സർവ്വേ കണക്കുകൾ പറയുന്നു. ദൈവവിശ്വാസമുള്ള നാടുകളിൽ മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് അഴിമതിയും അക്രമവും പീഡനവും നടക്കുന്നു. ദൈവത്തിന്റെ പേരിലും അല്ലാതേയും പിന്നെ സ്വത്ത് സ്വന്തമാക്കാനും മറ്റുമായി അറുംകൊലകൾ നടക്കുന്നു. പണത്തിനുമീതെ പരുന്തും പറക്കില്ല എന്നുകേട്ടില്ലേ ? രണ്ടുകൊല്ലത്തെ ഇടവേളകളിൽ ഒരാളെ എന്ന കണക്കെ പന്ത്രണ്ടു കൊല്ലം കൊണ്ട് ഒരേ കുടുംബത്തിലെ ആറുപേരേ കൊന്ന് ഒന്നും സംഭവിക്കാത്തതുപോലെ ജീവിക്കുന്ന ഒരു വനിത നമ്മുടെ മനഃസാക്ഷിയെ ഈയിടെ ഞെട്ടിച്ചു. പക്ഷെ ഇതുപോലെ ഇരുട്ടുമൂടിക്കിടക്കുന്ന എത്രയെത്ര കാര്യങ്ങളുണ്ടാവും ഈ ഭൂമുഖത്ത്... വെളിച്ചത്തിൽ കണ്ട കാഴ്ചയിലുമപ്പുറം ഇനിയും എന്തെല്ലാം കാണാനും കേൾക്കാനും അനുഭവിക്കാനും അതിലൂടെ പഠിക്കാനും കിടക്കുന്നു. എന്തുതന്നെ കണ്ടാലും കേട്ടാലും അനുഭവിച്ചാലും ചിന്തിച്ചുകൊണ്ടേ ജീവിക്കുക. എല്ലാറ്റിനും നമ്മിൽ ബന്ധമുണ്ട് അത് ഒരനുഭവമായി നമ്മളിലെത്താൻ കാരണങ്ങളുമുണ്ട്...

# Non Performing Asset (NPA)

(ഭാഗം 2)



എം. എം. മേനോൻ
0491 – 2572939

**ക**ഴിഞ്ഞ ലക്കത്തിൽ പ്രകാശിതമായ NPA ഭാഗം 1ൽ, മൗലിക മാനവ മൂല്യങ്ങളുടെ തിരസ്കാരത്തിനാൽ, ചുമതലാബോധം ഇല്ലാതെ, തുടർന്നുള്ള ധനസമ്പാദ്യം ഏകലക്ഷ്യമാക്കിയുള്ള ഇന്ന് കാലത്തെ വിത്ത ശാസ്ത്രവിധിയാൽ ഉണ്ടാക്കിയ/ഉണ്ടാകാവുന്ന വിനാശത്തെക്കുറിച്ച് ചുരുക്കത്തിൽ കൊടുക്കാൻ ശ്രമിച്ചിട്ടുണ്ട്. 'വിത്ത ശാസ്ത്രം' ദിനം തോറും കൂടുതൽ സങ്കീർണ്ണവും അതിനെക്കുറിച്ചുള്ള വിമർശനങ്ങൾ, വിസ്താരത്തിൽ പക്ഷെ അത്രയും തന്നെ നിഗൂഢവും, ആയി വന്നു ചിന്താകുഴപ്പത്തെ അധികരിച്ചുവരുന്നു ! ആത്മീയ ചിന്തനത്തെ തീരെ നീക്കിവെച്ചു, നിയന്ത്രണമില്ലാത്ത ഭൗതികപ്രഗതി ശാശ്വത സുഖശാന്തി നൽകുമെന്ന മിഥ്യാവിചാരം, പരിഹാരാതീതമായ വിനാശത്തെയുണ്ടാക്കുമെന്നത്, കഴിഞ്ഞ 300 വർഷത്തെ അനുഭവത്തിൽ നിന്ന് പഠിക്കാൻ വിട്ടുപോകുന്ന നാം, മഹാപ്രളയതുല്യമായ അന്ത്യത്തെ അഭിമുഖീകരിച്ച ശേഷം, ഉണർന്നിട്ടെന്ത് ഗുണം ?

ഈ ഭാഗത്തിൽ NPA എന്ന പുച്ഛമുദ്ര ചുമത്തി തള്ളപ്പെടാവുന്ന മനുഷ്യസമ്പത്തിന്റെ ചർച്ചയ്ക്കുമുമ്പ്, ഗാന്ധിജി തന്റെ 'ഹരിജൻ'ൽ 20-12-1928ൽ കൊടുത്തതിനെ (ഏകതത്ത്വ പുസ്തകം 4 ലക്കം 9 ആഗസ്റ്റ് 2014ലും പുസ്തകം 5 ലക്കം 6/7 ജൂൺ 2015ലും ആവർത്തിച്ചത്) ഒരിക്കൽ കൂടി എടുത്തുകാട്ടട്ടെ. 'പാശ്ചാത്യരൂപ വ്യവസായീകരണത്തിൽ നിന്നു ഇന്ത്യയെ രക്ഷിച്ചീടണമേ ! ഒരു ചെറു ദ്വീപ് രാഷ്ട്രം (ബ്രിട്ടൻ) തന്റെ ആർത്ഥിക സാമ്രാജ്യത്തിൽ ലോകമാസകലത്തെ ചങ്ങലയിട്ടു ബന്ധിപ്പിച്ചിരിക്കുന്നു. 30 കോടി ജനങ്ങളുള്ള (അന്നത്തെ അവിഭജിത) ഇന്ത്യ, ഇതേവഴി സ്വീകരിക്കുകയാണെങ്കിൽ, കാർമേഘങ്ങളെന്നവണ്ണം വന്ന വെട്ടുകിളികൾ (Locusts), വിളഞ്ഞുനിൽക്കുന്ന വയലുകളെ പൂർണ്ണമായി നശിപ്പിക്കുന്നത് പോലെ, ഈ ഭൂമിയെ മുടിച്ചൊടുക്കുകയില്ലേ? ജീവികൾ സ്നേഹിക്കപ്പെടേണ്ടവയാണ്, സുവിധാസാമഗ്രികൾ ഉപയോഗിക്കപ്പെടേണ്ടവയാണ്. എന്നാൽ ഇന്ന് നടക്കുന്നത് നേരേ വിപരീതമല്ലെ ? പാശ്ചാത്യ രാജ്യങ്ങളേക്കാൾ എത്രയോ അധികം ജനസംഖ്യയുള്ള ഇന്ത്യയും (130 കോടി) ചൈനയും (അത്ര തന്നെ) ഇതേവഴി തുടരുകയാണെങ്കിൽ, പരിഹാരമില്ലാത്ത സർവ്വനാശം നിശ്ചയം അല്ലേ ?

***മനുഷ്യസമ്പത്ത് :*** അലമാരികളിലും ബാങ്കിലും നിക്ഷേപിച്ചുവെച്ച പണം മാത്രമല്ല വാസ്തവസ്വത്തും ചിന്താശക്തിയും അദ്ധ്വാനശീലവും പലതര പാടവം/കഴിവ് എന്നിവയെ വളർത്തിയെടുത്ത് സമുദായത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കാൻ ശ്രമിക്കുന്നവരും നമ്മുടെ അമൂല്യസ്വത്തല്ലെ ? പ്രകൃതിമനോഹരവും മാലിന്യമുക്ത പരിസരവും കേവലം ധനലാഭത്തിനായി നശിപ്പിക്കാതെ കാത്തുരക്ഷിക്കേണ്ടവയല്ലെ ? വിദേശങ്ങളിൽ നിന്ന് പര്യടകരെ ആകർഷിച്ചു ധനമുണ്ടാക്കാനായി നമ്മുടെ 'മൂലധനമായ' ഇവയെ നശിപ്പിക്കാമോ ?

ആത്മാർത്ഥതയോടെ ചുറുചുറുപ്പോടെ കുടുംബനന്മയ്ക്കായി ഉഴച്ചശേഷം, ജീവകാലത്തിന്റെ ഉത്തരാർദ്ധത്തിൽ കുറഞ്ഞുവരുന്ന ശക്തിയും കഴിവുമനുസരിച്ച്, സ്വന്തം ആവശ്യങ്ങളേയും അതുപോലെ കുറച്ചു, തൃപ്തിപ്പെടാൻ ഉള്ള മനസ്ഥിതിയെ രൂപീകരിക്കുകയാണെങ്കിൽ അന്യർമേൽ ചുമത്തുന്ന ഭാരത്തെ കുറക്കാം. ഇത്തരം മനുഷ്യരുടെ സ്വീകാര്യത ഗണ്യമായി കുറയാതെ, ഇവർ നല്കുന്ന സൂചനകളും അനുഭവത്തിൽ നിന്നുപഠിച്ച പാഠങ്ങളും മറ്റും കേട്ടു, ഗുണമടയുവാൻ ഒരുക്കവും ഉണ്ടാവും. എന്നാൽ 'സർവ്വജ്ഞപീഠ'ത്തിൽ നിന്നെന്നപോലെ നീക്കുപോക്കില്ലാതെ അഭിപ്രായങ്ങളെ അന്യരിൽ അടിച്ചേല്പ്പിക്കാൻ ശ്രമം, മിക്കവാറും വിപരീതഫലമുണ്ടാക്കാൻ സാധ്യതയുള്ളതിനാൽ ഇതുതീരെ വർജ്ജ്യമാണ് ! ഇവിടെ ബുദ്ധൻ നൽകിയ മാർഗ്ഗനിർദ്ദേശം ഏറ്റവും ഉചിതമാണ്. പ്രാവർത്തികമാക്കാൻ എളുപ്പമല്ലെങ്കിലും ക്ഷമയോടെ ശ്രമിക്കാതെ ഒരു വഴിയുമില്ല. നമ്മൾ പറയുവാൻ ഉദ്ദേശിക്കുന്നതിനെ സ്നേഹത്തോടെ, താഴ്മയോടെ, ശ്രോതാവിന് സ്വീകാര്യമാവുംവിധം, ഉചിതസമയാനുസരം (തിരസ്കരിച്ചാൽ കോപിക്കാതെ മൗഢ്യമില്ലാതെ, അനാവശ്യതർക്കം കൂടാതെ!) അറിയിക്കുന്നത് ഉത്തമമാണ്. ദൗർഭാഗ്യവശാൽ ഇവിടെ കുറുക്കുവഴികൾ തീരെയില്ല ! 'ക്ഷമ ബലമശക്തനാം, ശക്താനാം ഭൂഷണം ക്ഷമ' എന്ന ആപ്തവാക്യം ഏറ്റവും ഫലപ്രദമാണ്. തിരക്കുപിടിച്ചു പായുന്ന ഇന്ന്, യുവ/മദ്ധ്യവയസ്ക അച്ഛനമ്മമാരുടെ സഹായത്തിനായി ശിശുക്കളുടേയും കുട്ടികളുടേയും മാർഗ്ഗദർശനത്തിന്റെ ചുമതല ഏറ്റെടുത്ത് കുടുംബത്തിനു സഹായം നൽകുന്ന പക്ഷം, ഈ അനുഭവസ്ഥർ യുവാക്കളാൽ NPA ആയി തള്ളപ്പോടെ വൃദ്ധസദനങ്ങളിലേക്ക് തിരിച്ചുവിടാതെ, ജീവിതാവസാനം വരെ ബഹുമാനിക്കപ്പെട്ട/സ്നേഹിക്കപ്പെട്ട ഒരു ചെറു സ്വർഗ്ഗാനുഭവം നേടാം !

മേൽ കൊടുത്തതിൽ നിന്നും പുറമെ, പ്രധാനമായ ഒരു ചുമതല ഇവർക്കുണ്ട്. മുമ്പ്, പലതര തിരക്കുകളിലും പങ്കെടുക്കേണ്ടിവന്നു, ചിന്തകന്മാരാലും മഹാന്മാരാലും രചിക്കപ്പെട്ട കൃതികളെ ധ്യാനപൂർവ്വം

വായിച്ചു മനസ്സിലാക്കാൻ അവസരമോ താൽപര്യമോ ഉണ്ടാവാത്ത കുറവിനെ, പൂർണ്ണരൂപത്തിൽ പരിഹരിച്ചു, ഇന്നു ഗുണമടയുവാൻ സമയമുള്ളതിനാൽ, ഇതിനെ ഫലപ്രദമാം വിധത്തിൽ ലോക നന്മയ്ക്കായി - അതുവഴി നമ്മുടേയും ഗുണത്തിനായി ഉപയോഗിക്കുന്ന പക്ഷം, അമൂല്യ സ്വത്തായി (Valuable Asset) പരിണമിക്കാം ! 250ൽ പരം വർഷങ്ങൾക്കു മുമ്പ്, പാശ്ചാത്യരാജ്യങ്ങളിൽ ആധുനിക ഭൗതികതയുടെ പ്രഭാവത്താൽ മൗലിക മാനവ മൂല്യങ്ങളുടേയും ആത്മീയ ചിന്തനത്തിന്റേയും തിരസ്കാരം ആരംഭിച്ചപ്പോൾ, അവിടത്തെ തത്ത്വശാസ്ത്രചിന്തകരും, കവികളും, ലേഖകരും അതിന്നെതിരായി ജനങ്ങളെ ഉണർത്താൻ ശ്രമിച്ചിരുന്നു. ഇംഗ്ലീഷ് ഭാഷയ്ക്ക് വ്യാപകരൂപത്തിൽ ലഭിച്ച സ്വീകാരം അവർക്ക് പ്രധാനമായ ഒരു സഹായമായിരുന്നു. ഇന്ത്യക്ക് ഇത്തരം ഒരു ഭാഷയില്ലാത്തത് നമ്മുടെ ദൗർഭാഗ്യം എന്നേ പറയാവൂ. എന്നാലും തന്നെ അതിമുഖ്യമായ ഈ കർത്തവ്യം - ഊർജ്ജസ്വലതയുള്ള മദ്ധ്യവർഗ്ഗത്തെ തട്ടിയുണർത്തുകയല്ലാതെ വേറെ രക്ഷാമാർഗ്ഗം ഇല്ല എന്നതിന് സംശയമില്ല. ശ്രദ്ധയെ വ്യതിചലിപ്പിക്കുന്ന അത്യാകർഷക ആധുനിക സുവിധാസാമഗ്രികളിൽ നിന്ന് പിൻവലിച്ച്, മഹാന്മാർ എടുത്തുകാട്ടിയ സത്യങ്ങളെ മദ്ധ്യവർഗ്ഗത്തിലെ യുവാക്കൾക്ക് സ്വീകാര്യമാകും വിധത്തിൽ എത്തിക്കേണ്ട ചുമതല അനിവാര്യമാണ്. അല്ലാത്ത പക്ഷം യുവാക്കളാൽ NPA ആയിയോ, അതിലും പരിതാപകരമായ liability (ഭാരം, കടം) ആയി തള്ളപ്പെടാൻ സാധ്യതയുണ്ട് !

ചിന്തകൻ Arnold Toynbee തന്റെ കൃതി Mankind and Mother Earth (മനുഷ്യവർഗ്ഗവും ഭൂമിമാതാവും)ൽ കൊടുത്തത് ശ്രദ്ധിക്കുക. 'സ്വന്തം കഴിവിനെക്കുറിച്ച് ഉണർന്ന മനുഷ്യന്റെ ലക്ഷ്യം പരിസ്ഥിതി/പര്യാവരണത്തിന്മേൽ പ്രഭുത്വം സ്ഥാപിക്കാനാണ്. ദൗർഭാഗ്യവശാൽ, സ്വന്തം വിനാശം വരുത്താൻ സാധ്യതയുള്ള ഈ ശ്രമത്തിൽ ഏറെക്കുറെ സാഫല്യം അടഞ്ഞുവരുന്നു...! മനുഷ്യന്റെ കർത്തവ്യം ആകേണ്ടത് ഇത്തരം പ്രഭുത്വത്തിന്റെ സ്ഥാനത്ത്, സ്വന്തം ആത്മീയ മേഖലയിൽ പൂർണ്ണ നിയന്ത്രണമാണ്.' (സാരാംശം എന്റെ 'ദുർബ്ബല' വാക്കുകളിൽ)

അന്യചിന്തകൻ/തത്ത്വശാസ്ത്രജ്ഞൻ E. F. Schumacher (ഷൂമാക്കർ) തന്റെ അത്യുത്തമ പുസ്തകം 'Small is Beautiful' (മനുഷ്യനെ പാടെ നീക്കി മാറ്റാത്ത 'വിത്തശാസ്ത്രം' എന്നുകൂടെ കൊടുത്തിരിക്കുന്നു!) കൊടുത്തതാണ്. 'ഏകാഗ്രതയോടെ വിത്തശേഖരണ മനസ്ഥിതി - ചുരുക്കത്തിൽ ആധുനിക ഭൗതികത - ഈ ലോകത്തിന് അനുസൂചിതമാണ്. എന്തെന്നാൽ തികച്ചും സീമിതമായ ഭൂസ്വത്തുകളുള്ള ഇവിടെ, 'തീരാ ആർത്തിക്ക്' ശമനം അസാധ്യമല്ലെ ?' (വീണ്ടും എന്റെ അതിദുർബ്ബലവാക്കുകളിൽ !)

ഇവിടെ അത്യാധുനികമായ ഒരു പ്രസ്താവന ചേർക്കുന്നു. ഭാരതീയ വിദ്യാഭവന്റെ ഭവൻസ് ജേർണൽ Vol 66 No 1 Aug 2019, Page 99, Dr. Naresh Jotwani വ്യക്തമാക്കുന്നു. 'ഇതുവരെ മനുഷ്യരാശിയെ Homosapiens വിവേകപൂർണ്ണമായ ജീവി - എന്നു കരുതുന്ന നമുക്ക്, ഈ പേരിനെ Homo Implacatus (Impossible to Placate or Please തൃപ്തിപ്പെടുത്താൻ അസാധ്യമായ ജീവി ! - ആയി മാറ്റണം !!) (ദീർഘദർശിതയുള്ള ഈ പ്രസ്താവന, എന്റെ അപര്യാപ്ത വാക്കുകളിൽ)

ശ്രദ്ധിക്കുക ! ചിന്തിക്കുക !! മൗലിക മാനവ മൂല്യങ്ങളെ 'കഴുത്തു ഞെക്കി' പടിപ്പടിയായി കൊല്ലുന്ന ഈയുഗത്തിൽ പ്രഭാവി മധ്യവർഗ്ഗത്തെ മാർഗ്ഗദർശനം ചെയ്തു നയിക്കാൻ ശ്രമിക്കാത്ത നമ്മുടെ 'ചിന്തകരും ബുദ്ധിജീവികളും' അല്ലെ Non Performing Asset (NPA) ആയി കരുതേണ്ടത് ?

ഏക തത്ത്വ ചീഫ് എഡിറ്റർ മുരളിയുടെ ഉത്തമ പുസ്തകം 'ഉറങ്ങുന്ന ലോകത്ത് ഉറങ്ങാനാവാതെ...' എന്നതിന് ഒരു ചെറു മാറ്റം ഗുണകരമായിരിക്കും. 'ചിന്തകർ ഉറങ്ങുന്ന ലോകത്ത് ഉറങ്ങാനാവാതെ...' അറിവും കഴിവും മാന്യതയും ഉള്ള ചിന്തകരാണ് ഇന്ന് കുംഭകർണ്ണസേവയിൽ. മധ്യവർഗ്ഗം കൂറപ്രാന്ത് പോലെ പരക്കം പാഞ്ഞുകൊണ്ടിരിക്കുകയല്ലെ ? (ഏക തത്ത്വ നവംബർ 2011 നോക്കുക!)

പ്രഗതി എന്നത് ഒഴിച്ചുകൂടാത്ത ഒന്നാണ്. ഒരുകാലത്ത് രണ്ടു പ്രധാന വഴികളിലൂടെ ആയിരുന്നു മുന്നേറ്റത്തിനുശ്രമം. 1) ഭൗതികം - ദേഹപരമായ ധനം, പെരുമ/പ്രശസ്തി, അധികാരം, സുവിധാസമാഗ്രികൾ, സുഖഭോഗം എന്നിവ. 2) ആത്മീയ/മാനസിക/ആന്തരികം - രണ്ടിനും സമമായ പ്രാധാന്യമാണ്. എന്നാൽ സുമാർ 300 വർഷങ്ങൾ മുമ്പ് ആരംഭിച്ച ആധുനിക ഭൗതികതയുടെ മനമോഹക ആകർഷണത്താൽ വ്യതിചലിക്കപ്പെട്ടു നാം മൗലിക മാനവമൂല്യങ്ങളുടെ ആധാരത്തിലുള്ള ആത്മീയ പ്രഗതിക്കുള്ള ശ്രമത്തെ പാടെ നീക്കിവെച്ചു, ഭൗതിക മുന്നേറ്റത്തിനായി പൂർണ്ണ ശ്രദ്ധ ചെലുത്തുന്നതിനാൽ ഉണ്ടാവുന്നത് 'അധോഗതി' ആണെന്ന് അറിയുന്നില്ല. വിനാശം പരിഹാരാതീതമാകും മുമ്പ്, ഒന്ന് 'നിന്ന് ചിന്തിക്കാൻ ശ്രമിക്കാതെ, ഇന്നത്തെ പരക്കം പാച്ചിലിനെ കുറിച്ച് 'കണ്ണ് തുറപ്പിക്കാൻ' ശ്രമം അനിവാര്യമാണ്'. 'വരട്ടെ. പിന്നെ നോക്കാം', അല്ലെങ്കിൽ 'ദീർഘകാല ചിന്ത എന്തിന് ? അപ്പോഴേക്കും നാം മരിച്ചുപോയിട്ടുണ്ടാവുകയില്ലേ ?' എന്നുള്ള നകാരാത്മകമായ മനസ്ഥിതി തീരെ വർജ്ജ്യം അല്ലെ ? ശക്തിയും ആരോഗ്യവും ഉള്ള ചെറുപ്പത്തിൽ ചെയ്യാൻ വിട്ടുപോയത്/കഴിയാത്തത് വയസ്സുകാലത്ത് എങ്ങിനെ സാധ്യമാകും ? ഇന്നത്തെ വയസ്ക്കർ മുമ്പത്തെ യുവാക്കളായിരുന്നതിനാൽ നേടിയ അനുഭവം/അറിവ് ഉപയോഗിക്കുന്നത് ധർമ്മമല്ലെ ? അല്ലാത്ത പക്ഷം NPA ആയി തള്ളിക്കളയപ്പെടുന്നതിൽ എന്ത് അതിശയം, എന്ത് തെറ്റ് ?


ഈ സന്ദർഭത്തിൽ പ്രചോദനമായി നമ്മുടെ തിരൂർകാരൻ ബിയോത്തുൾ മൊയ്തീൻ കുട്ടി (B.M. Kutty)യെ എടുക്കാം. 19 വയസ്സിൽ കറാച്ചിക്ക് പോയി അവിടത്തെ തൊഴിലാളി സംഘടനകളിൽ സജീവമായി

പങ്കെടുത്ത് ഇന്ത്യാ-പാക്കിസ്ഥാൻ ശാന്തി-ജനാധിപത്യ സമിതിയിലെ പ്രമുഖ അംഗമായി ഈ ആഗസ്റ്റ് മാസം 89 വയസ്സിൽ അന്തരിച്ചു.

ചുമതലകളെക്കുറിച്ച് ഉണർന്ന്, സ്നേഹത്തോടെ, സ്വാർത്ഥരഹിതമായി ഗീത Ch II 47ൽ കൊടുത്തതുപോലെ ഫലപ്രതീക്ഷയില്ലാതെ കടമ നിർവ്വഹിക്കാൻ ശ്രമിക്കുന്ന പക്ഷം NPAക്കു പകരം അമൂല്യസ്വത്തായി പരിണമിക്കാം. •



# ഐത്ത കൊക്ക



**മുക്കം ഭാസി**
**9846138693**

**മ**ണാശ്ശേരി ഹിന്ദുബോയ്സ് എലിമെന്ററി സ്കൂളിൽ നിന്ന് അഞ്ചാം തരം പാസ്സായി. എങ്ങനെയാണ് പാസ്സായതെന്ന് ഇപ്പോഴും എനിയ്ക്കറിയില്ല. പഠിച്ചിട്ടാണോ അതോ മാഷന്മാർ തട്ടിവിട്ടതാണോ ? അന്നും മലയാളം പദ്യം ഒരുവിധം ഉറച്ചും ഉച്ചത്തിലും ഈണത്തിലും ചൊല്ലുന്നതായി ഞാനോർമ്മിയ്ക്കുന്നു.

രണ്ട് ജ്യേഷ്ഠൻമാർ അവർ അഞ്ചാം തരം പാസ്സായി അച്ഛനെ സഹായിക്കാൻ പാടത്ത് ഇറങ്ങിക്കഴിഞ്ഞു ! ഒരിത്തിരിയുള്ള എനിയ്ക്ക് അതിനും കെല്പ്പില്ല - ഒരു ശുണ്ണി ! അപ്പോഴാണ് വലിയമ്മയുടെ മകൻ കുഞ്ഞനെ അഞ്ചാറു മൈൽ അകലെയുള്ള എട്ടാം തരം വരെയുള്ള ഹയർ എലിമെന്ററി സ്കൂളിൽ (യു. പി. സ്കൂൾ) ചേർക്കാൻ വലിയമ്മ നിശ്ചയിക്കുന്നത്. അതുകേട്ടപ്പോൾ എനിയ്ക്ക് പൂതി. കുഞ്ഞൻ കളിക്കൂട്ടുകാരൻ കൂടിയാണല്ലോ. ഞാനും വാശിപിടിച്ചു. എനിയ്ക്കും സ്കൂളിൽ പോണം. അച്ഛനുണ്ടോ വിടുന്നു. ഇവിടെ പാടത്ത് പണിയ്ക്ക് റിസർവ്വേഷൻ ലിസ്റ്റിലാണല്ലോ ഞാൻ ! പിന്നെ വല്ലാതെ പഠിച്ചവരൊന്നും തറവാട്ടിൽ പിറന്നിട്ടുമില്ല. പിന്നെയല്ലെ ഇത്തിരിപോന്ന ഞാൻ !

പറഞ്ഞിട്ടുകാര്യമില്ല. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന്ന് മുമ്പുള്ള കഥയാണ് ഞാൻ പറയുന്നത്. പുതുതലമുറയ്ക്ക് ഇതൊന്നും സ്വപ്നം കാണാൻ കൂടി പറ്റില്ല. അച്ഛനമ്മമാർക്ക് മക്കളോട് സ്നേഹമില്ലാഞ്ഞിട്ടല്ല. അന്നത്തെ ചുറ്റുപാടുകൾ അതായിരുന്നു. നാട്ടിൽ പഠിച്ചവർ വളരെ ചുരുക്കം - മാതൃകകളെ ചൂണ്ടി കാണിയ്ക്കാനില്ല.

ഞാൻ വിടുമോ ? ഒരു ദിവസം പൂർണ്ണനിരാഹാരവ്രതമെടുത്തു കളഞ്ഞു ഞാൻ ! സ്കൂളിൽ പറഞ്ഞയച്ചില്ലെങ്കിൽ മരണം വരെ നിരാഹാരമായിരിയ്ക്കുമെന്ന ഒരു ഭീഷണി പ്രഖ്യാപനവും ! ഗാന്ധിജി മാതൃകയായിട്ടൊന്നുമല്ല. അങ്ങനെ തോന്നി. ഒടുവിൽ അച്ഛൻ സമ്മതിച്ചു. ഞാൻ വലിയച്ഛന്റേയും കുഞ്ഞന്റേയും കൂടെ ആറുമൈൽ അകലെയുള്ള ചാത്തമംഗലം ഹയർ എലിമെന്ററി സ്കൂളിലേയ്ക്ക് കാൽനടയായി യാത്ര തിരിച്ചു.

ചേർന്നു ആറാം ക്ലാസ്സിൽ. ആറിൽ 8 അണ. ഏഴിൽ 12 അണ. 8ൽ 1 $^1/_4$ രൂപ ഇതായിരുന്നു ഫീസ് ! അക്കാലത്ത് അതൊക്കെ വലിയ തുകയാണെന്ന് ഓർക്കണം. 8 അണ എന്നുപറഞ്ഞാൽ അമ്പത് പൈസയാണ് ! (1 അണ = 6 പൈസ) സത്യം പറഞ്ഞാൽ പഠിയ്ക്കാനുള്ള തൃഷ്ണയൊന്നുമല്ല സ്കൂളിൽ ചേരൽ. കൂട്ടുകാരന്റെ വിയോഗമോർത്താണ്. കുഞ്ഞൻ സ്കൂളിൽ പോയാൽ കളിയ്ക്കാൻ ആരുമില്ലാത്ത അവസ്ഥ ! അത് അചിന്തനീയം !

കാലത്തെഴുന്നേൽക്കും. പശുക്കറവയുള്ളതുകൊണ്ട് വെള്ളച്ചോറും തൈരും ഉപ്പും കൂടി തട്ടും. തലേന്നത്തെ ചോറ് വെള്ളത്തിലിട്ട് ഊറ്റിയെടുത്തതിനാണ് 'വെള്ളച്ചോറ്' എന്ന് പറയുന്നത്. ഉച്ചഭക്ഷണത്തിന് ഒരണ വീട്ടിൽ നിന്ന് തരും. മിക്കവാറും അമ്മയാണ് തരാറ്. അര അണ കപ്പ, അര അണ കറി, ഒരു ഗ്ലാസ്സ് വെള്ളം. സുഭിക്ഷം സുന്ദരം അമൃതേത്ത് ! വീട്ടിൽ തിരിച്ചെത്തു

■ കവിത



ദിലീപൻ
7034633555

# കഥാപാത്രം

എന്നെ
പകർത്തിയെഴുതുമ്പോൾ
നിന്റെ വിരലുകൾ
വിറപൂണ്ടിരുന്നു.
മെച്ചപ്പെട്ട
കൈയ്യെഴുത്തിനുടമയായിട്ടും
നിന്റെ അക്ഷരങ്ങൾ
എന്നുമില്ലാത്തവിധം
മോശപ്പെട്ടിരുന്നു.

പലവട്ടം ശ്രമിച്ച്
പരാജയപ്പെട്ടിട്ടും
വീണ്ടും വീണ്ടും നീ
നിഷ്ഫലമായൊരാജോലി
തുടർന്നതെന്തിനാണ്?

ശാന്തമായൊഴുകാൻ,
മൃദുലമായ് വീശുവാൻ,
നിദ്രയിലേക്കാനയിക്കുന്ന
നേർത്ത രാഗമാകുവാൻ
കഴിയില്ലെനിക്ക്...

ഞാൻ കൊടുങ്കാറ്റിനൊപ്പം
പ്രളയത്തോടു ചേർന്ന്
ഭ്രാന്തിന്റെ ഊഷരസ്ഥലിയിൽ
ഉരുൾപൊട്ടിവീണവൻ..

ശ്രമിക്കരുത്
എന്നെ പകർത്തിയെഴുതാൻ...
എന്നെ പുനർജ്ജനിപ്പിക്കാൻ...

ബോഴേയ്ക്ക് ക്ഷീണിച്ച് അവശനാകും. ഇന്നത്തെ പോലെ സദ്യയും പ്രഭാത ഭക്ഷണവുമൊന്നും സ്കൂളിലില്ല. ഇന്നത്തെ കുട്ടികൾക്ക് എന്തൊക്കെ ? പ്രഭാത ഭക്ഷണം... അതിന് ഏത്തക്കായ, കോഴിമുട്ട പൊരിച്ചത്. ഉച്ചയ്ക്ക് സദ്യ !

ഇനി ഡ്രസ്സിന്റെ കാര്യം. ചാക്ക് പോലത്തെ തുണി കൊണ്ട് ഒരു ട്രൗസറും ഒരു ഷർട്ടും. നനഞ്ഞാൽ അവൻ ഉണങ്ങണമെങ്കിൽ ഒരാഴ്ചയെങ്കിലും എടുക്കും. അതുകൊണ്ട് നനയ്ക്കില്ല ഒരാഴ്ചത്തേയ്ക്ക് !! ഒരു ചൊല്ലുണ്ടല്ലോ; കേട്ടു കാണും - 'കോടി അഞ്ച്; കുടഞ്ഞഞ്ച്; തിരിച്ചഞ്ച്; മറിച്ചഞ്ച്; അങ്ങനഞ്ച്; ഇങ്ങനഞ്ച്.' അതുപോലെയാണ് ഡ്രസ്സിന്റെ കാര്യം.

'ഐത്തം' എന്ന കാണാൻ പറ്റാത്ത ഒരന്ധവിശ്വാസം ശക്തമായ ഒരു കാലഘട്ടം. കണ്ടാൽ ഐത്തം, തൊട്ടാൽ ഐത്തം, അടുത്തുവന്നാലും ഐത്തം. അപ്പോൾ ഞങ്ങളുടെ ഉടുപ്പിനും ഐത്തം. ഐത്തം പോകണമെങ്കിൽ ഉടുപ്പ് മുക്കണം. മുക്കിയാൽ ഇവനുണങ്ങില്ല. പിന്നെ എന്തു ചെയ്യും ? അതിനും വഴിയുണ്ട്. ഞങ്ങൾ അടുത്തുള്ള കുളത്തിൽ മുങ്ങിക്കുളിയ്ക്കും. ഐത്തം പോകാൻ മുങ്ങിക്കുളിയ്ക്കണം. എന്നാൽ ഞങ്ങളുടെ ഉടുപ്പിന് മുങ്ങി കുളിയ്ക്കാനൊക്കില്ലല്ലോ ! മുമ്പിലൊരു തൊഴുത്തുണ്ട്. ഓടിട്ട തൊഴുത്ത്. വീട് ഓലമേഞ്ഞതാണ്. തൊഴുത്ത് ഓടിട്ടതും. കഴുക്കോലിൽ ഒരു കൊക്ക. ഉടുപ്പ് ആ കൊക്കയിൽ തൂക്കിയിടും. പിറ്റേന്ന് കാലത്തെടുത്ത് ധരിയ്ക്കാം. ഈ കൊക്കയ്ക്കാണ് 'ഐത്ത കൊക്ക' എന്ന് പറയുന്നത്.

(തുടരും)

വരിക്കാരായി സഹകരിക്കുക

**ഏക തത്ത്വ മാസിക**
**വാർഷിക വരിസംഖ്യ - 170 രൂപ**
**രണ്ടുവർഷത്തേയ്ക്ക് - 340 രൂപ**
**മൂന്നുവർഷത്തേയ്ക്ക് - 500 രൂപ**

**രചനകളും കത്തുകളുമയക്കേണ്ട വിലാസം**

Eka Thathwa
A9, New Civil Nagar,
Behind Civil Station,Palakkad - 1
or
ഏക തത്ത്വ, പോസ്റ്റ് ബോക്സ് നമ്പർ - 70,
പാലക്കാട് - 678001



(മൂന്നാം ഭാഗം)

# ഭാരതീയം

(അവസാന ഭാഗം)



**പ്രൊഫ. വി. കെ. എം. നായർ**
**0491 - 2501782, 9497504782**

**വേ**ദങ്ങളിൽ നിത്യസത്യങ്ങളാണ് പ്രതിപാദിക്കുന്നത്. വേദങ്ങൾ അടിസ്ഥാനമായുള്ള വേദാംഗങ്ങളിൽ പദങ്ങളുടെ ഉത്ഭവം പ്രയോഗം എന്നീ കാര്യങ്ങൾ വ്യക്തമാക്കുന്നു. ശിക്ഷ, വ്യാകരണം, നിരുക്തം, ഛാന്ദസ്സ് എന്നിവ സാഹിത്യ രചനാ സമ്പ്രദായം വിശദമാക്കുന്നു. മാത്രവുമല്ല, ജ്യോതിശാസ്ത്രം തുടങ്ങി ശാസ്ത്രവിഷയങ്ങളിലും ഇന്ത്യയിലെ പുരാതനകാലത്തെ പണ്ഡിതന്മാർ അറിവ് നേടിയിരുന്നു. ഭൂമിയുടെ ഭ്രമണത്തെക്കുറിച്ച് ആര്യഭട്ടനും (ആര്യഭടീയം) ഭൂമി സൂര്യനു ചുറ്റും പ്രദക്ഷിണം വെക്കുമ്പോൾ ഉണ്ടാകുന്ന കോൺ വിശിഷ്യ വേഗത പ്രതിദിനം 59 മിനിറ്റും 8 സെക്കന്റുമാണെന്ന് ഭാസ്കരാചാര്യർ വിവരിക്കുന്നു. ഗണിത ശാസ്ത്രത്തിൽ ഗ്രഹങ്ങളുടെ ഗതിവിഗതികളും ഹോരശാസ്ത്രത്തിൽ നിമിത്തങ്ങളും ലക്ഷണങ്ങളും വ്യക്തമാക്കുന്നു. ജ്യോതിശാസ്ത്രത്തിൽ മുഹൂർത്തം, തിഥി, നക്ഷത്രം മുതലായവ പണ്ട് പണ്ടേ എഴുതപ്പെട്ടവയാണ്. ഇന്ന് നമ്മൾ വിഡ്ഢിത്തം എന്നുപറഞ്ഞ് തള്ളുന്ന കാര്യങ്ങളിൽ പോലും അവരുടെ ശ്രദ്ധ പതിഞ്ഞിരുന്നു എന്നത് നിമിത്ത ശാസ്ത്രവും ശകുനശാസ്ത്രവും വ്യക്തമാക്കുന്നു. വേദാംഗങ്ങൾ വീട്ടിൽ വെച്ച് നടത്തേണ്ട കർമ്മങ്ങളെക്കുറിച്ചും നാടിന്റെ നന്മയ്ക്കായി ചെയ്യേണ്ടവയും വേർതിരിച്ച് വിവരിക്കുന്നുണ്ട്. വേദാംഗങ്ങൾ ആത്മീയാധിഷ്ഠിത സാമൂഹ്യശാസ്ത്രമാണെന്ന് വേണം കരുതാൻ. ഉപവേദത്തിലാണ് അർത്ഥശാസ്ത്രം, നാട്യശാസ്ത്രം, കാമശാസ്ത്രം, ആയുർവേദം മുതലായവ. നമ്മുടെ മുൻഗാമികൾ സ്പർശിക്കാത്ത വിഷയങ്ങൾ ഒന്നും തന്നെയില്ല. പക്ഷേ, നിർഭാഗ്യവശാൽ യൂറോപ്യൻസ് നേടിയ ശാസ്ത്രീയപുരോഗതി കൈവരിക്കാൻ പുതുതലമുറയ്ക്കായില്ല. പക്ഷേ, അതിനുള്ള ആന്തരിക ശക്തി നമുക്കുണ്ട്. ധനസമാഹരണവും കൂടി നേരേയായാൽ ഏതു രാജ്യത്തിനേയും വെല്ലാനുള്ള ശാസ്ത്രീയ പുരോഗതി അരശതാബ്ദക്കാലം കൊണ്ട് നമുക്ക് നേടാനാവും.

സാമവേദത്തിന്റെ ഉപവേദമായ ഗന്ധർവ്വ വേദത്തിലാണ് സംഗീതം, നൃത്തനൃത്ത്യങ്ങൾ, സംഗീതോപകരണങ്ങൾ മുതലായവയെക്കുറിച്ചുള്ള വിവരണം ഉൾപ്പെടുത്തിയിരിക്കുന്നത്. കാമശാസ്ത്രവും (വാത്സ്യായന ഗ്രന്ഥം) ഗന്ധർവ്വ ഉപവേദത്തിന്റെ ഭാഗമായാണ് പണ്ഡിതർ കാണുന്നത് എന്നതിനെക്കുറിച്ച് നേരത്തേ സൂചിപ്പിച്ചതാണല്ലോ !

സംഗീതത്തെ സംബന്ധിച്ചാണെങ്കിൽ രാഗ, താള, ലയ സംബന്ധമായ വിവരണം, സംഗീതം പഠിക്കേണ്ട വിധങ്ങൾ സംഗീതത്തിന്റെ ഗുണദോഷങ്ങൾ, സാമവേദം സംഗീതാത്മകമായി പാടുന്ന പഠനക്രമം, മറ്റനേകം നാട്യശാസ്ത്രവിശേഷങ്ങളും ഈ ഉപവേദത്തിൽപ്പെടുന്നു. ഭരതമുനിയുടെ നാട്യശാസ്ത്ര വിവരണം പ്രത്യേകമായ പഠനവിഷയമാണ്. വാത്സ്യായന കാമസൂത്രം അശ്ലീലസാഹിത്യത്തിൽപ്പെടില്ലായെന്നതാണ് പ്രത്യേകമായി പറയാനുള്ളത്.

മനഃശാസ്ത്രം ഒരു ശാസ്ത്രമായി മാറിയത് 19ാം ശതകത്തിന്റെ അന്ത്യത്തിലാണ്. അതിനെത്രയോ കാലം മുതൽ ലൈംഗിക വിഷയങ്ങളിൽ ഭാരതത്തിന് ഒരു ലൈംഗിക ശാസ്ത്ര ഗ്രന്ഥം ചമയ്ക്കാൻ കഴിഞ്ഞു എന്നത് ഒരു നേട്ടമായി വേണം കരുതാൻ. അതേപോലാണ് ആയുർവേദവും ഇപ്പോൾ ലഭിച്ചിട്ടുള്ളതിൽ ഏറ്റവും പഴക്കമുള്ളതാണ്. ചരകസംഹിതയും സുശ്രുതസംഹിതവും പ്രസിദ്ധി നേടിയ ഗ്രന്ഥങ്ങൾ തന്നെ. മറ്റെവിടെയും കാണാനാവാത്ത ശിൽപവേദം ഇന്ത്യനിസത്തിന്റെ മഹത്തായ സംഭാവനയാണ്. ക്ഷേത്രങ്ങളും കൊട്ടാരങ്ങളും കോട്ടകളും പണിയേണ്ട വിധവും നിയമങ്ങളും അടങ്ങിയതാണ് ശിൽപവേദം. 'സമരാംഗ സൂത്രധാര' എന്ന ഈ ഗ്രന്ഥം ഭോജരാജാവിനാൽ എഴുതപ്പെട്ടതെന്നാണ് അനുമാനം. യോഗദർശനം ഒരു ശരീര ശാസ്ത്രമാക്കി മാറ്റിയതിൽ പതഞ്ജലി മഹർഷിയുടെ മഹത്തായ സംഭാവന ലോകത്തിന് മറക്കാനാവില്ല. ഇന്ന് യോഗശാസ്ത്രം ആഗോളതലത്തിൽ പ്രചരിക്കപ്പെടുന്നത് ഇന്ത്യനിസത്തിന്റെ മാറ്റ് കൂട്ടുന്നു.

ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന രണ്ട് പുരാണഗ്രന്ഥങ്ങളാണ് വാത്മീകി രാമായണവും വേദവ്യാസനാൽ രചിക്കപ്പെട്ട മഹാഭാരതവും. രാമായണം വെറും ഒരു കഥയല്ല. ശ്രീരാമനിൽ കൂടി ധർമ്മം, കാമം എന്നിവ എങ്ങനെ സംഭവിക്കുന്നു എന്നും അതിന്റെ പരിണിത ഫലമെന്തെന്നും മാനവരാശിക്ക് ഉപദേശിക്കുന്ന ഇതിഹാസമാണ് രാമായണം. മഹാഭാരതം, ഒരു മഹാരാജ്യത്തിന്റെ കഥയാണ് വായനക്കാർക്ക് നൽകുന്നത്. അതിൽ സ്നേഹവും വെറുപ്പും ക്രോധവും യുദ്ധവും നാശവുമെല്ലാം ചിത്രീകരിച്ചിട്ടുണ്ട്. ആത്മീയവും ഭൗതികവുമെല്ലാം മഹാഭാരതത്തിലുണ്ട്. നിയമവ്യാഖ്യാനവും നിയമത്തകർച്ചയും രാജനീതിയുമെല്ലാം ചർച്ചാവിഷയമാകുന്നുണ്ട്. ശക്തിയുടേയും ശക്തിയില്ലായ്മയുടേയും മത്സരമായിട്ടും ധർമ്മാധർമ്മങ്ങളുടെ മത്സരമായിട്ടും മഹാഭാരതം വ്യാഖ്യാനിക്കപ്പെടാം. പക്ഷേ, ഇതിഹാസകഥകൾ യുക്തിഭദ്രമായിരിക്കണമെന്ന സമീപനം അപക്വമാണ്.

ഇന്ത്യനിസത്തിന്റെ അറിയപ്പെടുന്ന ശാഖയായ നാടകം ക്രിസ്താബ്ദം തുടങ്ങി ഒന്നോ രണ്ടോ കതാബ്ദങ്ങൾ കഴിഞ്ഞിട്ടാവണം പുരോഗമനത്തിന്റെ പാതയിലെത്തിയത്. പുരാണകഥകളെ ആസ്പദമാക്കി ധർമ്മവും നീതിയും കാത്തുസൂക്ഷിക്കുന്ന കഥാതന്തുവായിരിക്കണം നാടകത്തിലുണ്ടായിരിക്കേണ്ടതാണെന്ന ധാരണ സാഹിത്യത്തിൽ നിലനിന്നിരുന്ന കാലത്താണ് നാടകത്തിന്റെ തുടക്കം. നാടോടി നൃത്തരൂപങ്ങളുടെ പ്രേരണയാവാം ഭാരതീയ നാടകങ്ങളിൽ കൂടുതൽ ദർശിക്കാൻ കഴിയുന്നത്. ആത്മീയതയിൽ തുടങ്ങി ഭൗതികതയിലേക്ക് അറിയാതെ എത്തിച്ചേരുന്ന കഥാതന്തുക്കളാണ് കൂടുതലും. ഗ്രീക്ക് നാടകങ്ങളുടെ പ്രേരണ അശേഷം ഭാരതീയനാടകങ്ങളിൽ ഇല്ല. ഭാരതീയ നാടകങ്ങൾ തികച്ചും സ്വതന്ത്രങ്ങളാണ്. ഭാരതീയ നാടകങ്ങളിൽ ദുരന്താംശം കുറവാണ്. ദുരന്തം വന്നകപ്പെടുകയാണെങ്കിലും അതന്ത്യത്തിൽ പരിഹരിക്കപ്പെടും (ശാകുന്തളം). പുരോഗമന നാടകങ്ങളിൽ രസ്വാസ്വാദനവും രസസൃഷ്ടിയുമാണ് പ്രധാനം. അതുകാരണം കഥാപാത്രങ്ങൾ വെറും 'type'കളായി മാറപ്പെടുന്നു.

നാടകത്തിന്റെ കഥാഭാഗം ശരീരവും ആത്മാവ് രസവുമാണെന്നാണ് പുരാതന നാടകസങ്കല്പം. മുൻവിധിയോടുള്ള രസാഭിനയവും രസാസ്വാദനവും ആകുമ്പോൾ കൃത്രിമത്വവും ഉണ്ടാകാതെവയ്യ. വേദങ്ങളിൽ പോലും പ്രാതിനിധ്യമുള്ള ശിവനാണ് നാട്യാചാര്യൻ.

ഭാരതീയ രസസിദ്ധാന്തവും ആംഗില സൗന്ദര്യശാസ്ത്രവും (aesthetics) തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട്. ഭാരതീയ സാഹിത്യസൃഷ്ടികൾ ആത്മീയചിന്തയ്ക്ക് പ്രാധാന്യം നൽകുന്നു. ദുഃഖത്തെ അകറ്റാൻ ആത്മീയചിന്ത സഹായകമാകുമെന്ന വിശ്വാസവും സാഹിത്യകാരന്മാർ വെച്ചുപുലർത്തുന്നു. സാഹിത്യസൃഷ്ടിയുടെ ദുഃഖത്തെ ആനന്ദമയമാക്കി മാറ്റുന്ന പ്രക്രിയയിലാണ് ഭാരതീയ സാഹിത്യദർശനം കേന്ദ്രീകരിച്ചിട്ടുള്ളത്. ഭാരതീയ രസശാസ്ത്രത്തോളം ഒന്ന് യൂറോപ്യൻ സൗന്ദര്യ ശാസ്ത്രത്തിലില്ലായെന്നാണ് ബ്രിട്ടീഷ് വിമർശകർ പോലും അഭിപ്രായപ്പെട്ടിട്ടുള്ളത്. കാരണം, സൃഷ്ടിപരവും, ആസ്വാദനപരവും (artistic and aesthetic) രസമെന്ന ഒരേ പദത്തിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ് ഇന്ത്യൻ ദാർശനികർ. കവി, കാവ്യം, കാവ്യാസ്വാദനം ഇവ മൂന്നും ഒരേ സമയത്ത് സാക്ഷാത്കാരം നേടുന്ന അനിർവചനീയ അനുഭവമാണ് രസദർശനത്തിൽ നാം കാണുന്നത്. വിഭാനുഭാവ വ്യഭിചാരീഭാവങ്ങളുടെ സംയോഗത്താലാണ് രസം ജനിക്കുന്നത്. അനുവാചകന്റെ ബോധ, അബോധ മനസ്സിലും ഈ സംയോഗം നാടകം കാണുമ്പോൾ ഉണ്ടായിക്കൊണ്ടിരിക്കും. ആസ്വാദകർ കഥാപ്രപഞ്ചവുമായി താദാത്മ്യം പ്രാപിക്കുമ്പോൾ ഉണ്ടാകുന്ന അത്യപൂർവ്വമായ അനുഭവമാണ് രസാസ്വാദനം. നാടകം കാണാൻ തീയേറ്ററിൽ എത്തുന്ന കാഴ്ച്ചക്കാരന്റെ മനസ്സ് ഈ താദാത്മ്യം പ്രാപിക്കലിന് തയ്യാറായിട്ടുവേണം തിയേറ്ററിൽ എത്താനെന്ന് മാത്രം. ഇതിനു കഴിയാത്ത ബഹുഭൂരിപക്ഷം ജനവും തത്വചിന്തയിൽ നിന്ന് മാത്രമല്ല, സാഹിത്യത്തിൽ നിന്നും അകന്നു ജീവിച്ചിരിക്കാനാണ് സാദ്ധ്യത.

ഇന്ത്യൻസാഹിത്യം ലോകസാഹിത്യത്തിന് സംഭാവന ചെയ്ത വിമർശനസംജ്ഞയാണ് സാധാരണീകരണം. സാഹിത്യം നൽകുന്ന ആനന്ദാതിരേക്, (High pleasure according to Renewellek) അനുഭവിക്കാൻ കാഴ്ച്ചക്കാരനെ അർഹനാക്കുന്നതാണ് സാധാരണീകരണം (transpersonalisation). ഭാവം ഭവിക്കുന്ന അവസ്ഥയിൽ നിന്ന് വ്യക്തിബന്ധം ഇല്ലാതാകണം. (1) ആസ്വാദന സമയത്ത് സ്വന്തം വ്യക്തിത്വത്തിൽ നിന്ന് മുക്തി നേടുക (2) കഥയുടെ പുരോഗതിക്കനുസൃതമായി കഥ പറയുന്നവൻ അതായത് നാടകകർത്താവ് കഥാപാത്രത്തെ സാധാരണീകരിക്കുക. ഉദാഹരണം പറഞ്ഞാൽ കിംഗ് ലീയർ രാജാവല്ലായെന്നും

വയസ്സനായ ഒരച്ഛനാണെന്നും ഉള്ള തോന്നൽ ഉണ്ടാക്കുക. അതേപോലെ സീത രാമന്റെ ഭാര്യയല്ലെന്നും ഒരു സാധാരണ സ്ത്രീയാണെന്നും ഉള്ള ഭാവം സൃഷ്ടിക്കുക. വിശേഷതാ ബന്ധത്തിൽ നിന്ന് സഹൃദയൻ മോചനം നേടാൻ ശ്രമിക്കുന്നതിനോടൊപ്പം അതിനനുകൂലമായ നാടകീയത സൃഷ്ടിക്കുക കൂടി വേണമെന്നതാണ് സാധാരണീകരണത്തിന്റെ മൗലികസ്വഭാവം. കവിതാനുഭവം നിർവൈയക്തികമാക്കണമെന്ന റ്റി. എസ്. എലിയറ്റിന്റെ ആശയം സാധാരണീകരണത്തിൽ നിന്ന് സ്വീകരിച്ചതല്ലേയെന്ന് ഏത് വിമർശകനും സംശയിക്കാൻ സാദ്ധ്യതയും സ്വാതന്ത്ര്യവുമുണ്ട്. അതെങ്ങനെയായാലും എലിയറ്റിന്റെ objectivity യെക്കാൾ വ്യക്തവും സ്പഷ്ടവുമാണ് സാധാരണീകരണം, അത് ഇന്ത്യനിസത്തിന്റെ സംഭാവനയുമാണ്.

ഗ്രീക്ക് ദുരന്തനാടകങ്ങളിൽ പ്രധാന കഥാപാത്രം സ്വന്തം പിഴവുകൾ മൂലമോ, സാഹചര്യങ്ങളുടെ പ്രേരണയാലോ ഒരു സംഘട്ടനത്തിന് വിധേയമാകേണ്ടിവരുന്നു. ഈ സംഘട്ടനത്തിന്റെ അന്ത്യത്തിൽ ഉയർന്ന പദവിയും ജനലക്ഷങ്ങളുടെ നേതൃത്വവും കൈയാളുന്ന കഥാപാത്രം തോൽക്കുക മാത്രമല്ല, മാനസികവും ശാരീരികവുമായ വ്യഥ അനുഭവിക്കേണ്ടിവരുന്നു. ഉന്നതകുലജാതനെന്ന നിലയ്ക്ക് അയാളുടെ ദുഃഖവും കഷ്ടപ്പാടും സാധാരണക്കാരായ കാണികളിൽ ഭീതിയും ദയയും ഉളവാക്കുന്നു. എന്തുകൊണ്ട് നായകൻ ശക്തിയുടെ പ്രതീകമായിട്ടും തോൽക്കുന്നു എന്ന ചോദ്യം സാധാരണക്കാരിൽ പോലും ചിന്തക്ക് തീ കൊളുത്താൻ പര്യാപ്തമാണ്. 'ഈഡിപ്പസ് ദ കിംഗ്' എന്ന നാടകത്തെക്കുറിച്ച് ചിന്തിക്കാം. ഈഡിപ്പസ് രാജാവ് സ്വന്തം അച്ഛനെ കൊല്ലുന്നതും സ്വന്തം അമ്മയെ രാജ്ഞിയാക്കുന്നതുമാണ് പ്രമേയം. അറിവില്ലായ്മയിൽ സംഭവിച്ചുപോയ കാര്യങ്ങൾ ഓരോന്നായി അനാവരണം ചെയ്യപ്പെടുമ്പോൾ ഈഡിപ്പസിനുണ്ടാകുന്ന മാനസിക സംഘട്ടനമാണ് നാടകത്തിലെ മുഖ്യഅംശം. കുറ്റം ചെയ്തപ്പോൾ ഉള്ളതിനേക്കാൾ കുറ്റം ചെയ്തല്ലോ എന്ന ചിന്ത ഈഡിപ്പസിനെ ഭീകരവും, പ്രതിരോധിക്കാൻ കഴിയാത്തവിധമുള്ള ഏകാന്തതയിലേക്ക് നയിക്കുന്നതുമായ ദുരന്തചിത്രമാണ് കാണികളുടെ ചിന്തക്ക് കാരണമാകുന്നത്. ഭൗതികശക്തി ശൂന്യാകാശത്തോളം വളർന്നും ആത്മീയശക്തി പാതാളത്തോളം താണും ഉണ്ടാകുന്ന അവസ്ഥയിൽ വ്യക്തി അനുഭവിക്കേണ്ടിവരുന്ന ദുഃഖം ഏത് ലോകമഹായുദ്ധത്തേക്കാളും ഭീകരമാണ്. ഏതൊരു മനുഷ്യന്റെയും പ്രതീകപ്രയാണമാണിത്. അന്ത്യത്തിൽ സ്വന്തം അസ്തിത്വത്തിന് നേരിടുന്ന ദുരവസ്ഥയും. ദുരന്ത നാടകങ്ങൾ കാണികളെ ചിന്തിപ്പിക്കുന്നു. ചിന്തയിലൂടെ മനസ്സിന് ശക്തി ഉണ്ടാകുന്നു. ഷേക്സ്പീരിയൻ ദുരന്ത നാടകങ്ങൾ വായിക്കുമ്പോഴും ഇതേ അനുഭവമാണ് ഉണ്ടാവുക. ഇന്ത്യയുടെ പ്രത്യേക സാമൂഹ്യപശ്ചാത്തലത്തിൽ ദുരന്തനാടകങ്ങൾക്ക് പ്രാധാന്യം ലഭിക്കാതെ പോയത് സാധാരണ ജനതയ്ക്ക് ലഭിച്ച ഒരു ദുരന്തമായി വേണം വിലയിരുത്താൻ. ചിന്ത മാനവികതയുടെ ഉയർച്ചയ്ക്ക് അത്യാവശ്യഘടകമാണ്.

കാളിദാസന്റെയും ഭാസന്റെയുമെല്ലാം നാടകങ്ങൾ വിലയിരുത്തപ്പെടുമ്പോൾ അവർ ജീവിച്ച സാമൂഹ്യപശ്ചാത്തലത്തിന് അർഹിക്കുന്ന പ്രാധാന്യമുണ്ട്. ഭാസന്റെ പേര് കാളിദാസൻ സൂചിപ്പിക്കുന്നുണ്ടെങ്കിലും അദ്ദേഹം ജീവിച്ചിരുന്നത് കേരളത്തിലാണോ മഗധയിലാണോ എന്നതിന് തെളിവൊന്നുമില്ല. 1910ൽ ഭാസനാടകങ്ങളുടെ കൈയ്യെഴുത്ത് പ്രതികൾ കിട്ടിയതായുള്ള ഒരു പ്രസ്താവനയെ ആസ്പദമാക്കിയുള്ള അന്വേഷണത്തിലാണ് അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചുള്ള ചില വിവരങ്ങൾ ലഭിക്കാനിടയായത്. തിരുവിതാംകൂർ സംസ്ഥാനത്ത് നിന്ന് പതിമൂന്ന് കൈയ്യെഴുത്ത് പ്രതികൾ കണ്ടെടുത്തതായിട്ടാണ് പ്രഖ്യാപനം. ഈ പതിമൂന്ന് പ്രതികളും ഒരേ കർത്താവിന്റേത് എന്ന് തെളിയിക്കാൻ പോന്ന തെളിവുകൾ അവയെ കൃത്യമായി പരിശോധിച്ച വിദഗ്ദ്ധ സമിതി തയ്യാറാക്കിയിട്ടുമുണ്ട്.

അദ്ദേഹത്തിന്റേതെന്ന് അനുമാനിക്കപ്പെട്ട നാടകങ്ങൾ ഒന്നും അദ്ദേഹത്തിന്റേതല്ലായെന്നും അദ്ദേഹത്തിന്റെ നാടകങ്ങളെ രൂപമാറ്റം വരുത്തിയ ചാക്യാന്മാരുടെ കൃതികളാണെന്നും വാദിക്കുന്നവരുമാണധികം. ഈ നാടകങ്ങളുടെ സാമൂഹ്യപശ്ചാത്തലം ഉത്തരേന്ത്യൻ രാജാക്കന്മാരുടേത് ആയതിനാൽ ഭാസനാടകങ്ങൾ കേരളീയം എന്നുപറയാനാവില്ലായെന്ന പ്രസ്താവനയും ഇക്കൂട്ടത്തിൽ പെടുന്നു.

പക്ഷേ ഭാസനാടകങ്ങൾ ഇന്ത്യൻസാഹിത്യത്തിന്റെ ഭാഗമല്ലായെന്നാരും പറയുന്നില്ല. കൂട്ടത്തിൽ അവയെക്കുറിച്ച് നല്ല അഭിപ്രായം പറയുന്നവരുമുണ്ട്. 'Thes dramas show skillful workmanship, good style, chaste language, vigorous characters and brisk movement original in plot, they are good specimens of art' from 'poets, dramatists and story tellers' published by publication Division, Govt. of India.

ഭാസനാടകങ്ങളിൽ ആരേയും അതിശയിപ്പിക്കുന്ന നാടക മുഹൂർത്തങ്ങളാണുള്ളത്. കഥാപാത്രങ്ങൾ ദൈവങ്ങളല്ല, മനുഷ്യരാണ്. മനുഷ്യത്വം ഉള്ള നാടകങ്ങളാണ് ഭാസനാടകങ്ങളെന്ന് വിശേഷിപ്പിക്കാം. വീരം, കരുണം, ആർദ്രം, അത്ഭുതം, വാത്സല്യം തുടങ്ങിയ രസങ്ങളോടാണ് നാടക കർത്താവിന് പ്രതിപത്തി. ഉപമ, ഉൽപ്രേക്ഷ, രൂപകം തുടങ്ങിയ അലങ്കാരങ്ങളോടും അദ്ദേഹത്തിനിഷ്ടമാണ്. അദ്ദേഹം ഒരു പ്രകൃതി സ്നേഹിയാണെന്നതും വ്യക്തമാണ്. ഭാഷയിൽ കൃത്രിമത്വവും ആഡംബരത്വവും കുറയും. പറഞ്ഞതിനേക്കാൾ പറയാത്തതിൽ നാടകീയത കൊണ്ടുവരാനുള്ള അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം പ്രത്യേകം പ്രസ്താവ്യമാണ്. അദ്ദേഹമൊരു ദേശഭക്തനും മഹാപണ്ഡിതനുമായിരുന്നു എന്നത് ആരും നിഷേധിക്കുമെന്ന് തോന്നുന്നില്ല. അദ്ദേഹം കേരളീയനോ മദ്ധ്യപ്രദേശത്തുകാരനോ എന്നത് വലിയൊരു സാഹിത്യകാരൻ എന്ന നിലയിൽ അപ്രസക്തം.

അതേപോലെ, കാളിദാസ

ന്റെ ജന്മനാടേതെന്നത് ഇന്നും തർക്കവിഷയമായി തുടരുന്നു. അദ്ദേഹം ജീവിച്ചിരുന്ന കാലവും അവ്യക്തം. പലരും പലതും മഹാനായ കാളിദാസകവിയെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ പണ്ഡിതനായ വാമനൻ (എട്ടാം ശതകം) പറഞ്ഞതിലാണ് കൂടുതൽ വിശ്വാസ്യത. വാമനൻ കാളിദാസന്റെ കൃതികളിലെ ഭാഷയുടെ പ്രത്യേകതകൾ വിലയിരുത്തി, കാളിദാസൻ വിദർഭ രാജ്യവാസിയായിരിക്കാമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഉജ്ജയനിയിലാണ് കാളിദാസൻ വളർന്നതെന്ന അഭിപ്രായക്കാരുമുണ്ട്. കാളിദാസൻ ഒരു പ്രത്യേക പ്രദേശവാസിയെന്ന നിലയിലോ പ്രത്യേക സമൂഹത്തിന്റെ പ്രതിനിധിയായോ അല്ല അറിയപ്പെടുന്നത്. അദ്ദേഹം ഇന്ത്യൻ മഹാസാമ്രാജ്യത്തിന്റെ ലോകം അറിയുന്ന മഹാകവിയാണ്. അദ്ദേഹം ജീവിച്ചിരുന്നത് നാലാം ശതകത്തിലായിരുന്നു എന്നാണ് പൊതുവേയുള്ള വിശ്വാസം. വിക്രമാദിത്യ ചക്രവർത്തിയുടെ കാലത്താണെങ്കിൽ (വിക്രമാദിത്യൻ എന്നറിയപ്പെടുന്നത് ചന്ദ്രഗുപ്ത സഹസംഘനായിരുന്നു. അദ്ദേഹം സുമുദ്രഗുപ്തന്റെ മകനാണ്.) അത് 375-414 ആയിരുന്നു എന്ന് വ്യക്തം.

കാളിദാസന്റെ മാളവികാഗ്നിമിത്ര ചരിത്രപ്രാധാന്യമുള്ള നാടകമാണ്. 'വിക്രമോർവീശയ'ത്തിന്റെ പ്രധാന കഥാതന്തു വേദസാഹിത്യത്തിൽ നിന്നാണെങ്കിലും ആ കഥയ്ക്ക് മാനുഷിക സ്വഭാവം നൽകിയാണ് കാളിദാസൻ അവതരിപ്പിക്കുന്നത്. അഭിജ്ഞാനശാകുന്തളമാണ് അദ്ദേഹത്തിന്റെ ലോകപ്രസിദ്ധി നേടിയ നാടകം. സർ വില്യം ജോൺസ് ഈ നാടകം പരിഭാഷപ്പെടുത്തി ലോകത്തിന് സംഭാവന ചെയ്തത് 18ാം ശതാബ്ദത്തിലാണ്. 'രഘു വംശ'ത്തിൽ രഘുവംശത്തെക്കുറിച്ചുള്ള നീണ്ട കവിത ഒരു ഇതിഹാസം പോലെയാണ്. കവിതകളിൽ അദ്ദേഹത്തിന്റെ അനന്യസാധാരണ കഴിവാണ് പ്രദർശിപ്പിക്കുന്നത്. ഇത്രയും മനോഹരമായ കവിതകൾ എഴുതാൻ മറ്റാർക്കും സാധ്യമല്ലായെന്ന് അദ്ദേഹത്തിന്റെ പ്രതിഭയിലൂടെ തെളിയിക്കുന്നു. കവിതകളിൽ മാത്രമല്ല, നാടകങ്ങളിലും അദ്ദേഹം ഈ കഴിവ് പ്രകാശിപ്പിക്കുന്നുണ്ട്. കാളിദാസന്റെ ശാകുന്തളം അതിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. കാല്പനികതയുടെ അഗമ്യമേഖലയിലെത്താനും നാടകം രചിക്കാനും കഴിയുമെന്ന് കാളിദാസൻ ലോകത്തോട് വിളംബരം ചെയ്യുന്നു എന്നതാണ് ശാകുന്തളത്തിന്റെ മികവ്. കാല്പനികതയുടെ അടിസ്ഥാനസ്വഭാവം കവിതയിൽ കവി പ്രദർശിപ്പിക്കുന്ന കവിയുടെ വ്യക്തിത്വമാണ്. പക്ഷേ നാടകത്തിലാണെങ്കിൽ അവൈയക്തികത ഒഴിച്ചുകൂടാൻ പാടില്ലാത്ത സ്വഭാവമാണ്. അതുണ്ടായാലെ വിവിധസ്വഭാവവും വ്യക്തിത്വവുമുള്ള കഥാപാത്രങ്ങളെ സൃഷ്ടിക്കാനാവൂ. കാളിദാസൻ കല്പനികത്വവും നാടകീയതയും സമ്മേളിപ്പിക്കുന്ന അനശ്വര സാഹിത്യകാരനാണ്. മറ്റൊരു പ്രധാന കാര്യം ആത്മീയ ചുറ്റുപാടിലും മാനുഷികബന്ധങ്ങളും വികാരങ്ങളും സ്വാഭാവികമായി ചിത്രീകരിക്കാനാവുമെന്ന് ശാകുന്തളം എടുത്തുകാട്ടുന്നു. ശകുന്തള, മഹർഷി വിശ്വാമിത്രന്റെയും ദേവതയായ മേനകയുടേയും സ്വർഗ്ഗീയ സൗന്ദര്യമുള്ള ദേവസ്ത്രീയാണ്. 'ഗൗരദളങ്ങൾക്കിടയിലെ തളിരുപോലാണവൾ'. ജീവിക്കുന്നതോ ആത്മീയത നിറഞ്ഞൊഴുകുന്ന കണ്വന്റെ ആശ്രമത്തിലും. ഇവിടെയാണ് ഭൗതികസമ്പത്തിന്റെ പ്രതീകമായ ദുഷ്യന്തരാജാവ് ഭൗതികാനന്ദാസ്വാദനത്തിനായി കാട്ടിൽ എത്തിച്ചേരുന്നത്. ഇനി വരാൻ പോകുന്ന പ്രണയം കാല്പനികതയും യാഥാർത്ഥ്യവും നിറഞ്ഞതാണ്. ശകുന്തളക്ക് ദുഷ്യന്തൻ നൽകുന്ന മോതിരം ഡെസ്നിമോണയ്ക്ക് കിട്ടുന്ന കർച്ചീഫ്' പോലാണ്. ഡെസ്നിമോണക്ക് സംഭവിക്കുന്നത് നിരപരാധിത്വഹത്യയാണെങ്കിൽ ശകുന്തളയ്ക്ക് സംഭവിക്കുന്നത് അവിചാരിതവും അസൂയാർഹവുമായ സംഗമമാണ്.

ആത്മീയതയിൽ നിന്ന് ജനം സാമൂഹ്യതലത്തിലേക്ക് ഒഴുകാൻ തുടങ്ങിയ പശ്ചാത്തലമാണ് ശാകുന്തളത്തിലേത്. വ്യാസന്റെ നാടകങ്ങളിലും ഈ പ്രക്രിയ പ്രതിഫലിക്കുന്നുണ്ട്. ദുർവ്വാസാവിന്റെ ശാപം എതിർപ്പിന്റെ ഒരടയാളം മാത്രം. മോതിരം നഷ്ടപ്പെടുന്നതിൽ യാദൃശ്ചികത മാത്രമല്ല, മനുഷ്യസ്വഭാവത്തിന്റെ പ്രതിഫലനവും ഉണ്ട്. ഡെസ്നിമോണയുടെ കർചീഫും നഷ്ടപ്പെടുന്നുണ്ടല്ലോ ! അച്ഛൻ മകനെ തിരിച്ചറിയുന്നതിലും മനുഷ്യസ്വഭാവമാണ് നിഴലിക്കുന്നത്. അതിലും യാഥാർത്ഥ്യത്തിന്റെ അംശമുണ്ട്. ശാകുന്തളം കാല്പനിക യാഥാർത്ഥ്യ സംയോഗമാണ്. കുറച്ചുകൂടി വ്യക്തമാക്കുകയാണെങ്കിൽ ആത്മീയ യാഥാർത്ഥ്യ സമ്മേളനമാണെന്നും പറയാം. ഇത്രയും ശക്തിയുള്ള ലോകപ്രസിദ്ധിയാർജ്ജിച്ച നാടകം വിമർശിക്കപ്പെടുന്ന രീതി ആശാവഹമല്ല.

അരശതാബ്ദത്തിന് മുൻപുണ്ടായിരുന്ന ബ്രിട്ടീഷ് പണ്ഡിതന്മാരിൽ ചിലരുടെ anti Indian sentiment ന്റെ പ്രതിഫലനം മാത്രമാണീ വിമർശനം. ഇത് കാളിദാസനൊ, ശാകുന്തളത്തിനൊ എതിരായ വിമർശനമായി കാണേണ്ടതില്ല. അതേപോലെ സർ വില്യം ജോൺസിന്റെ കാളിദാസനെ 'ഇന്ത്യൻ ഷേക്സ്പിയർ' എന്ന പുകഴ്ത്തൽ കാളിദാസൻ അർഹിക്കുന്നില്ലായെന്നും ഗഥേ തുടങ്ങിയവർ ശാകുന്തളത്തെ പുകഴ്ത്തുന്നതും ഇതേ രീതിയിൽ അനർഹമാണെന്നും ഈ വിമർശകർ പറഞ്ഞുവെയ്ക്കുന്നതിൽ ഇന്ത്യൻ വിരോധമല്ലാതെ ശരിയായ സാഹിത്യവിമർശനമല്ലായെന്നും അറിയുക. കാലം മാറുമ്പോൾ വിമർശന സ്വഭാവവും നിറവും രൂപവും മാറുമെന്ന് പ്രതീക്ഷിക്കാം. ഇന്ത്യനിസത്തിന് അതർഹിക്കുന്ന പ്രാധാന്യം ലഭിക്കുമെന്നും ആശിക്കാം.

ആത്മീയാധിഷ്ഠിത ഭൗതികജീവിതമാണ് ഇന്ത്യനിസത്തിന്റെ മഹത്തായ സംഭാവന. മതം ഒരു ജീവിതരീതിയാക്കി മാറ്റിയ അപൂർവ്വ പാരമ്പര്യമാണ് ഇന്ത്യനിസത്തിന്റേത്. മതത്തിനേക്കാൾ മനുഷ്യത്വത്തിന് സ്നേഹാ

■ ലേഖനം

ധിഷ്ഠിത സഹവർത്തിത്വത്തിനുമാണ് ഇന്ത്യനിസം വില കല്പിക്കുന്നത്. വ്യക്തികളുടെ വളർച്ചയാണ് സമൂഹവളർച്ചയ്ക്കാധാരം. ഉൾക്കരുത്തുള്ള ഉരുക്ക് വ്യക്തിത്വമാണ് രാജ്യശക്തിക്ക് ഇന്ത്യനിസം അടിസ്ഥാനഗുണമായി കാണുന്നത്. ജ്ഞാനവളർച്ചയിലൂടെ അത് സാദ്ധ്യമാകു. ഭൗതിക, ആത്മീയ സ്വത്ത് ആരുടേയും കുത്തകയല്ല, വ്യക്തിയുടെ ബുദ്ധിവികാസത്തോടെ വ്യക്തിക്ക് അത് ലഭ്യമാകും എന്ന് ഇന്ത്യനിസം ഓർമ്മിപ്പിക്കുന്നു. വിശപ്പിന്റെ വിളി ഇല്ലാതാക്കാനും ബുദ്ധിവികാസം കൊണ്ട് സാദ്ധ്യമാകും. ●

■ കവിത

## ജലം വിതാനം പാലിക്കും




ജലജാപ്രസാദ്
907467628

ചിലയിടങ്ങളിൽ
നിങ്ങളെനിക്ക് കൂച്ചുവിലങ്ങിട്ടു.
എന്റെ ഹൃദയതാളങ്ങൾ മറന്നു
ലാസ്യനടനങ്ങൾ മറന്നു
നടപ്പാതകളും മറന്നു
എന്റെ വഴികൾ നിങ്ങളുടേതാക്കി !
നിസ്വാർത്ഥയാണ് ഞാൻ
ഗതികെട്ടാൽ...
എങ്കിലും സമത്വവാദിയാണ് ഞാൻ
ചേരിയെന്നോ
രാജധാനിയെന്നോ നോക്കാതെ
അടിമയുടേതോ ഉടമയുടെതോ
എന്ന് തരംതിരിക്കാതെ,
കുന്നെന്നോ താഴ്വരയെന്നോ
നോക്കാതെ...
എല്ലായിടങ്ങളിലും
ഒരുപോലെ നിറഞ്ഞു.
മതത്തിന്റേയും കൊടികളുടേയും
നിറം എന്നിലലിഞ്ഞു.
'പല മത സാരവുമേകം' എന്ന്
വീണ്ടും ഓർമ്മപ്പെടുത്തി
ഉച്ച നീചത്വമില്ലെനിക്ക്!
വിതാനം പാലിച്ചല്ലേ
എനിക്ക് നിലനില്പുള്ളൂ.

■ ഗായകരത്നങ്ങൾ

# മലയാള സിനിമ പിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ



ടി. വി. നാരായണൻ കുട്ടി
9446030344



## കെ. പി. ഉദയഭാനു

**എ**ൻ. എസ്. വർമ്മ, അമ്മു നേത്യാർ ദമ്പതിമാരുടെ മകനായി പാലക്കാട് ജില്ലയിലെ തരൂരിൽ 1936 ജൂൺ 6ാം തിയതിയാണ് 'ഭാനുപ്രകാശ്' എന്ന യഥാർത്ഥ പേരുള്ള ഉദയഭാനു ജനിച്ചത്. സംഗീതവിദ്വാൻ ശ്രീ. കെ. പി. അപ്പുക്കുട്ട മേനോനും, സ്വാതന്ത്ര്യസമര സേനാനിയും, മാതൃഭൂമി ദിനപത്രത്തിന്റെ സ്ഥാപകനുമായ ശ്രീ. കെ. പി. കേശവമേനോനും ഇദ്ദേഹത്തിന്റെ അമ്മാവന്മാരാണ്. കുട്ടിക്കാലം സിങ്കപ്പൂരിലാണ് കഴിച്ചുകൂട്ടിയത്. ഇദ്ദേഹത്തിന്റെ അച്ഛന് അവിടെ തൊഴിൽ സംബന്ധമായി താമസിക്കേണ്ടിവന്നുവെങ്കിലും ഉദയഭാനുവിന് ഏഴ് വയസ്സായപ്പോൾ തന്റെ അമ്മയുടെ മരണത്തെ തുടർന്ന് നാട്ടിലേക്ക് വരേണ്ടി വന്നു. തുടർന്ന് കല്പാത്തിയിലെ 'ത്യാഗരാജ' സംഗീതവിദ്യാലയത്തിൽ ചേർന്ന് സംഗീതപഠനം തുടങ്ങി. പാലക്കാട് ശ്രീരാമ ഭാഗവതർ, എം. ഡി. രാമനാഥൻ എന്നിവരായിരുന്നു ഗുരുക്കന്മാർ. 1970ൽ സംഗീതജ്ഞയായ ശ്രീമതി. വിജയലക്ഷ്മിയെ വിവാഹം ചെയ്തു. 2007ൽ വിജയലക്ഷ്മി അന്തരിച്ചു. ഇവർക്ക് 'രാജീവ്' എന്നൊരു മകൻ മാത്രമാണുണ്ടായിരുന്നത്.

1956ൽ ആകാശവാണിയിൽ അവതാരകനായാണ് ഉദയഭാനു ഔദ്യോഗികജീവിതം തുടങ്ങുന്നത്. 38 വർഷത്തോളം ഇത് തുടർന്നു. ഇതിനിടെ 1964-65 കാലത്ത് ഊട്ടി, ലൗഡേലിലെ ലോറൻസ് സ്കൂളിൽ സംഗീതദ്ധ്യാപകനായി ചേർന്നെങ്കിലും 1965ൽ തന്നെ ആകാശവാണിയിലേക്ക് തന്നെ മടങ്ങി. മുഖ്യമന്ത്രി ശ്രീ. കരുണാകരന്റെ പബ്ലിക്ക് റിലേഷൻസ് ഓഫീസ്സറായും രണ്ടുതവണ നിയമിതനായിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഇഷ്ടഗായകർ യേശുദാസും ചിത്രയുമാണ്. കർണ്ണാടക സംഗീതത്തിൽ ബാലമുരളി കൃഷ്ണയും ഹിന്ദുസ്ഥാനി രംഗത്ത് ബഡേ ഗുലാം അലി ഖാനും ഭീംസെൻ ജോഷിയും ഇഷ്ടഗായകരാണ്. 2014 ജനുവരി 5ാം തിയതി 'പാർക്കിൻസൺ' രോഗത്തിന്നടിമയായ ഉദയഭാനു തിരുവനന്തപുരത്തുവെച്ചാണ് നമ്മെ വിട്ടുപിരിഞ്ഞത്. മകൻ, മരുമകൾ, പേരമകൻ എന്നിവർ സമീപത്തുണ്ടായിരുന്നു. നല്ലൊരു സംഗീതജ്ഞനായ ബാലമുരളിയുടെ മകളും നടിയും ഗായികയുമായ അപർണ്ണ ബാലമുരളി ഇദ്ദേഹത്തിന്റെ അനന്തരവളാണ്.

***സിനിമാഗാന വിശേഷങ്ങൾ***

1958ൽ നായര് പിടിച്ച പുലിവാലിലെ 'എന്തിനിത്ര പഞ്ചസാര പുഞ്ചിരിപ്പാലിൽ' എന്ന ഗാനത്തോടെയാണ് മലയാളസിനിമാരംഗത്തേക്ക്

പ്രവേശിച്ചത്. (സത്യൻ, രാഗിണി ജോഡികളഭിനയിച്ച ഇതിൽ സത്യന് വേണ്ടിയാണീ ഗാനമാലപിച്ചത്.) ഏതാണ്ട് അമ്പതിലധികം ഗാനങ്ങളിദ്ദേഹം ആലപിച്ചിട്ടുണ്ട്. ഏറ്റവും പ്രസിദ്ധമായ ഇദ്ദേഹത്തിന്റെ ഗാനങ്ങളിൽ രമണനിലെ 'കാനനഛായയിലാടു മേയ്ക്കാൻ', 'അനുരാഗനാടകത്തിൻ' (നിണമണിഞ്ഞ കാല്പാടുകൾ), പൊൻവളയില്ലെങ്കിലും, പൊന്നാട യില്ലെങ്കിലും (കുട്ടിക്കുപ്പായം), താമര തുമ്പീവാ (പുതിയ ആകാശം, പുതിയ ഭൂമി); വെള്ളിനക്ഷത്രമേ നിന്നെ നോക്കി (രമണൻ), ചുടുകണ്ണീരാലെൻ (ലൈലാ മജ്നു), 'വാടരുതീ മലരിനി' (സത്യഭാമ), പെണ്ണാളേ, പെണ്ണാളേ (ചെമ്മീൻ), 'വിരലൊന്നില്ലെങ്കിലും', പെണ്ണായി പിറന്നെങ്കിൽ (വേലുത്തമ്പി ദളവ); വെളുത്ത പെണ്ണേ, വെളുത്ത പെണ്ണേ (നായര് പിടിച്ച പുലിവാല്) എന്നിവ ഉൾപ്പെടും.

ഇദ്ദേഹത്തിന്റെ അവസാന ഗാനം 2010ൽ 'താന്തോന്നി' എന്ന സിനിമയ്ക്ക് വേണ്ടി റെക്കോർഡ് ചെയ്ത 'കാറ്റ് പറഞ്ഞത്' എന്നതാണ്. 40 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണീ ഗാനം ഇദ്ദേഹമാലപിച്ചത്. കൂടാതെ സമസ്യ, വെളിച്ചമില്ലാത്ത വീഥി, മയിൽപ്പീലി എന്നീ സിനിമകൾക്കും ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്ത ഒട്ടേറെ ലളിതഗാനങ്ങൾക്കും ഇദ്ദേഹം സംഗീത സംവിധാനം നിർവ്വഹിച്ചിട്ടുണ്ട്. 1984 ഇദ്ദേഹം 'കമുകറ'യോടൊപ്പം ചേർന്ന് 'ഓൾഡ് ഈസ് ഗോൾഡ്' എന്നൊരു സംഗീത ട്രൂപ്പുണ്ടാക്കി ലോകമാകെ പര്യടനം നടത്തുകയും ചെയ്തു. 1985ൽ ഏഷ്യാ-പെസഫിക്ക് സംഗീത മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തതും ഉദയഭാനുവാണ്. ഇതിന് പുറമെ 'ഡ്രംസ് ഓഫ് ഇന്ത്യ' എന്ന സംഗീത പരിപാടിയുടെ പ്രമുഖ സംവിധായകനാകാനും അവസരം ലഭിച്ചു. തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'ഭാരതീയം' പരിപാടിയുടെ പ്രധാന സംഗീതസംവിധായകനും ഇദ്ദേഹമല്ലാതെ മറ്റാരുമല്ല.

സ്വാതന്ത്ര്യദിനത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരളത്തിലെ 32 പ്രമുഖ കവികളുടെ സൃഷ്ടികൾക്ക് സംഗീത സംവിധാനം നിർവ്വഹിക്കാനുള്ള ഭാഗ്യം സിദ്ധിച്ചതും ഉദയഭാനുവിനു തന്നെ. നൂറിലധികം ദേശഭക്തി ഗാനങ്ങളുടെ സംഗീതസംവിധാനവും നിർവ്വഹിച്ചതായി പറയപ്പെടുന്നു. ഇവയിൽ 80 ഓളം ഗാനങ്ങൾ മലയാളത്തിൽ നിന്നാണ്. ചില ചലച്ചിത്ര ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ഉദയഭാനുവിന്റെ ശബ്ദം 1960–70 കാലങ്ങളിലിറങ്ങിയ മലയാള സിനിമകളിലെ ശോകഗാനങ്ങൾക്ക് ഏറെ യോജിച്ചതായിരുന്നു എന്നായിരുന്നു.

### *ബഹുമതികൾ*

1. 1981ൽ സിനിമാരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള കേരള സർക്കാർ ബഹുമതി.
2. 1987ൽ കേരള സംഗീത നാടക അക്കാദമി അവാർഡ്.
3. റേഡിയോ പ്രക്ഷേപണരംഗത്തെ സമഗ്രസംഭാവനയ്ക്ക് ആകാശവാണിയുടെ ആദരം.
4. 1994 ഏറ്റവും നല്ല 'നോൺ ഫീച്ചർ ഫിലിം' സംവിധായകനുള്ള അവാർഡ്. (Myth of the Tree, Serpant Mother)
5. 2002 – സംഗീത നാടക അക്കാദമി അവാർഡ്.
6. 2003 – ബി. ആർ. അംബേദ്കർ കലാശ്രീ അവാർഡ് (ഭാരതീയ ദളിത് സാഹിത്യ അക്കാദമി, ന്യൂഡൽഹി)
7. 2004 – കേരള സംഗീത അക്കാദമി ഫെല്ലോഷിപ്പ്.
8. 2006 – കമുകം അവാർഡ്
9. 2009 ൽ – പത്മശ്രീ അവാർഡ്.

### *പദവികൾ*

1) കേരള സംഗീത നാടക അക്കാദമി അംഗം 2) കേരള കലാമണ്ഡലം ഭരണസമിതി അംഗം 3) കാലിക്കറ്റ് സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് സംഗീത വിഭാഗഅംഗം. 4) മഹാത്മാഗാന്ധി സർവ്വകലാശാല 5) മൂന്ന് തവണ ഫിലിം സെൻസർ ബോർഡ് അംഗം 6) 3 തവണ സംസ്ഥാന ചലച്ചിത്ര അവാർഡ് കമ്മറ്റിയംഗം 7) ആകാശവാണിയുടെ ശബ്ദ പരിശോധന വിഭാഗത്തിലെ അംഗം

## *ബി. വസന്ത*

ആന്ധ്രയിലെ മച്ചിലി പട്ടണത്ത്, രവീന്ദ്രനാഥിന്റെ മകളായി 1944 മാർച്ച് 20 നാണ് ജനനം. സംഗീതജ്ഞനായ അച്ഛൻ നന്നെ ചെറുപ്പത്തിൽ തന്നെ വസന്തയെ സംഗീതം പഠിപ്പിക്കാൻ ശ്രദ്ധിച്ചിരുന്നു. അന്നത്തെ പ്രസിദ്ധ സംഗീതജ്ഞനായ രാഘവാചാരിയായിരുന്നു ശാസ്ത്രീയ സംഗീതത്തിൽ വസന്തയുടെ ആദ്യ ഗുരു. അച്ഛൻ ലളിതഗാനത്തിലും അഭ്യസനം നൽകി. ഏകലവ്യൻ, ദ്രോണാചാര്യരെ എങ്ങിനെ ഗുരുവായി കണ്ടുവോ, അതേപോലെ വസന്ത സിനിമാലോകത്തെ ലതാ മങ്കേഷ്കറെ തന്റെ മാനസ ഗുരുവായി കണ്ടിരുന്നുവെന്ന്, ഇടയ്ക്കിടെ പറയുമായിരുന്നു.

1962ൽ അന്നത്തെ പ്രശസ്ത കവി 'ആത്രേയ' നിർമ്മിച്ച 'വാഗ്ദാനം' എന്ന തെലുങ്ക് സിനിമയിൽ പെണ്ട്യാല നാഗേശ്വര റാവുവിന്റെ സംഗീത സംവിധാനത്തിലാണ് ആദ്യം പാടിയത്. ദക്ഷിണേന്ത്യൻ ഭാഷയ്ക്ക് പുറമെ ഹിന്ദി, തുളു, ബംഗാളി എന്നീ ഭാഷകളിലായി ഏകദേശം മൂവായിരത്തിലധികം ഗാനങ്ങൾ പാടിയതായി പറയപ്പെടുന്നു. മലയാളത്തിൽ മുന്നൂറോളം ഗാനങ്ങളുൾപ്പെടും. 20ഓളം സംഗീത സംവിധായകരുടെ കീഴിലാണിത്രയും പാടിയത്.

തമിഴ് സിനിമയിലെ കെ. വി. മഹാദേവന്റെ സഹകാരിയായിരുന്ന പുകഴേന്തി (വേലപ്പൻ നായർ)ക്ക് ഒരു മലയാളം സിനിമയിൽ സംഗീതസംവിധാനം ചെയ്യാൻ ക്ഷണം കിട്ടിയപ്പോൾ വസന്തയെ അതിലേക്ക് ക്ഷണിക്കുകയായിരുന്നു. ഇതാണ് മലയാളത്തിലെ തുടക്കം. 'മുതലാളി' എന്ന ഈ സിനിമയിൽ എസ്. ജാനകി, ശൂലമംഗലം രാജലക്ഷ്മി എന്നിവരോടൊത്ത് വസന്തയും ചേർന്ന് പാടിയ ഗാനമായിരുന്നു 'പൊന്നാര മുതലാളി' എന്ന ഗാനം. തമിഴിൽ 'വേദ'യാണ് വസന്തയ്ക്കവസരം നൽകിയത്. ഈ ഗാനം യേശുദാസിനോടൊപ്പമാണ് വസന്ത പാടിയത് (സിനിമ – കൊഞ്ചും കുമരി). എം. എസ്. ബാബുരാജിന്റെ അനാർക്ക

ലിയിലെ ഗാനമായ 'നദികളിൽ സുന്ദരി യമുനാ', അശ്വമേധത്തിലെ 'തെക്കും കൂറടിയാത്തി', കൂട്ടു കുടുംബത്തിലെ 'മേലേ മാനത്തെ നീലിപ്പുലയിക്ക്', പേൾ വ്യൂവിലെ 'യവന സുന്ദരി', തുലാഭാരത്തിലെ 'ഭൂമിദേവി പുഷ്പിണിയായി' ഇവയൊക്കെ അന്നത്തെ സിനിമാഗാന ശ്രോതാക്കൾ നെഞ്ചിലേറ്റുവാങ്ങിയ ഗാനങ്ങളിൽ ചിലത് മാത്രം.

മലയാള, സംഗീത സംവിധായകരിൽ ദേവരാജൻ മാസ്റ്ററെ താൻ ഏറെ ബഹുമാനിക്കുന്നുവെന്ന് ഇവർ പറയുന്നു. 'തെന്നിന്ത്യയിലെ നൗഷാദ്' ആയാണ് ഇദ്ദേഹത്തെ ഇവർ വിശേഷിപ്പിക്കുന്നത്. എല്ലാവരേയും ഇഷ്ടമാണെങ്കിലും സലിൽ ചൗധരിയുടെ സംവിധാന കഴിവ് കണക്കിലെടുത്ത് ഒരു പ്രത്യേക ഇഷ്ടമുണ്ടെന്നും ഇവർ സമ്മതിക്കുന്നു. 'ഒതേനന്റെ മകൻ' എന്ന സിനിമയിൽ 'ചന്ദ്രനുദിക്കുന്ന ദിക്കിൽ' എന്ന ഗാനം പാടുമ്പോൾ താൻ കടുത്ത ജലദോഷത്തിന്നടിമയായിരുന്നെങ്കിലും ഒരുവിധം പാടി. ആ പാട്ടു കേട്ടാൽ തന്റെ ശബ്ദവ്യത്യാസം വ്യക്തമായി മനസ്സിലാകുമെന്നും ഇവർ പറയുന്നു. എങ്കിലും ഈ ഗാനം ഇവർ ഇടക്കിടെ മൂളിനടക്കാറുണ്ടത്രെ.

വസന്തയുടെ ഭർത്താവിന്റെ പേർ സുധാകർ എന്നാണ്. ഈ ദമ്പതിമാർക്ക് മൂന്ന് മക്കളാണ്. മലയാളത്തിൽ ഇത്രയധികം ഗാനങ്ങളാലപിച്ചിട്ടും, കേരള സർക്കാറിന്റെ ഒരു ബഹുമതിയും കിട്ടാത്തതിലുള്ള ദുഃഖം വസന്ത മറച്ചുവെയ്ക്കുന്നില്ല. പല സ്ഥാപനങ്ങളും, ഫാൻസ് ക്ലബ്ബുകളും അവാർഡുകൾ നൽകിയിരുന്നുവെന്ന് മാത്രം. പലരേയും സ്വാധീനിക്കാനുള്ള ശ്രമം തന്റെ ഭാഗത്തു നിന്ന് ഇല്ലാതെപോയത് ഒരുകാരണമാകാമെന്നൊക്കെ ചിലർ അഭിപ്രായപ്പെട്ടിരുന്നതായും ഇവർ ഓർക്കുന്നു. എങ്കിലും ഇതേപ്പറ്റി ചിന്തിച്ച് സമയം കളയാൻ താൻ തയ്യാറല്ലെന്നും, തനിക്ക് തന്റെ കുടുംബവും, അവരോടൊത്തുള്ള ജീവിതവുമാണ് വലുതെന്നും ഇവർ പറയുന്നു.

ഒടുവിൽ 1994ൽ മലയാള സിനിമയുടെ 'ഗോൾഡൻ ജൂബിലി' ആഘോഷവേളയിൽ പാടാൻ, ദേവരാജൻ മാസ്റ്റർ ചെന്നൈയിൽ വന്ന് ക്ഷണിച്ചപ്പോൾ വസന്ത യാതൊരു വൈമനസ്യവും പ്രകടിപ്പിക്കാതെ അതിൽ പങ്കെടുക്കുകയും ചെയ്തു. ഇതവരുടെ വ്യക്തി പ്രഭാവം വിളിച്ചോതുന്നു. തെലുങ്ക്, കന്നട ഭാഷകളിൽ ഓരോ സിനിമയ്ക്ക് സംഗീത സംവിധാനവും നിർവ്വഹിച്ചിട്ടുണ്ട്.

**വസന്ത ആലപിച്ച ചില മലയാള ഗാനങ്ങൾ**

1) കുടമുല്ലപ്പൂവിനും മലയാളിപ്പെണ്ണിനും (ജ്വാല) 2) കാർത്തിക വിളക്ക് കണ്ട് പോരുമ്പോൾ (കായംകുളം കൊച്ചുണ്ണി) 3) പുഷ്പഗന്ധി (അഴകുള്ള സെലീന) 4) കന്യാദാനം (ചീനവല) 5) പണ്ടു നമ്മൾ (തറവാട്ടമ്മ) 6) വാർതിങ്കൾ കണിവെയ്ക്കും (വിദ്യാർത്ഥി) 7) സ്വപ്ന സഞ്ചാരിണി നിന്റെ മനോരഥം (കൂട്ടുകുടുംബം) 8) രാസലീലയ്ക്ക് വൈകിയതെന്ത് (ആഭിജാത്യം) 9) ചഞ്ചലിത ചഞ്ചലിത (ധീരസമീരെ യമുനാതീരെ) 10) ചന്ദ്രനുദിക്കുന്ന ദിക്കിൽ (ഒതേനന്റെ മകൻ) 11) ചന്ദ്രപളുങ്കുമണി മാല (കന്യാകുമാരി) 12) താരകേശ്വരി നീ (പട്ടാഭിഷേകം) 13) ഇന്നത്തെ രാത്രി ശിവരാത്രി (വിലയ്ക്ക് വാങ്ങിയ വീണ) 14) കക്ക കൊണ്ട് കടൽമണ്ണു കൊണ്ട് (പൂച്ചക്കണ്ണി) 15) കന്യകാ മാതാവേ (മാടത്തരുവി) 16) കൊതുമ്പുവള്ളം തുഴഞ്ഞുവരും കൊച്ചുപുലക്കള്ളി (നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി) 17) കസവിന്റെ തട്ടമിട്ട് (ഖദീജ) 18) ആനന്തനടനം (കടത്തനാട്ട് മാക്കം)

തമിഴ്നാട് സർക്കാരും, ആന്ധ്രസർക്കാരും ഇവരെ യഥാക്രമം 'കലൈമാമണി', 'ഉഗഡി' അവാർഡുകൾ നൽകി ആദരിക്കുകയുണ്ടായി. 2019 വർഷത്തെ 'ദേവരാജൻ ശക്തി ഗാഥാ' പുരസ്ക്കാരം ഇവർക്ക് 27-09-2019ന് സമ്മാനിച്ചു.

*അടുത്ത ലക്കം : പി. സുശീല*


(തുടരും)

ഏക തത്ത്വ മാസിക
വായിക്കുക വരിക്കാരാവുക

■ കവിത

# ആഹാരക്കൊല

വിനോദ് ചെത്തല്ലൂർ
9562410046



മരം വിഴുങ്ങാത്ത
വെയിൽ വന്നു വിളിച്ചാണ്
അവളുണർന്നത്

അടുക്കള കണ്ട്
മരവിച്ചു !!

വീട്ടുജീവികൾക്ക് തീറ്റക്ക്
അരുംകൊല ചെയ്തിട്ട
അരുമയായ
പോറ്റു ജീവികൾ !

ജനാലപ്പുറത്തു വന്ന്
എത്തിനോക്കാറുള്ള
പയർവള്ളിയുടെ നീളൻ മക്കൾ !

കവിൾ തുടുത്ത്
കുളിരുമ്മ തരാറുള്ള
വഴുതനപ്പിഞ്ച് !

ആകാശക്കാഴ്ച മോഹിച്ച
ചീരച്ചോരക്കഴുത്തുകൾ !

പച്ച തിരയടിക്കുന്ന
പാവൽക്കുരുന്നുകൾ !

പിന്നെ
മിനുത്ത
മുളകുകുഞ്ഞുങ്ങൾ !

മണ്ണിൻ മാറിൽ
മേയാനയച്ചപ്പോൾ
തന്റെ മുന്നിൽ
പുളച്ചുണർന്നവർ...

ഉപ്പുവെള്ളത്തുള്ളികളിലൂടെ,
അരിഞ്ഞുകൂട്ടിയ
പ്രിയരെക്കണ്ട്
തലോടവേ
കൈ വിറച്ചു!!

എന്നാലും...

തന്നെപ്പോലുള്ള
ഈ ഓമനകളോട്
അമ്മയ്ക്കിതെങ്ങനെ...??

## ലോകക്കാഴ്ച

# മനുഷ്യന്റെ അതിജീവനം



**ജനാർദ്ദനൻ പി. വണ്ടാഴി**
**8089060168, 9847660168**

മനുഷ്യന്റെ അതിജീവനം ഇന്ന് വലിയൊരു സമസ്യയാണ്. ഭൂമിയെ സംരക്ഷിക്കേണ്ടതുണ്ടോ ? അതിനെക്കുറിച്ചുള്ള സത്യസന്ധമായ ആലോചനകൾ ശാസ്ത്രീയ തലത്തിൽ നടന്നിട്ടുണ്ടോ ? രാഷ്ട്രീക്കാർ നയിക്കുന്ന മനുഷ്യന്റെ അതിജീവനം വലിയ ചോദ്യമായി തന്നെ അവശേഷിക്കുന്നു. വെളുത്തവൻ കറുത്തവനേയും തിരിച്ചും ഉന്മൂലനം ചെയ്യപ്പെടാൻ ശഠിക്കുന്നു. ജാതിയുടെ പേരിൽ, മതത്തിന്റെ പേരിൽ, ദൈവങ്ങളുടെ പേരിൽ, സമ്പത്തിന്റെ പേരിൽ രാജ്യാതിർത്തികളുടെ പേരിൽ- മനുഷ്യൻ തമ്മിൽ തമ്മിൽ നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിനിടയിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് ലോകാവബോധമാണ്.

ആധുനികത എന്താണ് ? വലിയ വലിയ കെട്ടിടങ്ങൾ, വ്യവസായശാലകൾ, കൃഷിപ്പണിക്ക് പോകാത്ത ജനങ്ങൾ, ഇതൊക്കെയാണോ ആധുനികം. വലിയ നിലയിൽ നാം തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നു. ഭക്ഷണം, വായു, വെള്ളം എന്നിവയുടെ ലഭ്യതയാണ് ഭൂമിയിലെ മനുഷ്യവാസത്തിനുള്ള യോഗ്യതകൾ തീരുമാനിക്കുന്നത്. ഭാവിയിൽ ജീവൻ നിലനിർത്താനായി ഈ മൂന്ന് ഘടകങ്ങളിലും വൻതോതിൽ പണം മുടക്കേണ്ടിവരും. നാം ആഗ്രഹിച്ചാലും ഇല്ലെങ്കിലും മനുഷ്യന്റെ അത്യാർത്തിയുടെ ഫലമായി അതിവേഗത്തിൽ ഭൂമിയെ നാശത്തിലേക്ക് വിടേണ്ടി വരും.

ബ്രസീലിലും ചുറ്റുമുള്ള ഏഴ് രാജ്യങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന ആമസോണിലെ നിബിഡ വനങ്ങൾ ലോകത്തിന്റെ തന്നെ കാലാവസ്ഥയെ നിയന്ത്രിക്കുന്ന വനമാണ്. പതിനൊന്നായിരം വർഷം മുമ്പ് അവിടെ മനുഷ്യർ ജീവിച്ചിരുന്നു. അഞ്ഞൂറുവർഷം മുമ്പ് ആമസോൺ വനാന്തരങ്ങളിൽ എഴുപത് ലക്ഷത്തോളം ആദിമനിവാസികൾ വസിച്ചിരുന്നു. ഇപ്പോഴത് ഇരുപത്തിയേഴ് ലക്ഷമായി കുറഞ്ഞുപോയി. യൂറോപ്യൻമാരുടെ അധിനിവേശം വലിയ വിഭാഗം ആദിമനിവാസികളെ ഉന്മൂലനം ചെയ്തു. ഇപ്പോഴും അത് തുടർന്നുകൊണ്ടേയിരിക്കുന്നു. ബ്രസീലിലെ രാഷ്ട്രീയ നേതൃത്വം വനനശീകരണത്തിന് സഹായം ചെയ്തുകൊടുക്കുന്നു. വൻമൂല്യമുള്ള മരങ്ങൾ സർക്കാരിന്റെ ഒത്താശയോടെ കാട്ടുകള്ളന്മാർ കടത്തിക്കൊണ്ടുപോകുന്നു. ആമസോൺ വനാന്തരത്തിൽ സ്വർണ്ണത്തിന്റെ വലിയ ശേഖരമുണ്ടെന്ന് വിശ്വസിക്കുന്നു. ലോഹങ്ങളുടെ ഖനനത്തിന്നായി ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ നിന്ന് ധാരാളമായി ആൾക്കാർ വനാന്തരത്തിൽ വന്ന് തമ്പടിക്കുന്നു. സർക്കാരും ഖനന വ്യവസായത്തെ രഹസ്യമായി പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നുവേണം കരുതാൻ. കാലിവളർത്താനായി, കൃഷിക്കായി - ഇതിന്റെ മറ പിടിച്ച് വനങ്ങൾ തീയിട്ട് നശിപ്പിക്കുകയാണ്. ഓരോ വർഷവും രണ്ടുകോടിയോളം ഏക്കർ വനമാണ് നശിപ്പിക്കപ്പെടുന്നത്. എഴുപത്തഞ്ചോളം വർഷമായി ഇത് തുടർന്നുകൊണ്ടേയിരിക്കുന്നു. ഈ വർഷം ഇതുവരെയായി അമ്പതിനായിരത്തിലധികം ഏക്കർ വനഭൂമി തീയിന് ഇരയായി കഴിഞ്ഞിരിക്കുന്നു. പതിനായിരത്തോളം സ്ഥലങ്ങളിൽ ഇപ്പോഴും തീ കത്തിക്കൊണ്ടിരിക്കുന്നു. ലോകരാഷ്ട്രങ്ങൾ അല്പമാത്രമായ പ്രതിരോധശബ്ദം ഉയർത്തി. അത് ബ്രസീലിയൻ സർക്കാരിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞില്ല. വൻതോതിലുള്ള ആധുനികവത്ക്കരണം ലക്ഷ്യമിട്ടാണത്രെ ബ്രസീലിൽ വനനശീകരണം നടത്തുന്നതെന്നാണ് അവർ വാദിക്കുന്നത്.

കുറേകാലങ്ങളായി നാം കേട്ടുകൊണ്ടിരിക്കുന്ന ഒരു വാർത്തയാണ് ആഗോളതാപനം ഗണ്യമായി വർദ്ധിച്ചിരിക്കുന്നു എന്ന്. അതിനാൽ കാലാവസ്ഥയിൽ കാര്യമായ വ്യതിയാനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. കൃഷിയെ കാലാവസ്ഥയിലെ മാറ്റങ്ങൾ കാര്യമായി ബാധിക്കുന്നു. അത് ഭക്ഷണസാധനങ്ങളുടെ ലഭ്യതയിൽ കുറവുണ്ടാക്കുന്നു. ഭക്ഷണ സാധനങ്ങൾ ഫാക്ടറികളിൽ നിന്ന് ഉണ്ടാക്കാൻ കഴിയാത്ത കാലത്തോളം കൃഷി ചെയ്തേ കഴിയൂ. മനുഷ്യന്റെ ഊർജ്ജം കൃഷിയാണെന്ന് അടിവരയിട്ട് സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ആ അവസ്ഥയിൽ, ഭക്ഷണം കിട്ടാത്ത ഒരവസ്ഥയിൽ മാനവരാശിയുടെ നിലനില്പുതന്നെ വലിയ ചോദ്യമാകും.

### *തദ്ദേശീയം*

മുകളിലെ ചിന്തയുടെ തുടർച്ച തന്നെയാണിതും. കേരളത്തിലെ ഏതെങ്കിലും പാർട്ടിയിലെ നേതൃത്വം കേരളത്തിന്റെ അതിജീവനത്തെ കുറിച്ച് പഠിച്ചിട്ടുണ്ടോ? നമുക്ക് ഇക്കാര്യത്തിൽ സംശയലേശമെന്യേ പറയാവുന്ന ഒരു വാക്കാണ് - ആരുടെ ചിന്തയിലും അക്കാര്യം ഉദിച്ചിട്ടില്ല. മലയാളികളുടെ പ്രതിഷേധിക്കാനുള്ള ശബ്ദം മലയാളമണ്ണിന്റെയോ ആളുകളുടെയോ അതിജീവനത്തിനുവേണ്ടിയുള്ളതല്ല. മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ പഠനങ്ങൾ എത്ര വേഗത്തിലാണ് നാം കാറ്റിൽ പറത്തി വിട്ടത്. സർക്കാർ അത് കൈകൊണ്ടു തൊട്ടുനോക്കാനുള്ള ശ്രമം നടത്തിയിട്ടില്ല. പരിസ്ഥിതി ലോല പ്രദേശമായ പശ്ചിമഘട്ട മലനിരകളെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായ നഗരവത്ക്കരണത്തിന് ഉപയോഗിക്കരുതെന്നാണ് പറഞ്ഞിട്ടുള്ളത്. കൃഷി ആവശ്യത്തിനെന്ന പേരിൽ വനഭൂമി കൈയേറിയിരിക്കുന്നു. ഇതിന് സർ

വ്വ രാഷ്ട്രീയപാർട്ടികളുടേയും പിന്തുണയുണ്ട്. കൈയേറിയ സ്ഥലങ്ങളിൽ വൻതോതിൽ പാറ ഖനനം നടത്തുന്നു. നാണ്യവിളകൾക്കായി എസ്റ്റേറ്റുകൾ സ്ഥാപിച്ചിരിക്കുന്നു. എന്നാൽ ഇവിടെയൊന്നും ഭക്ഷണാവശ്യത്തിന്നായി ഒരു വസ്തുവും ഉണ്ടാക്കുന്നില്ല. നാണ്യവിളകൾ, ക്വോറികൾ, ഒക്കെ നാട്ടിലേക്ക് വൈറസ്സുകൾ പോലെ പടർന്നുകൊണ്ടേയിരിക്കുന്നു. 2019 ആഗസ്റ്റിൽ വടക്കൻ ജില്ലകളിൽ സ്വാഭാവികമായ ഉരുൾപൊട്ടലല്ല ഉണ്ടായിരിക്കുന്നത് എന്ന് പഠനനിരീക്ഷണങ്ങൾ പറയുന്നു. 'സോയിൽ പൈപ്പിംഗ്' എന്ന പ്രതിഭാസമാണ് ദുരന്തകാരണം. ക്വോറികളിലെ പ്രകമ്പനം കൊള്ളിക്കുന്ന വെടികൾ, കൃഷിയിടങ്ങളിലെ ജെ.സി.ബി. പോലുള്ളവ ഉപയോഗിച്ചു നടത്തുന്ന കുഴിയെടുക്കലുകൾ, മറ്റു പണികൾ, അനാവശ്യകെട്ടിട നിർമ്മാണങ്ങൾ. മരങ്ങളുടെ വേരുകൾ മുറിച്ചു നീക്കപ്പെടുന്നതോടെ മണ്ണൊലിപ്പ് തടയാനുള്ള ഉപാധികൾ നഷ്ടപ്പെടുത്തുന്നു. അടിയിലേക്ക് ഊർന്നിറങ്ങുന്ന വെള്ളം അടിമണ്ണിനെ ഒഴുക്കിക്കൊണ്ടുപോകുന്നു. നിരന്തരം വാർത്തകൾ, പഠനങ്ങൾ, ചർച്ചകൾ ഒക്കെയുണ്ടായിട്ടും സർക്കാർ മെഷിനറികൾ മാത്രം ഒന്നുമറിഞ്ഞില്ലെന്ന മട്ടിലാണ്.

കേരളത്തിലെ ഭൂപ്രകൃതിയെപ്പറ്റി അല്പം ജ്ഞാനം നമുക്കെല്ലാം അത്യാവശ്യം വേണ്ടതാണ്. പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിൽ കിടക്കുന്ന ഒരു കൊച്ചുകരയാണ് പരശുരാമൻ കടലിൽ നിന്നും വീണ്ടെടുത്തത് എന്ന് ഐതിഹ്യം. ഒരുകാലത്ത് കടലിൽ നിന്ന് പൊങ്ങിവന്ന് വൻകരയോടു ചേർക്കപ്പെട്ടത് എന്ന് വിവക്ഷ. പലക പോലെ, പലതട്ടുകളായി ഭൂമി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഭൂകമ്പസാദ്ധ്യതാമേഖലയിൽ കിടക്കുന്നു. ഐതിഹ്യം പോലെ കടലിൽ നിന്നും പൊങ്ങിവന്നതാണെങ്കിൽ അതുപോലെത്തന്നെ കടലിലേക്ക് പിണങ്ങി ഇറങ്ങിപോകാനും സാദ്ധ്യത കല്പിക്കുന്ന പ്രദേശം. ഭാരതത്തിലെ ഏതുപ്രദേശത്തേയുംകാൾ വേഗത്തിൽ അപ്രത്യക്ഷമാകാൻ സാദ്ധ്യത നമ്മുടെ കേരളത്തിന്നാണ്. ഇപ്പോഴത്തെ നമ്മുടെ പ്രവർത്തികൾ നാശം ഒന്നുകൂടി വേഗത്തിലാക്കും.

***അവസാനഭാഗം***

ആഗോളതാപനം കൊണ്ട് ധ്രുവപ്രദേശത്തെ മഞ്ഞുരുകാൻ തുടങ്ങിയിരിക്കുന്നു. അധികം താമസിയാതെ ഇപ്പോഴുള്ള കരഭൂമിയുടെ മൂന്നിലൊരു ഭാഗത്തെ കടൽ വിഴുങ്ങുമെന്നുസാരം. ഭാരതത്തിന്റെ ഏഴായിരം കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശങ്ങളും കടലിന്നടിയിലേക്ക് പോകാം. മൂന്നിൽ ഒന്ന് കര ഭൂമി കേരളത്തിനും നഷ്ടപ്പെട്ടേക്കാം.

ദിനോസാറിയൻ യുഗം അവസാനിച്ചതിനെപ്പറ്റി ചില പഠനങ്ങൾ പുറത്തുവന്നിരിക്കുന്നു. കടലിലെ ഓക്സിജന്റെ അളവ് വല്ലാതെ താഴ്ന്നുപോയതുകൊണ്ട് ജീവി വർഗ്ഗങ്ങൾക്ക് നാശം സംഭവിക്കുകയാണ് ചെയ്തത്.

ഇപ്പോഴും അതേ പ്രതിഭാസം ഉണ്ടാകുന്നു. കടലിന്നടിയിലെ കോറൽറീഫ് കോളനികൾക്ക് വല്ലാത്ത നാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. കടലിലെ പല ജീവിവർഗ്ഗങ്ങളും വംശനാശഭീഷണി നേരിടുന്നുണ്ട്. ഇതുണ്ടാകാൻ ചില പ്രത്യേക കാരണങ്ങൾ - വ്യവസായ മാലിന്യങ്ങൾ വൻതോതിൽ കടലിലേക്ക് ഒഴുക്കിവിടുന്നു; പ്ലാസ്റ്റിക് മാലിന്യങ്ങൾ, മനുഷ്യനിർമ്മിതമായ മറ്റുമാലിന്യങ്ങൾ എല്ലാം അവസാനം ചെന്നുചേരുന്നത് കടലിലാണ്. മനുഷ്യൻ തന്നെ സ്വയം നാശത്തിലേക്കു നടന്നുപൊയ്ക്കൊണ്ടിരിക്കുന്നു.

'സദ്ഗുരു'വിന്റെ ഒരു പ്രസംഗം ഞാൻ യൂട്യൂബിൽ കാണുകയുണ്ടായി. അദ്ദേഹം ലോകകാലാവസ്ഥാ വ്യതിയാനത്തെ പറ്റി ശരിയായി പഠിപ്പിച്ചിരിക്കുന്നു. ഭൂമിയുടെ ഹരിതാഭ മാഞ്ഞുപോകാതെ നാം ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്. അതുകൊണ്ട് ഓരോരുത്തരും ഓരോ മരങ്ങൾ വച്ചുപിടിപ്പിക്കാൻ നോക്കണം. ഭൂമി മലിനമാകാതെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

സ്വയം ഉണരുക. അല്ലെങ്കിൽ നാശത്തിലേക്ക് ഒഴുകിപ്പോകുക.

●



# ഇണ പിരിഞ്ഞപ്പോൾ




**എം. കെ. ശശിധരൻ**
**9847838361**

ചക്രവാളത്തിന്റെ സീമയിൽ
നിന്നുമേകാകിയാമൊരു
ചക്രവാകപക്ഷി നേരം
പ്രദോഷമായ് ലോകമിരുണ്ടതിൽ
ഇനിയും വന്നണഞ്ഞില്ലാത്ത തന്റെ
പ്രിയതമനാകുമിണയെ തിരഞ്ഞു
ലക്ഷ്യമില്ലാതെ ചിറകുതല്ലി
ഉദ്വിഗ്നയായി പറന്നുവന്നു
ഓരോ മരച്ചില്ല തോറും തിരഞ്ഞു
കാതരനാദത്തിൽ കൂജനം ചെയ്തു
എന്നാൽ വിഫലം
തിരയും ശ്രമങ്ങൾ
നൈരാശ്യമായിയാശങ്ക നല്കി
പിടയുന്ന ചേതനയോടെ
വീണ്ടും ഇണ പിരിഞ്ഞൊരു
ചക്രവാക പക്ഷി
അന്തരീക്ഷത്തിലലഞ്ഞു പറന്നു
തിരിയെ മടങ്ങുവാനാവുകില്ല
കണ്ടെത്തിയെ പറ്റു സ്വന്തമിണയെ
നേരം പകർന്നു പാതിരാവായി
അപ്പോഴുമവളുടെയോട്ടം തുടർന്നു
ചിറകു കുഴഞ്ഞവൾ ചെന്നിരുന്നു
രാവിന്റെ ചില്ലയിലേകയായി
അവളുടെ ചെറിയ കൺകളിൽ
നിന്നുമശ്രുകണങ്ങൾ
പൊഴിഞ്ഞുവീണു
അതൊന്നുമോർക്കാതെ
കാന്തനന്നേരമന്നു സമ്പാദിച്ച
കാമുകിപക്ഷിതൻ ചൂടേറ്റു
വേറൊരു കൂട്ടിലിരുന്നു
കൊക്കുകൾ ചേർത്തു
ചുംബിക്കയാണ്
വിരഹിയാമാ പെൺ
ചക്രവാകത്തിൻ, ഗദ്ഗദ-
മാർന്നൊരു കൂജനങ്ങൾ
ചക്രവാളത്തിലെന്നുമുയർന്നു.

### സുമാർ അരനൂറ്റാണ്ടിലേക്കടുക്കുന്ന ഒരോർമ്മ...

# മഞ്ഞിൽ പൊതിഞ്ഞ മഹനീയത...!!



ഈശ്വർകുമാർ തരവത്ത്
9946655277

ഉത്തരാഞ്ചലിലെ പ്രമുഖ ശക്തി പീഠങ്ങളിലൊന്നാണ്, സൂർഗന്ധാ ദേവീക്ഷേത്രം ! ഋഷീകേശിൽ നിന്ന് അറുപത്തിയഞ്ചു കി.മീറ്റർ അകലത്തിൽ കിഴുക്കാംതൂക്കായിക്കിടക്കുന്ന ഒരു മലമ്പ്രദേശം...

വിശാഖപട്ടണത്തെ ട്രെയിനിങ്ങിനിടെ ഞാനും എന്റെയൊരു സുഹൃത്തും ചേർന്നാണ് ഈ യാത്രക്കു തീരുമാനമെടുത്തത്. പ്രദേശത്തെക്കുറിച്ചും വഴികളെക്കുറിച്ചുമൊക്കെ ഏതാണ്ടൊരു രൂപം നേരത്തെ മനസ്സിലാക്കി വെച്ചിരുന്നു.

പരിശീലനമവസാനിച്ച് ഗൃഹാതുരത്തങ്ങളിറക്കി വെക്കാൻ കൂടെയുള്ളവരെല്ലാം വീടുകളിലേക്ക് കുതിക്കുന്നതിനിടയിൽ, ഞങ്ങളിതിലേക്കായി കുറച്ചു സമയം കണ്ടെത്തുകയായിരുന്നു. പക്ഷേ പെട്ടെന്ന് വ്യക്തിപരമായ ചില കാരണങ്ങളാൽ സുഹൃത്തിന് സിലിഗുരി വരെ പോകേണ്ട അവസ്ഥവരികയും, അയാൾ തന്റെ പേപ്പറുകളും സർട്ടിഫിക്കറ്റുകളും മറ്റുമടങ്ങിയ ബാഗ് എന്നെ ഏൽപ്പിക്കുകയും ചെയ്തു. നാട്ടിലെത്തിയ ശേഷം കൈപ്പറ്റാമെന്ന നിഗമനത്തിൽ.

റിസർവേഷനൊന്നുമില്ലാത്തതിനാൽ, അൽപം വളഞ്ഞ്, വാൾട്ടയർ കൽക്കത്ത ഡെറാഡൂൺ വഴിയാണ് ഋഷീകേശിലെത്താൻ തരപ്പെട്ടത്. മുസ്സൂറിവഴിയും ഇവിടേക്കെത്താം.

ഉത്തരാഞ്ചലിലെ ചംബ ജില്ലയിലാണ് സൂർഗന്ധാ ക്ഷേത്രം ! സാമാന്യം ചെറിയൊരു അങ്ങാടിയാണ് ചംബയെന്നു പറയാം. ഇവിടെനിന്നും പല മേഖലകളിലേക്കും റോഡുകൾ തിരിഞ്ഞുപോകുന്നു. അതുകൊണ്ടുതന്നെ എല്ലാ പരിസര പ്രദേശങ്ങളിലേക്കും ഇവിടെനിന്ന് ജീപ്പ് സർവ്വീസുകളുമുണ്ട്. മുസ്സൂറിയിലേക്ക് ഇവിടെനിന്ന് മുപ്പത്തിയെട്ടു കി.മീറ്ററാണ് ദൂരം.

ആപ്പിൾ കർഷകരുടെ ഒരു പ്രധാന തോട്ടമേഖലയും പ്രാദേശിക വിപണന കേന്ദ്രവുമാണിത് ! ഋഷീകേശിൽനിന്ന് മടുപ്പിക്കുന്ന ഒരു യാത്രക്കുശേഷം, രാവിലെ പത്തുമണിയോടെ ഞാൻ ചംബയിൽ ബസ്സിറങ്ങി. ബസ് സ്റ്റാന്റെന്നു പറയുന്ന സ്ഥലത്തുനിന്ന് ജീപ്പുകൾ നിൽക്കുന്ന സ്ഥലത്തേക്ക് ഒന്നര രണ്ടു കി.മീറ്റർ ദൂരമുണ്ട്. ഭാരിച്ച രണ്ടു ബാഗുകളുമായി ഞാൻ ഒരു പോലീസുകാരൻ കൈചൂണ്ടി കാണിച്ചുതന്ന ഭാഗത്തേക്കു നടന്നു.

സൂർഗന്ധാ ക്ഷേത്രത്തിലേക്കു പോകുന്ന ഒരു പഴയ ജീപ്പ് അവിടെ കിടക്കുന്നുണ്ട്. പോയ ജീപ്പ് തിരിച്ചെത്തിയ ശേഷമെ ഇതു പുറപ്പെടൂ.

' കഡ്ഖൽ " ..... 'കഡ്ഖൽ

ഡ്രൈവർ ഉറക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു. ജീപ്പുപോകുന്ന, മുപ്പത്തിയെട്ടു കി.മീറ്റർ ദൂരെയുള്ള ഗ്രാമത്തിന്റെ പേരാണതെന്ന് പിന്നീടു മനസ്സിലായി. കഡ്ഖലിൽ നിന്ന് വീണ്ടും രണ്ടു കി.മീറ്റർ കാൽനടയാത്രയിലൂടെ മലകയറി വേണം സന്നിധാനത്തെത്താൻ.

കുണ്ടും കുഴിയുമായ ഈ മെറ്റൽപാത ഇവിടെനിന്ന് നേരെ പോയി മുസ്സൂറിയിലവസാനിക്കുന്നു. സൂർഗന്ധയിൽ തൊഴുതു കഴിഞ്ഞ് ഇരുട്ടുന്നതിനുമുമ്പ് മുസ്സൂറിയിലെത്താൻ തന്നെയായിരുന്നു എന്റെ പരിപാടി. പൊട്ടിപ്പൊളിഞ്ഞ ആ ജീപ്പിൽ കയറാൻ ആദ്യം മനസ്സു സമ്മതിച്ചില്ല. മിനുട്ടുകൾക്കുള്ളിൽ അതു നിറയുകയും പുറപ്പെടാൻ തയ്യാറാവുകയുംചെയ്തു. മലമുകളിലിലെ റോഡുകളും അവയിലൂടെയുള്ള ഗതാഗതവും സമതലയാത്രകളിൽ നിന്നു തികച്ചും വ്യത്യസ്തമാണ്. മാത്രവുമല്ലാ, അപ്പോഴത്തെ എന്റെ കീശയുടെ കനക്കുറവ്, ഒരു ഹോട്ടലിൽ തങ്ങി രാത്രിവെളുപ്പിച്ചെടുക്കാനുള്ള പരുവത്തിലുമായിരുന്നില്ല. ഇതിനെല്ലാം പുറമേ , ആ കുഗ്രാമത്തിൽ താമസ സംവിധാനങ്ങളെന്തെങ്കിലുമുണ്ടോ എന്നറിയുകയുമില്ല.

വൈകിയുദിച്ച ബോധത്തോടെ ഞാൻ പഴയ ജീപ്പിന്റെ ചവിട്ടുപടികളിലേക്ക് ഭാരിച്ച ബാഗുകളുമായി ഇടിച്ചുകയറി. വശങ്ങളിലെ ഗ്രാമങ്ങളും കാടുകളും താഴ്ച്ചയുള്ള ഗർത്തങ്ങളും പിന്നിട്ട്, കുലുങ്ങിക്കുലുങ്ങി അതു മുന്നോട്ടേയ്ക്കു നീങ്ങി.

വഴിയിൽ ചിലർ ഇറങ്ങുകയും കയറുകയും ചെയ്തു. കഡ്ഖിലിൽ യാത്രയവസാനിക്കുമ്പോൾ, ഞാനടക്കം രണ്ടു മൂന്നു പേരേ ജീപ്പിലവശേഷിച്ചിരുന്നുള്ളു.

### മൂടിക്കെട്ടിയ അന്തരീക്ഷം...

അഞ്ചാറു ചായക്കടകളും നാലഞ്ചു ചെറിയ പലചരക്കുകടകളുമുണ്ട്. ഇവിടെയെത്തുന്ന യാത്രക്കാരുടെ ബാഗുകളും മറ്റു സാമഗ്രികളും ചായക്കടക്കാരെ ഏൽപ്പിക്കുകയാണ് പതിവെന്ന് കേട്ടിരുന്നു. അതിനവർ യാതൊരു പ്രതിഫലവും വാങ്ങില്ല. അത് തങ്ങളുടെ കടമയും സൂർഗന്ധാ ദേവിക്കുള്ള സമർപ്പണവുമായി അവർ കരുതുന്നു. അതിൽനിന്ന് യാതൊന്നും കളവുപോകില്ല ! പ്രകൃതിയോടുമല്ലിട്ട് അരോചകസാഹചര്യങ്ങളിൽ ജീവിതം നയിക്കുന്ന ഈ അസാമാന്യർ, അന്യന്റെ യാതൊന്നും ആഗ്രഹിക്കുന്നില്ല.

ഞാനൊരു കടയിലേക്ക്

കയറിച്ചെന്നു. ഗൗരവമാർന്ന മുഖമുള്ള മധ്യവയസ്ക്കനായ ഒരു സർദാർജി ചായയടിക്കുന്നു. ചായയുമായിവന്ന സർദാർജി എന്നോട് വിവരങ്ങൾ ചോദിച്ച്, ബാഗുകൾ പിന്നിലെ റൂമിൽ വെച്ചോളാൻപറഞ്ഞു. വെളിച്ചമില്ലാത്ത മുറിയിൽ ബാഗുകൾ വെച്ചു മടങ്ങുമ്പോൾ എന്തോ മനസ്സിനൊരു അവിശ്വാസം പോലെ. വീണ്ടും തിരിച്ചുപോയി, ഇരുബാഗുകളിലുള്ള പണവും സർട്ടിഫിക്കറ്റുകളും എല്ലാവിധ ഔദ്യോഗികപേപ്പറുകളും, കൈവശമുള്ള മറ്റൊരു ചെറിയ ബാഗിലേക്കു മാറ്റി.

ഞാൻ നോക്കുമ്പോൾ സർദാജി ചായയടിച്ചു കൊണ്ടിരിക്കുന്നു. മേശപ്പുറത്ത് എനിക്കു വെച്ച ചായയെടുത്തു കുടിച്ച്, ഒരു തവണകൂടി സർദാജിയോടു യാത്രാനുവാദം ചോദിക്കാനെന്നപോലെ, മലമുകളിലെ ക്ഷേത്രത്തിലേക്ക് കണ്ണയച്ച് കുറച്ചുനേരം കടയിറയത്തേക്കിറങ്ങി ഞാൻ നിന്നു. അയാൾ അതിലൊന്നും ശ്രദ്ധിക്കാത്തതുപോലെ ചായയടിച്ചു കൊണ്ടിരുന്നു.

സമുദ്രനിരപ്പിൽനിന്ന് പതിനായിരം അടി ഉയരത്തിലുള്ള മലമുകൾ ഇവിടെനിന്നു കാണാം ! പാതയോരത്തു നിന്ന് ഒരു കി. മീറ്ററിലധികം കുത്തനെ നടന്നുകയറണം. മുകളിലേക്കു നോക്കുന്തോറും ഉള്ളിൽ പേടി തോന്നിത്തുടങ്ങി. കാലുകൾ ഞാനറിയാതെ തന്നെ പിന്നിലേക്കു നീങ്ങിത്തുടങ്ങി. എന്റെ ശാരീരിക ഭാഷ മണത്തെടുത്ത സർദാർജി പാതയ്ക്കപ്പുറത്തേക്കു വിരൽ ചൂണ്ടി പറഞ്ഞു :

''കുതിരയുണ്ട് സാബ്, ഇരുനൂറ്റമ്പതു രൂപയോളം വരും''

അതെനിക്ക് മറ്റൊരു ഞെട്ടലായിരുന്നു ! ട്രെയിനിങ്ങ് കഴിഞ്ഞു മടങ്ങുന്ന എനിക്ക്, അതിന്റെ പകുതി പണം നാട്ടിലെത്താൻ മതിയാകുമായിരുന്നു! വിരലുകൾകൊണ്ട് വെറുതെ കീശയൊന്നുഴിഞ്ഞ്, സ്വതന്ത്രമായ കൈകൾവീശി ഞാൻ മുന്നോട്ടേക്കു നടന്നു.

താഴെ റോഡിൽ കുതിരകളേയും കുതിരക്കാരേയുമൊന്നും കാണാൻ കഴിഞ്ഞില്ല. നൂറടിയോളം മലകയറി ഒരു സമതലത്തിലെത്തിയപ്പോൾ, അവിടെ കുറച്ചു കുതിരകളേയും കുതിരക്കാരേയും കണ്ടു.

അവരെ ശ്രദ്ധിക്കാൻ നിൽക്കാതെ ഏന്തിവലിഞ്ഞ് ഞാൻ മലകയറി... ഒറ്റയ്ക്കും കൂട്ടായും കുറച്ചുപേർ മലകയറുന്നുണ്ട്. ഒരുവിധ അപരിചിതത്വവും അസാധാരണത്വവുമില്ലാതെ സുഗമമായി ആ ഗഢ്വാളീ കുടുംബങ്ങൾ മലകയറിപ്പോകുന്നു...

ഇതിനിടയിലൂടെ പുറത്തു ആളുകളെ കയറ്റിയ കുതിരകളും, മൂക്കുകയറും പിടിച്ച് കുതിരക്കാരും !! കുതിരക്കൊപ്പം നടക്കുന്ന അവരും ചെറിയ തോതിൽ കിതയ്ക്കുന്നുണ്ട്. ക്ഷേത്രത്തിന് ഏകദേശം ഇരുനൂറടി താഴെവരെ മാത്രമെ കുതിരകൾക്കു പ്രവേശനമുള്ളു. അവിടന്നങ്ങോട്ടു കുറേ പടികളും കോൺക്രീറ്റിൽ വാർത്ത നടപ്പാതയും.

മുകളിലെത്തിയപ്പോഴേക്കും ഞാൻ നല്ലപോലെ ക്ഷീണിച്ച് പരവശനായിരുന്നു. കാര്യമായ തിരക്കൊന്നുമില്ല. ഞാനകത്തുകയറി തൊഴുതു. ഒരു ചെറിയ ഒഴിവിൽ പൂജാരിയെ പരിചയപ്പെട്ടു. 'സതി' യുടെ ശരീരഭാഗങ്ങളിലൊന്ന് ചിതറിവീണ സ്ഥലമാണിതെന്നും, ആദിശങ്കരൻ ആ ചൈതന്യം തിരിച്ചറിഞ്ഞെന്നും പൂജാരി വിവരിച്ചു തന്നു. മഞ്ഞുകാലത്ത് ക്ഷേത്രവും മലയും മഞ്ഞുമൂടിക്കിടക്കും. ഋതുഭേദങ്ങൾക്കനുസരിച്ച് ഓരോ വർഷവും ഇത് കൂടിയും കുറഞ്ഞുമിരിക്കും.

## മലമുകളിൽ നല്ല തണുപ്പ്...

ഇവിടെനിന്ന് ചുറ്റിലുമുള്ള ഹൃദയഹാരിയായ ഹിമാലയൻ കൊടുമുടിക്കാഴ്ച്ചകൾ വ്യക്തമായി കാണാം...

ഒരു മണിക്കൂറോളം അവിടെ ചെലവഴിച്ച് ഞാൻ മലയിറങ്ങിത്തുടങ്ങി. പടിക്കെട്ടുകളിറങ്ങുമ്പോൾ പെട്ടെന്നെന്തോ ഓർത്തെടുത്ത പോലെ ഞാൻ കൈകളും തോളും തപ്പി നോക്കി.

എന്റെ ഉള്ളിലൊരു വെള്ളിടി വെട്ടി !! രക്തയോട്ടം നിലച്ച പോലെ തോന്നി. ദൈവമേ... എന്റെ കൈയിലുണ്ടായിരുന്ന ചെറിയബാഗ് നഷ്ടപ്പെട്ടിരിക്കുന്നു...! ആകെയുണ്ടായിരുന്ന പണം മാത്രമല്ലാ, എന്റേതും സുഹൃത്തേൽപ്പിച്ചതുമായ ഞങ്ങളുടെ എല്ലാ ഔദ്യോഗിക രേഖകളും സർട്ടിഫിക്കറ്റുകളുമടങ്ങുന്ന എന്റെ ചെറിയബാഗ്...

ഞാൻ പടികയറി മുകളിലേക്കോടി... എല്ലാവരും മലയിറങ്ങിക്കഴിഞ്ഞിരിക്കുന്നു. ക്ഷേത്രപരിസരത്ത് ആകെ ഒന്നോ രണ്ടോ പേരേയുള്ളു. അകത്ത് പൂജാരിയും... അവരും എന്നോടൊപ്പം അവിടെയൊക്കെ തിരഞ്ഞു. പൂജാരി സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു :

''പേടിക്കേണ്ട, ഇവിടെ നിന്ന് ആർക്കും ഒന്നും ഇതുവരെ നഷ്ടപ്പെട്ടതായി ഞാൻ കേട്ടിട്ടില്ല. മലയിറങ്ങുമ്പോൾ ശ്രദ്ധിച്ചാൽ മതി.''

പരിസരബോധം നഷ്ടപ്പെട്ട ഞാൻ, മലയിറക്കത്തേയും മരണഹേതുക്കളേയും പാടേമറന്നു കൊണ്ട്, പതറുന്ന കാൽവെപ്പുകളോടെ യാന്ത്രികമായി മലയിറങ്ങിക്കൊണ്ടിരുന്നു.

ഏകദേശം കാൽഭാഗമിറങ്ങിയപ്പോഴേക്കും പെട്ടെന്ന് ആകാശം കറുത്തു. ഇടിവെട്ടോടെ മഴ പെയ്യാൻ തുടങ്ങി. സുമാർ ഒന്നര കി. മീറ്റർ ഇനിയുമിറങ്ങാനുണ്ടാകും. മുന്നിലും പിന്നിലുമായാരേയും കാണാനില്ല. ആലോചിക്കാൻ സമയമില്ല. ഞാനതിവേഗം താഴെക്കിറങ്ങി.

മിനുട്ടുകൾക്കുള്ളിൽ മഴയുടെ ശക്തികൂടി, മഞ്ഞുമഴയായി മാറി. മഞ്ഞുകഷ്ണങ്ങൾ തലയിൽ തുരുതുരാ പതിച്ചുതുടങ്ങി. കാഴ്ച്ച മറച്ചുകൊണ്ട് നടപ്പാതയിലൂടെ വെള്ളം കുത്തിയൊലിക്കുന്നു.

ശരീരം തണുപ്പു കൊണ്ട് ശരിക്കും വിറച്ചുതുടങ്ങിയിരുന്നു. നഷ്ടപ്പെട്ട ബാഗിനേയും അതിൽ സൂക്ഷിച്ച രണ്ടുപേരുടെ ജീവിതസ്വപ്നങ്ങളേയും കുറിച്ചോർത്തപ്പോൾ ശരീരത്തേക്കാൾ പതിന്മടങ്ങ് മനസ്സ് ഘനീഭവിച്ചു തുടങ്ങി. ആ വിജനതയിലും ഞാനറിയാതെ വിതുമ്പിക്കൊണ്ടിരുന്നു.

വഴിനീളെ വീണുകിടക്കുന്ന കുതിരച്ചാണകമല്ലാതെ, കുതിര

കളേയും കുതിരക്കാരേയുമൊന്നും കാണാനേയില്ല. "ദൈവമേ... എന്റെ ബാഗ് അവർക്കെങ്ങാൻ കിട്ടിയിട്ടുണ്ടെങ്കിൽ... എല്ലാംതീർന്നു...!" എന്റെ ഊർജ്ജം മുഴുവൻ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു... കണ്ണുകളിലെ നീരുറവകൾ വറ്റിപ്പോയിരുന്നു. കളഞ്ഞുപോയ കൈവല്യത്തിന്റെ എവിടെനിന്നെങ്കിലുമുള്ളൊരു വിളിയ്ക്ക് കാതോർത്തുകൊണ്ട് നിർജീവമനസ്സുമായി ഞാൻ അടിവെച്ചിറങ്ങി.

അടിവാരത്തെത്തിയപ്പോഴേയ്ക്കും മഴ ചാറ്റൽമഴയായി മാറിയിരുന്നു. മഴയിൽ നിന്നഭയംതേടി വഴിയോരച്ചായ്പ്പുകളിലൊതുങ്ങിക്കൂടിയവർ, നനഞ്ഞ് കുതിർന്ന് നിർജ്ജീവമായി നീങ്ങുന്ന എന്റെ രൂപത്തെ അതിശയത്തോടെ വീക്ഷിച്ചുകൊണ്ടിരുന്നു.

ചായക്കടയിലേക്കു കയറുന്ന എന്നെ സർദാർജി സുസൂക്ഷ്മം നോക്കുന്നതു കണ്ടു. എന്നെക്കണ്ട് അയാൾക്ക് സഹതാപം തോന്നിക്കാണും. കടയിലാരേയും കാണാനില്ല. ഇററുവീഴുന്ന മഴത്തുള്ളികളെ റോഡിലേക്കു തെറിപ്പിച്ചുകൊണ്ട് ഏതോ ചെറിയ രണ്ടാൺകുട്ടികൾ ഇറയത്തിരുന്നു കളിക്കുന്നു.

സർദാർജി പെട്ടെന്ന് ഒരു ടവലുമായിവന്ന് എന്റെ തല നല്ലപോലെ തോർത്തിത്തുടച്ചു. കൈകൾ കൂട്ടിത്തിരുമ്മി ചൂടാക്കി. പകുതി പഞ്ചാബിയിലും പകുതി ഹിന്ദിയിലുമായി എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. അപ്പോഴും എന്റെ ദേഹം ഒരുതരം തരിപ്പോടെ വിറയ്ക്കുന്നത് ഞാനറിയുന്നുണ്ടായിരുന്നു. കടയുടെ പിന്നിലെ മുറിയിലേക്കു വിരൽചൂണ്ടി അയാൾ പറഞ്ഞു :

" ജൽദി കപ്ടാ ബദൽ കരോനാ, യഹാം കാ ടംഡാ അച്ഛാ നഹി യാർ..."

കൂരിട്ടുള്ള മുറിയിൽനിന്ന് വസ്ത്രം മാറി പുറത്തേക്കെത്തുമ്പോഴേയ്ക്കും, ആവി പറക്കുന്ന ഒരു പിഞ്ഞാണം നിറയെ സൂപ്പ് മേശപ്പുറത്ത് വെച്ച് പറഞ്ഞു :

"യഹാം പർ ബൈഠിയേ ഓർ യെ ജൽദി പിയോ" എന്നെ ബഞ്ചിൽ പിടിച്ചിരുത്തിക്കൊണ്ട് പറഞ്ഞു ....

സൂപ്പുകുടിച്ചിരിക്കുമ്പോഴും വാസ്തവത്തിൽ എന്റെ മനസ്സ് അനിശ്ചിതത്തിന്റെ നേർരേഖകളിലൊന്നും തൊടാതെ അങ്ങിങ്ങു നീങ്ങുകയായിരുന്നു. പെട്ടെന്നയാൾ റേക്കിനു മുകളിൽനിന്ന്, കാണാതായ എന്റെ ബാഗെടുത്ത് മേശപ്പുറത്തു വെച്ചു. ഒന്നും പറയാതെ, ഒന്നും സംഭവിക്കാത്തപോലെ വിറകടുപ്പിന്റെ ഭാഗത്തേക്കു നടന്നുപോയി...!

എന്റെ മുഖത്തെ ഭാവമാറ്റം തിരിച്ചറിഞ്ഞിട്ടെന്ന പോലെ, ഒരു ഗ്ലാസ് ചൂടുവെള്ളവുമായിവന്ന്, പുറത്തു കളിച്ചുകൊണ്ടിരുന്ന കുട്ടികളെ ചൂണ്ടിപറഞ്ഞു :

"താങ്കളിവിടെ വെച്ചുപോയ ബാഗ് കുട്ടികളെടുത്ത് കളിക്കുകയായിരുന്നു. ഫോട്ടോ ഉള്ളതുകൊണ്ട് പെട്ടെന്നു മനസ്സിലായി."

എനിക്കോർമ്മവന്നു. പുറപ്പെടുന്ന നേരത്ത് സർദാർജിയെ കുറച്ചു നേരത്തേക്കെങ്കിലും അവിശ്വസിച്ച ഞാൻ, ബാഗ് ഇവിടെ മറന്നുവെച്ചതാണ്. തുണികൊണ്ടു മേശ വൃത്തിയാക്കിക്കൊണ്ട് സർദാർജി തുടർന്നു :

"ഈ പ്രദേശത്തുവെച്ച് എന്തു നഷ്ടപ്പെട്ടാലും എവിടെയും പോകില്ല. ഞങ്ങൾക്കു വേണ്ടതെല്ലാം സൂർഗന്ധിമാ ഇവിടെ തരുന്നുണ്ട്."

ഞാൻ എന്തു ചെയ്യണമെന്നറിയാതെ, എന്തു പറയണമെന്നറിയാതെ തരിച്ചിരിക്കുകയായിരുന്നു. കുട്ടികൾ രണ്ടുപേരും ഒന്നുമറിയാതെ വെള്ളത്തിൽ കളിച്ചുകൊണ്ടിരിക്കുന്നു.

ഞാൻ മെല്ലെ ബാഗു തുറന്നു നോക്കി. അതിലെല്ലാം ഭദ്രമായിരുന്നു. ഞാൻ മനസ്സുതുറന്നുചിരിച്ചു. ജീവൻ തിരിച്ചു കിട്ടിയപോലെ...! കടയിലെ പണികളൊതുക്കി സർദാർജി അടുത്തുവന്നിരുന്നു. ഒരു ചെറിയ ഇടവേളക്കുശേഷം ഞങ്ങൾ സംസാരിച്ചു തുടങ്ങി.

ഏതാനും നിമിഷങ്ങൾക്കുള്ളിൽത്തന്നെ അയാൾ ഞാനുദ്ദേശിച്ച പോലെ നിരക്ഷരനല്ലെന്ന് എനിക്കു മനസ്സിലായി. അഞ്ചു മിനിട്ടുകൂടി കഴിഞ്ഞതോടെ അയാൾക്ക് ഉയർന്ന വിദ്യാഭ്യാസമുള്ളതായി ബോധ്യപ്പെട്ടു. പതുക്കെ പതുക്കെ എന്റെ കഥകൾ ചോദിച്ചു മനസ്സിലാക്കി. അയാൾ പറയാൻ തുടങ്ങി.

"ഞാനും ഒരു പട്ടാളക്കാരനായിരുന്നു. മുഴുവൻ പേര്, മേജർ ജർണായിൽ സിങ് സ്വരൂപ്. 62 ലെ ചൈനായുദ്ധത്തിനു ശേഷം പട്ടാളം വിട്ടു. ഇവിടെ ചംബയ്ക്കടുത്ത് മൂന്നരയേക്കർ ആപ്പിൾതോട്ടമുണ്ട്. മകനും കുടുംബവും അതു നോക്കിനടത്തുന്നു. ഭാര്യയും ഞാനും അവരോടൊപ്പം അവിടെത്തന്നെയാണ് താമസം. മകളെ ഒരു പട്ടാള ഓഫീസർക്കു കല്യാണം കഴിച്ചുകൊടുത്തു. ഡെൽഹിയിലാണ്. കളിച്ചിരിക്കുന്ന കുട്ടികൾ കൊച്ചുമക്കളാണ്. അതികാലത്ത് മുതൽ പത്തുമണിവരെ തോട്ടത്തിൽ ജോലി. അതുകഴിഞ്ഞാൽ വൈകുന്നേരംവരെ ഈ ചായക്കടയിൽ. തോട്ടത്തിലെ ആവശ്യങ്ങൾക്കായി മുസ്സൂറിയിലോ ഡെറാഡൂണിലോ പോകുന്ന ദിവസം ഭാര്യയോ മരുമകളോ ഇവിടെവന്നുനിൽക്കും. ലാഭത്തിനൊന്നുമല്ല ചായക്കട നടത്തുന്നത്. ഒരു സമയംപോക്കും കൂടെ സൂർഗന്ധയിലെത്തുന്ന അപരിചിതർക്ക് ഒരു സേവനവും. അത്രതന്നെ."

വർഷങ്ങൾക്കു മുമ്പ് രണ്ടു തവണ കേരളത്തിൽവന്ന അദ്ദേഹത്തിന് നമ്മുടെ നാട്ടിനെക്കുറിച്ചും നാട്ടുകാരെക്കുറിച്ചും കുറേ നല്ലതു പറയാനുണ്ടായിരുന്നു.

എല്ലാം കേട്ടിരുന്ന എനിക്ക് എന്തു മറുപടി പറയണമെന്നറിയില്ലായിരുന്നു. ഈ മനുഷ്യനെയാണ് ഞാൻ കുറച്ചുനേരത്തേക്കെങ്കിലും അവിശ്വസിച്ചത്. പാട്ടാളത്തിലെ മുതിർന്ന ഒരു ഓഫീസറായിരുന്ന ഇദ്ദേഹമാണ് എനിക്കു തല തുവർത്തി തന്നത്. ദേഹം തിരുമ്മി ചൂടു പിടിപ്പിച്ചത്. ചായയും സൂപ്പും വിളമ്പിയത്. മേശ തുടച്ചു വൃത്തിയാക്കിയത്. എന്നെ പരിചരിച്ചത്. എല്ലാറ്റിനും പുറമേ ബാഗിലൂടെ നഷ്ടപ്പെട്ടെന്നു കരുതിയ ഭാവിജീവിതം തിരികെ തന്നത്.

മേജർസാബ്, ഈ സ്നേഹവും കടപ്പാടും ഞാനെങ്ങനെ താങ്കൾക്കു തിരിച്ചുതരും ? എന്റെ കവിളിലെ തുള്ളികൾ തുടച്ച്, ഒരു കനമുള്ള കൂട എന്റെ കൈയ്യിലേൽപ്പിച്ച്

■ അനുഭവം

കൊണ്ടു അദ്ദേഹം പറഞ്ഞു :

"ഇനി വൈകണ്ടാ, ഇരുട്ടുന്നതിനു മുമ്പ് മുസ്സൂറിയിലെത്തിക്കോളു. ആറുമണിക്കു ശേഷം ചിലപ്പോൾ ജീപ്പുണ്ടാവില്ല."

കൂട നിറയെ ആപ്പിളും ആപ്രിക്കോട്ടുമായിരുന്നു !! പെട്ടെന്ന് ഞാനെഴുന്നേറ്റു. ആ കൈകളെ രണ്ടും കവർന്നുകൊണ്ട്, സജലങ്ങളല്ലെങ്കിലും സജീവങ്ങളായ ആ കണ്ണുകളിലേക്കു നോക്കി, ബാഗുകളും കൂടയുമെടുത്ത് ഞാനിറങ്ങി നടന്നു. കുറച്ചു നിമിഷങ്ങൾകൂടി അവിടെ നിൽക്കാനുള്ള കെൽപ്പെനിക്കില്ലായിരുന്നു!

നീങ്ങുന്ന ജീപ്പിലിരുന്നു ഞാൻ സൂർഗന്ധാ മലയിലേക്കു നോക്കി. അവിടന്നു താഴേക്കു പടരുന്ന അസ്തമയവെളിച്ചം, ഇരുണ്ട മലങ്കാടുകളെ നിറംവെപ്പിച്ചുകൊണ്ടിരുന്നു. •

■ കവിത

## ഇലകൾ പൊഴിയുമ്പോൾ




**ബിബിത് പാലക്കാട്**
**9567471727**



ചാന്തും കണ്മഷിയും പകർന്ന
നിൻ വെളുത്ത ലിനനെൻ ഷർട്ട്...
പേരറിയാത്തയേതോ
രൂക്ഷ ഗന്ധമുള്ള സെന്റും...
കട്ടിമീശ...
നീയെന്നിൽ പടർന്നതോ?
ഞാനെൻ ഇമയടച്ചതോ?
നീയുടച്ച കുപ്പിവളകൾ
നിന്റെ സ്വന്തമായിരുന്നില്ല...
നനഞ്ഞ ഉടയാടകളും
നിന്റെയായിരുന്നില്ല...
ഉള്ളിലുറങ്ങിയ
ഹൃദയമുണർന്നതു
നിൻ കണംകാലിൻ
തൊഴിയേറ്റ്...
രക്തംപൊടിഞ്ഞ
കൈക്കുഞ്ഞിൻ പിടച്ചിൽ കേട്ട്...!

■ വിജ്ഞാനച്ചെപ്പ്

# നാടിനെ അറിയാം, നാട്ടാരേം
# തിരുവനന്തപുരം ജില്ല

**(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച...)**




**ഡോ. ഒ. സി. പ്രമോദ്**
**9446071421**


'കേരളത്തിലെ പ്രതിമകളുടെ നഗരം' എന്ന് വേണമെങ്കിൽ തിരുവനന്തപുരത്തെ വിശേഷിപ്പിക്കാം. വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെട്ട പ്രധാന പ്രതിമകളെപ്പറ്റി പരാമർശിക്കാതെ പോകുന്നത് ശരിയല്ല എന്ന് തോന്നുന്നു.

1. **Statue** : 'സ്റ്റാച്യു' എന്നൊരു സ്ഥലം തന്നെ നഗരഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നു എന്ന് പറഞ്ഞാൽ ഉത്തര കേരളത്തിലുള്ളവർക്ക് ഒരു പുതുമയായിരിക്കും. തിരുവിതാംകൂറിലെ ദിവാൻ സർ. ടി. മാധവറാവുവിന്റെ (1858-72) പ്രതിമ സ്ഥാപിച്ചതിൽ നിന്നാണ് ഈ പദം വന്നത്. എന്നാൽ അദ്ദേഹത്തിനേക്കാൾ വലിയൊരു സ്ഥാപനം (കേരള സെക്രട്ടറിയേറ്റ്) പ്രതിമയോട് ചേർന്ന് അവിടെയുണ്ടെങ്കിലും തിരുവനന്തപുരത്തുകാർക്ക് അത് സ്റ്റാച്യു ജംഗ്ഷൻ മാത്രമാണ്.

2. **അംബേദ്കർ പ്രതിമ** : കേരള നിയമസഭ വളപ്പിൽ മറ്റ് പലരോടൊപ്പം ഭരണഘടനാശില്പിക്കും വലിയ സ്ഥാനം ഉണ്ട്.

3. **രാജീവ് ഗാന്ധി പ്രതിമ** : തമ്പാരൂനിനടുത്ത് ചെങ്കൽച്ചൂളയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

4. **കേരളപാണിനി എ. ആർ. രാജരാജവർമ്മ** : തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ പ്രൊഫസറായിരുന്ന ഇദ്ദേഹത്തിന് കോളേജ് വളപ്പിൽ വേണ്ട പ്രാധാന്യം നൽകി സ്ഥാപിച്ചിരിക്കുന്നു (അന്ന് മഹാരാജാസ് കോളേജ് എന്ന പേരിലാണ് ഈ സ്ഥാപനം അറിയപ്പെട്ടിരുന്നത്.)

5. **പട്ടം താണുപിള്ള** : തിരുവിതാംകൂറിലെ ആദ്യ മുഖ്യമന്ത്രിയായിരുന്നു പിള്ള (1948). കേരളം നിലവിൽ വന്നതിന് ശേഷവും അദ്ദേഹം മുഖ്യമന്ത്രി ആയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പ്രതിമ VJT ഹാളിൽ (Victoria Jubilee Town Hall)ന് സമീപം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. തിരുവിതാംകൂറിലെ ജനകീയ അസംബ്ലി ആയ പ്രജാസഭ പ്രവർത്തിച്ചിരുന്നത് VJT ഹാളിലായിരുന്നു. (ആഗസ്റ്റ് മാസം 28ാം തിയതി അയ്യങ്കാളി ജയന്തി ദിനത്തിൽ കേരള മുഖ്യമന്ത്രി ഈ ഹാളിന്റെ പേര് അയ്യങ്കാളി മെമ്മോറിയൽ ടൗൺ ഹാൾ എന്ന് പുനർനാമകരണം നട

ത്തുകയുണ്ടായി) അയ്യങ്കാളിയും കുമാരനാശാനും മറ്റും അവകാശങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തിയിരുന്നത് VJT ഹാളിൽ വെച്ചായിരുന്നു.

**6. കുമാരനാശാൻ** : കേരള യൂണിവേഴ്സിറ്റിയുടെ മുൻഭാഗത്ത് റോഡിൽ നടുവിൽ ആശാൻ സ്ക്വയർ എന്ന സ്ഥലത്ത് ആദരപൂർവ്വം ആശാന്റെ പ്രതിമ സ്ഥാപിച്ചിരിക്കുന്നു.

**7. ചിത്തിര തിരുനാൾ രാമവർമ്മ** : പൂർണ്ണ അധികാരത്തോടെ തിരുവിതാംകൂർ ഭരിച്ച അവസാനത്തെ രാജാവായ ചിത്തിര തിരുനാൾ സ്ഥാപിച്ചതാണ് കേരള സർവ്വകലാശാല. അദ്ദേഹം തന്നെ ആയിരുന്നു അതിന്റെ ചാൻസലറും. യൂണിവേഴ്സിറ്റി വളപ്പിൽ തന്നെ വേണ്ട പ്രാധാന്യം കൊടുത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഫോർട്ടിലും അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

**8. നേതാജി സുഭാഷ് ചന്ദ്രബോസ്** : INAയുടെ അമരക്കാരന്റെ പ്രതിമ PMG ജംഗ്ഷനിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

**9. മഹാകവി ഉള്ളൂർ** : തിരുവനന്തപുരം പബ്ലിക് ലൈബ്രറി വളപ്പിൽ പരമേശ്വരയ്യർക്ക് വേണ്ട വിധത്തിലുള്ള സ്ഥാനം കൊടുത്തിരിക്കുന്നു.

**10. ടി. എം. വർഗ്ഗീസ്** : സ്വാതന്ത്ര സമരസേനാനിയും മുൻമന്ത്രിയും ആയിരുന്ന വർഗ്ഗീസിന്റെ പ്രതിമ കേശവദാസപുരത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

**11. സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള** : ഇദ്ദേഹത്തിന്റേതായ രണ്ട് പ്രതിമകൾ തിരുവനന്തപുരത്തുണ്ട്. ഒന്ന് പാളയം രക്തസാക്ഷി മണ്ഡപത്തിന് എതിർവശത്തും നെയ്യാറ്റിൻകര 'സ്വദേശാഭിമാനി പാർക്കിലും'. പത്രപ്രവർത്തനത്തിന്റെ പേരിൽ നാടുകടത്തപ്പെട്ട വ്യക്തിത്വമായാണ് മലയാളികൾ ഇദ്ദേഹത്തെ വീക്ഷിക്കുന്നത്.

**12. ദേവരാജൻ മാസ്റ്റർ** : പ്രശസ്ത മ്യൂസിക് കംപോസറായ മാസ്റ്റർ ജീവിതത്തിൽ ഒരു യുക്തിവാദിയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഭക്തി ഗാനങ്ങൾ വിശ്വാസികൾ തലയിലേറ്റിയവ ആയിരുന്നു. ഗുരുവായൂർ അമ്പലനടയിൽ..., നിത്യ വിശുദ്ധമാം കന്യാമറിയമേ... തുടങ്ങിയവ അതിൽ ചിലത് മാത്രം. മാനവീയം റോഡിലെ ആൽത്തറ ജംഗ്ഷനിൽ അദ്ദേഹത്തിന്റെ പ്രതിമ നില കൊള്ളുന്നു.

**13. അയ്യൻകാളി** : തിരുവനന്തപുരം കാരനായ ഇദ്ദേഹം 'പുലയരാജ' എന്ന പേരിൽ അറിയപ്പെടുന്നു. വെള്ളയമ്പലത്ത് അദ്ദേഹത്തിന്റെ പ്രതിമ നിലകൊള്ളുന്നു.

**14. അക്കാമ്മ ചെറിയാൻ** : തിരുവിതാംകൂറിലെ 'ഝാൻസിറാണി' എന്ന പേരിൽ അറിയപ്പെടുന്ന ഈ മഹതിയുടെ പ്രതിമയും വെള്ളയമ്പലത്ത് തന്നെയാണ്.

**15. വയലാർ രാമവർമ്മ:** കേരളത്തിന് പകരം വയ്ക്കാനില്ലാത്ത ഗാനരചയിതാവാണ് വയലാർ. അർത്ഥവത്തായ ഗാനരചനയിലൂടെ മലയാള മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ വയലാറിനെ നാം കുടിയിരുത്തിയത് മാനവീയം റോഡിലാണ്.

**16. സി. കേശവൻ** : എസ്. എൻ. ഡി. പി. പ്രസ്ഥാനത്തിലൂടെ പേരെടുത്ത ശ്രീ. കേശവൻ തിരു-കൊച്ചി മുഖ്യമന്ത്രിയായും പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പൂർണ്ണകായ പ്രതിമ മ്യൂസിയം ജംഗ്ഷനിൽ കാണാം.

**17. വേലുത്തമ്പി ദളവ** : കുണ്ടറ വിളംബരം നടത്തിയ തിരുവിതാംകൂർ ദിവാൻ സെക്രട്ടറിയറ്റിന് മുമ്പിൽ സ്ഥാപിക്കപ്പെട്ട പൂർണ്ണകായ പ്രതിമ നാട്ടുകാർ ഉദാരമായി സംഭാവന പിരിച്ചെടുത്താണ് ഉണ്ടാക്കിയത്. നാട്ടുകാരുടെ മനസ്സിൽ ഇപ്പോഴും തമ്പിക്ക് ഇടം ഉണ്ടെന്ന് കാണാം.

**18. മത്സ്യകന്യക (Mermaid)** : കാനായി കുഞ്ഞുരാമന്റെ ഉദാത്തമായ കലാസൃഷ്ടികളിൽ ഒന്ന്. ശംഖുമുഖം കടൽപ്പുറത്ത് സ്ഥിതിചെയ്യുന്നു.

**19. മഹാത്മാഗാന്ധി** : രാഷ്ട്രപിതാവിന്റെ പ്രതിമ നിയമസഭാ കെട്ടിടത്തിന് മുമ്പിലായി ഇടം പിടിച്ചിരിക്കുന്നു.

**20. നെഹ്റു** : ആദ്യ പ്രധാനമന്ത്രിയും നിയമസഭാ മന്ദിരത്തിന് മുമ്പിലായി സ്ഥാനം പിടിച്ചിരിക്കുന്നു.

**21. ലാൽ ബഹദൂർ ശാസ്ത്രീ** : ഇന്ത്യയുടെ രണ്ടാമത്തെ പ്രധാനമന്ത്രിക്ക് നാം സ്ഥാനം കൊടുത്തിരിക്കുന്നത് പനവിള ജംഗ്ഷനിലാണ്.

**22. ഹിപ്പോക്രാറ്റസ്** : ഗ്രീക്ക് ഭിഷഗ്വരനായ ഹിപ്പോക്രാറ്റസ്സിനെ 'വൈദ്യശാസ്ത്രത്തിന്റെ പിതാവ്' എന്നാണ് അറിയപ്പെടുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആശുപത്രിയിൽ അദ്ദേഹത്തിന്റെ രൂപം കാണാം.

**23. അമ്മയും കുഞ്ഞും** : മെഡിക്കൽ കോളേജിലെ ആശുപത്രിക്ക് മുമ്പിൽ ഏവരേയും ആകർഷിക്കുന്ന പ്രതിമയാണ് ഇത്.

**24. കേസരി ബാലകൃഷ്ണപിള്ള** : തമ്പാനൂരിൽ ജനിച്ച ഇദ്ദേഹം എഴുത്തുകാരനും പത്രപ്രവർത്തകനും ആയിരുന്നു. 'കേസരി' എന്ന പത്രത്തിന്റെ സ്ഥാപകനായിരുന്ന ഇദ്ദേഹം സാഹിത്യവിമർശകന്മാരിൽ ജോസഫ് മുണ്ടശ്ശേരിക്കും എം. പി. പോളിനൊപ്പം ത്രിമൂർത്തികൾ എന്ന ഗണത്തിൽ പെട്ടിരുന്ന ആളായിരുന്നു. പുളിമൂട് ജംഗ്ഷനിൽ അദ്ദേഹത്തിന്റെ അർദ്ധകായ പ്രതിമ നില കൊള്ളുന്നു.

ഇതൊക്കെ കൂടാതെ രാഷ്ട്രീയ പാർട്ടിക്കാരും, സാമുദായിക പ്രവർത്തകരും ഒക്കെ മത്സരിച്ച് അവരുടെ നേതാക്കളുടെ പ്രതിമകൾ ജില്ലയുടെ പല ഭാഗങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞവർ എല്ലാവരും തിരുവനന്തപുരം ജില്ലയിൽ ജനിച്ചവരല്ല. നമ്മുടെ ഭരണകൂടവും നാട്ടുകാരും അവരെ നെഞ്ചിലേറ്റി എന്ന് മാത്രം. ജില്ലയുടെ സ്വന്തം പുത്രന്മാരെ (പുത്രിമാരേയും) കൂടി പരിചയപ്പെടാം.

**ശ്രീനാരായണഗുരു** : കേരളത്തിലെ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ പിതാവ് എന്ന പേരിൽ അറിയപ്പെടുന്ന ഇദ്ദേഹം ചെമ്പഴന്തിയിൽ ഭൂജാതനായി. താഴേത്തട്ടിൽ ഉണ്ടായിരുന്ന ജനലക്ഷങ്ങളെ നേർവഴി കാണിച്ച് സമൂഹത്തിൽ തുല്യത കൊണ്ടുവരാൻ ശ്രമിച്ച അദ്ദേഹം പാവപ്പെട്ടവരുടെ കാണപ്പെട്ട ദൈവമാണ്.

**കുമാരനും ഉള്ളൂരും** : ആധുനിക

കവിത്രയങ്ങളിലെ (ആശാൻ, ഉള്ളൂർ, വള്ളത്തോൾ) ആദ്യത്തെ രണ്ടു പേരും ജന്മം കൊണ്ടും കർമ്മം കൊണ്ടും തിരുവനന്തപുരത്തുകാരാണ്. പ്രാചീന കവിത്രയങ്ങളിലെ (എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ) മൂന്നാമനായ കുഞ്ചൻ നമ്പ്യാർ ജന്മം കൊണ്ട് ഈ നാട്ടുകാരനല്ലെങ്കിലും തിരുവിതാംകൂർ സദസ്സിലെ പ്രധാനി ആയിരുന്നു.

**പൽപ്പുവും അയ്യങ്കാളിയും** : ഡോ. പൽപ്പുവും അയ്യങ്കാളിയും തിരുവനന്തപുരത്തുകാർ തന്നെയാണ്.

**ചട്ടമ്പിസ്വാമികൾ** : സാമൂഹ്യപരിഷ്കർത്താക്കളിൽ പ്രമുഖനായ സ്വാമികളുടെ ജനനം തിരുവനന്തപുരത്തുള്ള കൊല്ലൂരാണ്.

**ഡോ. ചെമ്പകരാമൻ പിള്ള** : ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി പരിശ്രമിച്ച് ജർമ്മനിയിൽ പോയി. അവിടെവെച്ച് നേതാജിയുമായി പരിചയപ്പെട്ട് അദ്ദേഹത്തിനോടൊപ്പം പ്രവർത്തിച്ച ഡോ. ചെമ്പകരാമൻ പിള്ളയും ഈ നാട്ടുകാരൻ തന്നെ.

**ശ്രീകണ്ഠേശ്വരം** : മലയാളത്തിലെ മഹാനിഘണ്ടുവിന്റെ (ശബ്ദതാരാവലി) കർത്താവായ ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള ജനിച്ചതും തിരുവനന്തപുരത്ത് തന്നെയാണ്.

**ആർ. ശങ്കർ** : മുൻ കേരള മുഖ്യമന്ത്രി. വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താഴെത്തട്ടിലുള്ളവർക്ക് ധാരാളം സ്കൂളുകളും കോളേജുകളും അനുവദിച്ചുകൊടുത്ത വ്യക്തിത്വം.

**ജഗതി** : ജഗതി എൻ. കെ. ആചാരി കേരളത്തിലെ പ്രശസ്ത നാടക കൃത്തും സിനിമ പ്രവർത്തകനും ആയിരുന്നു. അദ്ദേഹത്തിന്റെ മകനാണ് ജഗതി ശ്രീകുമാർ എന്ന മലയാള സിനിമയിലെ ഹാസ്യ സാമ്രാട്ട്.

**അയ്യപ്പപ്പണിക്കർ** : കർമ്മം കൊണ്ട് ഒരു ഇംഗ്ലീഷ് പ്രൊഫസർ ആയിരുന്നുവെങ്കിലും മലയാളഭാഷയ്ക്ക് നർമ്മത്തിൽ ചാലിച്ചതും ആക്ഷേപ ഹാസ്യ പ്രാധാന്യമുള്ളതുമായ ഒരു പിടി കവിതകൾ കൈരളിക്ക് സമ്മാനിച്ച പ്രശസ്ത കവി ഡോ. കെ. അയ്യപ്പപ്പണിക്കർ ജന്മം കൊണ്ട് ആലപ്പുഴയിലെ കാവാലത്തുകാരനാണെങ്കിലും കർമ്മം കൊണ്ട് എന്നും തിരുവനന്തപുരത്തുകാരനായിരുന്നു.

**എം. കൃഷ്ണൻ നായർ** : വിമർശകനായ കൃഷ്ണൻ നായരും ഈ ജില്ലക്കാരനാണ്. സിനിമ സംവിധായകരും നടന്മാരും, നടിമാരും മറ്റ് അണിയറ പ്രവർത്തകരുമൊക്കെയായി ധാരാളം പേർ തിരുവനന്തപുരത്ത് ജന്മം കൊണ്ടിട്ടുണ്ട്. അവരിൽ പ്രധാനപ്പെട്ടവർ കരമന ജനാർദ്ധനൻ നായർ, ഷാജി കൈലാസ്, സുകുമാരൻ അദ്ദേഹത്തിന്റെ മക്കളായ ഇന്ദ്രജിത്ത്, പ്രിഥിരാജ് തുടങ്ങിയവരും ഇന്ദ്രൻസ്, ജഗദീഷ്, കാർത്തിക പത്മശ്രീ കെ. മധു (മാധവൻ നായർ), മണിയൻപിള്ള രാജു, തിരുവിതാംകൂർ സഹോദരിമാർ എന്നറിയപ്പെടുന്ന രാഗിണി, പത്മിനി, ലളിത എന്നിവരും പ്രതാപ് പോത്തൻ, പ്രിയദർശൻ, പൂജപ്പുര രവി, ശോഭന (തിരുവിതാംകൂർ സഹോദരിമാരുടെ അനന്തിരവൾ), സുരാജ് വെഞ്ഞാറമൂട്, ഉർവ്വശി, (കവിത പ്രസാദ്)... ലിസ്റ്റ് തീരുന്നില്ല. മോഹൻലാൽ അടക്കമുള്ള ധാരാളം സിനിമാപ്രവർത്തകർ തിരുവനന്തപുരത്ത് താമസിക്കുന്നുണ്ടെങ്കിലും അവർ അവരുടെ ജോലി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ വേണ്ടി തിരുവനന്തപുരത്ത് എത്തിവരാണ്. ഇവരിൽ പലരും അവരുടെ തട്ടകങ്ങൾ ഇടയ്ക്കിടക്ക് മാറ്റിക്കൊണ്ടിരിക്കുന്നവരുമാണ്.

IAS/IRS തുടങ്ങിയ ഉദ്യോഗസ്ഥ പ്രമുഖരും അല്ലാത്തവരും ഒക്കെ മറ്റ് ജില്ലകളിൽ നിന്നോ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് തന്നെയോ വന്ന് തിരുവനന്തപുരത്ത് താമസമാക്കിയവർ ഒട്ടേറെയുണ്ട്. മറ്റ് ജില്ലകളിൽ നിന്ന് വന്ന സെക്രട്ടറിയേറ്റ് തുടങ്ങിയ ഭരണസിരാ കേന്ദ്രങ്ങളിൽ ഇരുന്ന് സൗഭാഗ്യം അനുഭവിച്ചവർ സ്വന്തം ജില്ലയിലേക്ക് മടങ്ങിപ്പോകാറില്ല. ജീവിതത്തിന്റെ നല്ലൊരു കാലം ചെലവഴിച്ച നാട്ടിൽ തന്നെ നിന്നാൽ ഭാവിയിലും പ്രയോജനം ലഭിക്കും എന്ന് ആശിക്കുന്നതിൽ തെറ്റില്ല. മറ്റൊരു ജില്ലകളിലും കിട്ടാത്ത സൗകര്യങ്ങളും സ്വാധീനവും മറ്റും ഇവിടെ ലഭിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. കേരളത്തിലെ ഒട്ടുമിക്ക സർക്കാർ ആഫീസുകളുടേയും ഹെഡ്ക്വാർട്ടർ തിരുവനന്തപുരത്താണെന്ന് നേരത്തേ പറഞ്ഞിരുന്നുവല്ലോ ! പല കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ മേലാഫീസ് സ്ഥിതിചെയ്യുന്നതും ഇവിടെത്തന്നെയാണ്.

പോസ്റ്റൽ ഡിപ്പാർട്ട്മെന്റിലെ കേരളത്തിലെ ഏറ്റവും വലിയ ആഫീസ് 'ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ' സ്ഥിതി ചെയ്യുന്നത് തിരുവനന്തപുരത്താണ്. ഈ ആഫീസിന്റെ അധികാര പരിധിക്കുള്ളിൽ മറ്റ് രണ്ട് പോസ്റ്റ്മാസ്റ്റർ ജനറൽ ആഫീസുകൾ (നോർത്ത് &സെൻട്രൽ) യഥാക്രമം കോഴിക്കോടും എറണാകുളത്തും സ്ഥിതിചെയ്യുന്നു.

തിരുവനന്തപുരം കേന്ദ്രമാക്കി ഭരണം നടത്തിയ രാജാക്കന്മാരെ 'തിരുവിതാംകൂർ' രാജാക്കന്മാരെന്നാണ് പറയുന്നത്. കൊല്ലം ജില്ലയിലെ 'വേണാട്' രാജാക്കന്മാരുടെ പിൻഗാമികളായതിനാൽ ഇവരെ വേണാട്ടരചൻമാർ എന്നും വിളിക്കുന്നുണ്ട്. ഏതായാലും ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകൻ എന്ന പേര് തിരുവിതാംകൂറിലെ ആദ്യ രാജാവായ മാർത്താണ്ഡവർമ്മ അവകാശപ്പെട്ടതാണ്.

***1. അനിഴം തിരുനാൾ വീരബാല മാർത്താണ്ഡവർമ്മ (1729–1758)***

തിരുവിതാംകൂർ രാജാക്കന്മാരൊക്കെ അവരുടെ ജന്മനാൾ പേരിനോടൊപ്പം ചേർത്താണ് പറയാറുള്ളത്. എട്ടുവീട്ടിൽ പിള്ളമാരെ അമർച്ച ചെയ്തതും ഡച്ചുകാരെ കുളച്ചൽ യുദ്ധത്തിൽ തോൽപ്പിച്ച് അവരുടെ ആധിപത്യം ഇന്ത്യയിൽ നിന്ന് എല്ലാകാലത്തേക്കുമായി ഇല്ലാതാക്കിയതും തൃപ്പടിദാനത്തിലൂടെ തന്റെ ചെപ്പടിവിദ്യ നടപ്പിലാക്കിയതും എല്ലാം ഇദ്ദേഹമാണ്.

***2. കാർത്തിക തിരുനാൾ രാമവർമ്മ (ധർമ്മരാജ) (1758–1798)***

ഇദ്ദേഹത്തേയും അമ്മയേയും ശത്രുക്കളിൽ നിന്ന് രക്ഷിച്ചത് കൊണ്ടാണ് കിളിമാനൂർ കോവിലകത്തെ കോയിത്തമ്പുരാക്കന്മാർക്ക് പല ആനുകൂല്യങ്ങളും ലഭിച്ചത്. ധർമ്മരാജാവിന്റെ കാലത്ത് രാജകൊട്ടാ

രം 'തക്കല'യിലെ പത്മനാഭപുരത്ത് നിന്ന് തിരുവനന്തപുരത്തേക്ക് മടക്കിക്കൊണ്ടുവന്നു. മോഹിനിയാട്ടം എന്ന കലാരൂപം വികസിപ്പിച്ചത് ധർമ്മരാജാവിന്റെ താത്പര്യത്താലായിരുന്നു.

***3. അവിട്ടം തിരുനാൾ ബാലരാമ വർമ്മ (1798–1810)***

വേലുത്തമ്പി ദളവ ഇദ്ദേഹത്തിന്റെ കാലത്ത് നിയമിതനായ തിരുവിതാംകൂർ ദളവ (ദിവാൻ) ആയിരുന്നു. തമ്പിയുള്ള കുണ്ടറ പ്രഖ്യാപനവും അതിനെ തുടർന്നുണ്ടായ മറ്റ് സംഭവ വികാസങ്ങളും ആത്മാഹൂതിയും ഒക്കെ നടന്നത് ഇക്കാലയളവിൽ ആയിരുന്നു.

***4. ഗൗരി ലക്ഷ്മിഭായി (1810–1815)***

കേണൽ മൺട്രോ കൊട്ടാരത്തിലെ ബ്രിട്ടീഷ് റസിഡന്റും ദിവാനും ആയിരുന്നത് ഗൗരിലക്ഷ്മീ ഭായി തമ്പുരാട്ടിയുടെ കാലത്താണ്. നവീന ആശയങ്ങളും ഒട്ടനവധി പരിഷ്ക്കാരങ്ങളും കൊണ്ടുവന്നതിൽ മൺട്രോയുടെ കൈകടത്തലുകൾ വ്യക്തമാവുന്നുണ്ട്. 'ബാലരാമപുരം' കൈത്തറിയുടെ ആരംഭം ദിവാൻ ഉമ്മിണിത്തമ്പിയുടെ നേട്ടമാണ്.

***5. ഭരണിത്തിരുനാൾ ഗൗരി പാർവ്വതി ഭായി (1815–1829)***

കേണൽ മൺട്രോ ദിവാൻ പദവി ഒഴിഞ്ഞെങ്കിലും ബ്രിട്ടീഷ് റസിഡന്റ് ആയി കൊട്ടാരത്തിൽ തുടർന്നു. നായർ, ഈഴവ മറ്റ് ശൂദ്ര സമുദായങ്ങൾ തുടങ്ങിയവർക്ക് യഥേഷ്ടം സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ധരിക്കാൻ അനുമതി നൽകി. എല്ലാ സമുദായ അംഗങ്ങളുടേയും വീടുകൾ ഓട് മേയാൻ അനുമതി നൽകി. ക്രിസ്ത്യൻ സമുദായാംഗങ്ങൾക്ക് പള്ളികൾ വയ്ക്കാൻ അനുമതിയും മറ്റ് സഹായങ്ങളും നൽകി. എല്ലാവർക്കും സമത്വം ഉറപ്പുവരുത്താൻ റാണി ശ്രമിച്ചിരുന്നു. സ്വാതി തിരുനാൾ പ്രായപൂർത്തിയാകാത്തതിനാൽ റീജന്റായാണ് റാണി ഭരിച്ചിരുന്നത്.

**6. സ്വാതി തിരുനാൾ രാമവർമ്മ (1829–1846)**

ഗർഭകാലത്ത് മറ്റൊരു പുരുഷാവകാശി കൊട്ടാരത്തിൽ ഇല്ലാതിരുന്നതിനാൽ ഗർഭശ്രീമാൻ എന്ന പേരിൽ ഇദ്ദേഹം അറിയപ്പെടുന്നു. ശൈശവകാലത്ത് കൊട്ടാരം കവിയായിരുന്ന ഇരയിമ്മൻ തമ്പി ഇദ്ദേഹത്തെ നോക്കി പാടിയിരുന്ന പാട്ടാണ്. 'ഓമന തിങ്കൾ കിടാവോ... എന്ന വിശ്രുതമായ താരാട്ട് പാട്ട്. ബഹുഭാഷ പണ്ഡിതനും (18 ഭാഷകളിൽ അവഗാനം ഉണ്ടായിരുന്നു) സംഗീതജ്ഞനും ആയിരുന്നു. ഇദ്ദേഹത്തിന്റെ ഭരണകാലം തിരുവിതാംകൂറിന്റെ സുവർണ്ണകാലം എന്ന് വാഴ്ത്തപ്പെടുന്നു. തിളച്ച എണ്ണയിൽ കൈമുക്കി കുറ്റവാളികളെ പിടിക്കുന്ന ശുചീന്ദ്രം കൈമുക്ക് എന്ന കുറ്റാന്വേഷണരീതി ഇക്കാലത്ത് അവസാനിപ്പിച്ചു.

***7. ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ (1846–1860)***

ഇദ്ദേഹത്തിന്റെ മാതാവായിരുന്നു ഗൗരിലക്ഷ്മി ഭായി, തമ്പുരാട്ടി. സ്വാതി തിരുനാളിന്റെ ഇളയസഹോദരനും.

***8. ആയില്യം തിരുനാൾ രാമവർമ്മ (1860–1880)***

കലാകാരനായിരുന്ന രാജാവ് ഒരു സ്ത്രീ വിഷയലമ്പടനും ആയിരുന്നു. ജന്മി-കുടിയാൻ പ്രഖ്യാപനം നടത്തിയ രാജാവ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ടു. മഹാരാജാസ് കോളേജ് (ഇന്നത്തെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്) സ്ഥാപിച്ചത് ഇക്കാലത്താണ്.

***9. വിശാഖം തിരുനാൾ രാമവർമ്മ (1880–1885)***

മുല്ലപ്പെരിയാർ പാട്ടക്കരാറിന്റെ പ്രധാന ചർച്ചകളൊക്കെ നടന്നത് വിശാഖം തിരുനാളിന്റെ കാലഘട്ടത്തിലാണ്. പക്ഷെ അന്തിമ കരാറാകുന്നതിന് മുമ്പ് അദ്ദേഹം തീപ്പെട്ടുപോയി.

***10. ശ്രീമൂലം തിരുനാൾ രാമവർമ്മ (1885–1924)***

മുല്ലപ്പെരിയാർ പാട്ടക്കരാർ ഒപ്പ് വയ്ക്കുന്നത് ശ്രീമൂലം തിരുനാളിന്റെ കാലഘട്ടത്തിലാണ്. വിദ്യാഭ്യാസരംഗത്ത് സമൂലമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നു. അധികൃതർക്കും അസ്പർശ്യർക്കും കൂടി എല്ലാ സർക്കാർ സ്കൂളും തുറന്നുകൊടുത്തു. താഴ്ന്ന ജാതിയിൽ പെട്ട വിദ്യാസമ്പന്നർക്ക് സർക്കാർ സർവ്വീസിലേക്ക് പ്രവേശനം നൽകി. ടെക്നിക്കൽ സ്കൂളുകൾ സ്ഥാപിച്ചു. തിരുവനന്തപുരത്ത് സംസ്കൃത കോളേജ്, ആയുർവേദ കോളേജ്, വനിതാ കോളേജ്, ലോ കോളേജ് തുടങ്ങിയവ ആരംഭിച്ചു. ഇന്ത്യയിൽ ആദ്യമായി ഒരു നിയമസഭ രൂപീകരിച്ചതിന്റെ ക്രഡിറ്റ് ശ്രീമൂലം തിരുനാളിനാണ്. ഇതിനെ പ്രജാസഭ എന്നാണ് വിളിച്ചിരുന്നത്. 1888ൽ തുടങ്ങിയപ്പോൾ 8 അംഗങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. തുടർന്ന് ഇതിലെ അംഗസംഖ്യ ക്രമാതീതമായി വർദ്ധിപ്പിച്ചു. ദേവദാസി സമ്പ്രദായം നിർത്തലാക്കിയത് ഇദ്ദേഹമാണ് എന്നാണ്. നിലവിൽ ഈ ജോലി ചെയ്യുന്നവർക്ക് അത് തുടരാം എന്ന വ്യവസ്ഥ ഉണ്ടായിരുന്നു.

***11. സേതുലക്ഷ്മി ഭായി (1924–1931)***

ചിത്തിര തിരുനാളിന്റെ റീജന്റായി ഭരണം നടത്തി. മരുമത്തായം നിരോധിച്ച് മക്കത്തായം കൊണ്ടുവന്നു. ദേവദാസി സമ്പ്രദായം പൂർണ്ണമായും നിരോധിച്ചു. അധികൃതർക്ക് ക്ഷേത്രത്തിൽ പ്രവേശനം കൊടുക്കണം എന്ന നിർദ്ദേശം ഗാന്ധിജി തമ്പുരാട്ടിയോട് കൊട്ടാരത്തിൽ ചെന്ന് പറഞ്ഞിരുന്നു.

***12. ചിത്തിര തിരുനാൾ ബാലരാമ വർമ്മ (1931–1949)***

തിരുവിതാംകൂറിലെ അവസാന രാജാവ്, 1949 വരെ തിരുവിതാംകൂർ രാജാവ് തുടർന്ന് തിരു-കൊച്ചി വന്നപ്പോൾ 1956 വരെ അവിടുത്തെ രാജപ്രമുഖ് (ഇന്നത്തെ ഗവർണ്ണർ സ്ഥാനം). തിരുവിതാംകൂർ സൈന്യം ഇന്ത്യൻ സൈന്യത്തിൽ ലയിച്ചതിനാൽ 1949ൽ ഇന്ത്യൻ സൈന്യത്തിലെ ഹോണററി കേണൽ സ്ഥാനം ഇദ്ദേഹത്തിന് ലഭിച്ചു. കേരള യൂണിവേഴ്സിറ്റി, കെ. എസ്. ആർ. ടി. സി. തുടങ്ങിയവയുടെ സ്ഥാപകൻ എന്ന നിലയിലും ക്ഷേത്ര പ്രവേശനവിളംബരം നടത്തിയതും ഇദ്ദേഹം തന്നെ. കേരളത്തിലെ ആദ്യത്തെ വൈദ്യുത പ്രൊജക്ട് പള്ളിവാസൽ ആരംഭിച്ചതും ഇദ്ദേഹം തന്നെ. ●

# അജന്ത എല്ലോറ ഗുഹകളിലൂടെ ഔറംഗബാദിലേക്കൊരു യാത്ര



ഡോ സുനീത് മാത്യു
09486382600

സ്കൂളിൽ പഠിക്കുന്ന കാലം മുതൽ മനസ്സിൽ ചേക്കേറിയ ഇടങ്ങളിൽ പ്രമുഖ സ്ഥാനം തന്നെയായിരുന്നു അജന്ത, എല്ലോറ ഗുഹകൾക്കും. അതുകൊണ്ടുതന്നെ ഇങ്ങോട്ടുള്ള യാത്ര ഞങ്ങളെ സംബന്ധിച്ചിടത്തോളം ആഹ്ലാദഭരിതവുമായിരുന്നു. പൂനയിൽ എത്തി അവിടെ നിന്നും കാറിൽ ആയിരുന്നു ഞങ്ങൾ യാത്ര തുടർന്നത്. ഒരു മധ്യവേനൽ അവധിക്കാലമായിരുന്നു ഇതിനായി തിരഞ്ഞെടുത്തത്.

ഔറംഗാബാദ് നഗരത്തിൽ നിന്നും നൂറു കിലോമീറ്റർ അകലെയുള്ള അജന്ത ഗുഹകളായിരുന്നു ആദ്യ ലക്ഷ്യം. 'അജന്ത ലെണി' എന്നു മറാത്തിയിൽ വിളിക്കുന്ന ഈ ഗുഹകൾ ബുദ്ധവിഹാരങ്ങളായിരുന്നു. പാറയിൽ കൊത്തിയുണ്ടാക്കിയ ഇരുപത്തിയൊൻപതു ഗുഹകളാണ് അജന്തയിലുള്ളത്. ബി. സി. 480 നും 650 നും ഇടയിലായിരിക്കണം ഇത് പണിതീർത്തിട്ടുണ്ടാകുക എന്നാണ് ചരിത്രമതം. ഇപ്പോൾ ഇത് യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ് സൈറ്റ് ആയി ഏറ്റെടുത്തിട്ടുണ്ട്. ശിൽപ്പചാതുര്യം പ്രകടമാണെങ്കിലും ചിത്രകലയാണ് അജന്തയിൽ മുന്നിട്ടു നില്ക്കുന്നത്. ജാതക കഥകളിൽ വിവരിച്ചിരിക്കുന്ന കഥകൾക്ക് ജീവൻ കൊടുത്തതാണെന്നു തോന്നുന്ന വിധമാണ് ഇവിടത്തെ ചിത്രലേഖനം. ഒരു കാലഘട്ടത്തിന്റെ സംസ്ക്കാരവും ആചാരമുറകളും പ്രകടമാക്കുന്ന ചിത്രങ്ങൾ. എല്ലാം പ്രകൃതിദത്തമായ ചായങ്ങൾ ഉപയോഗിച്ചു മാത്രം വരയ്ക്കപ്പെട്ടതാണെന്നോർക്കണം. ഗുഹകളുടെ ഉള്ളിൽ വെളിച്ചത്തിനായി വലിയ കണ്ണാടികൾ ഉപയോഗിച്ചിരുന്നത്രെ. പല ചിത്രങ്ങളും നമുക്ക് നൽകുന്ന സന്ദേശം ആ കാലഘട്ടത്തിൽ പരിഷ്കൃതരായ മനുഷ്യർ ജീവിച്ചിരുന്നു എന്നുതന്നെയാണ്.

ഈ ഗുഹകളെക്കുറിച്ചു നാം അറിയുന്നത് തന്നെ 1819 ൽ ആണ്. മദ്രാസ് പ്രസിഡൻസിക്ക് കീഴിൽ ജോലി നോക്കിയിരുന്ന ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്നു ജോൺ സ്മിത്ത്. കൊടും കാട്ടിൽ കടുവാവേട്ടക്കിറങ്ങിയ അദ്ദേഹമാണ് യാദൃശ്ചികമായി ഒരു ഗുഹ കണ്ടത്. ഇപ്പോൾ 10 ആം നമ്പർ ഗുഹയായി അറിയപ്പെടുന്നു. അദ്ദേഹം ഇത് കാണുന്ന സമയത്ത് അവിടത്തുകാരായ ചിലർ ചില പൂജകൾക്കായി ഉപയോഗിക്കുകയായിരുന്നു ഈ ഗുഹ. തുടർന്നുണ്ടായ പര്യവേഷണത്തിലാണ് മറ്റു ഗുഹകൾ കണ്ടെത്താനായത്.

പഴയകാല ബുദ്ധ മൊണാസ്റ്ററികളെപ്പോലെ തന്നെയായിരിക്കണം ഇതിന്റെയും പ്രവർത്തന രീതി. അവർ ഈ ഗുഹകളെ ആവാസത്തിനായും വിദ്യാഭ്യാസത്തിനായും പ്രാർത്ഥനക്കായും ഉപയോഗിച്ചിരുന്നു. ചിത്രകലയുടെ കേളീഗൃഹമെന്നുവേണമെങ്കിൽ നമുക്കിതിനെ പറയാം. ഇത്രയും വർഷങ്ങൾക്കുശേഷവും ഈ ചിത്രങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു എന്നത് അത്ഭുതാവഹം തന്നെ. ഗൈഡുകളുടെ സഹായമില്ലാതെ ഈ ചിത്രവിസ്മയങ്ങൾ മനസ്സിലാക്കുക വളരെ ബുദ്ധിമുട്ടാണ്. അവർക്കും അറിയാവുന്നതിൽ എത്രയോ അധികമായിരിക്കും അറിയാത്തത്.

കുതിരലാടത്തിന്റെ ആകൃതിയിൽ കിഴക്കേ അറ്റത്തുള്ള ഗുഹയാണ് ഒന്നാം നമ്പർ കാരൻ. ചിത്രകലയുടെ ആധിക്യം വ്യക്തമാക്കുന്നതാണ് രണ്ടാം നമ്പർ ഗുഹ. രണ്ടു നിലകളിലായാണ് ആറാം നമ്പർ ഗുഹ നിർമ്മിച്ചിരിക്കുന്നത്. പത്താം നമ്പർ ഗുഹയാണ് ഇവയിൽ ഏറ്റവും പഴക്കമേറിയതെന്നു കരുതപ്പെടുന്നു. ഇതുവരെ കണ്ടെത്തിയ ഗുഹയുടെ മധ്യഭാഗത്താണ് പതിനാറാം നമ്പർ ഗുഹ. പതിനേഴാം നമ്പർ ഗുഹയുടെ പ്രവേശന ഭാഗത്ത് കല്ലിൽ കൊത്തിയ രണ്ടാനകളുണ്ട്. ഇരുപത്തിയാറാം നമ്പറിൽ ഉറങ്ങുന്ന ബുദ്ധനും. ഓരോ ഗുഹയുടെയും പ്രത്യേകതകൾ ഇവിടെ വിവരിക്കുന്നത് പ്രായോഗികമാണെന്നു തോന്നുന്നില്ല.

അജന്തയിൽ നിന്നും ഞങ്ങൾ പോയത് ഔറംഗാബാദിലേക്കു തന്നെ. പിറ്റേന്ന് രാവിലെ എല്ലോറ ഗുഹകളിലേക്കും. ഇവ ഔറംഗാബാദിൽ നിന്നും മുപ്പതു കിലോമീറ്റർ മാത്രം ദൂരത്തിൽ. ഇതും യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ് സൈറ്റ് തന്നെ. എല്ലോറ ഗുഹകൾ പണിതീർത്തിരിക്കുന്നത് ഏതാണ്ട് അഞ്ചാം നൂറ്റാണ്ടിനും പത്താം നൂറ്റാണ്ടിനും ഇടയിലായിരിക്കുമെന്നാണ് വിശ്വസിക്കുന്നത്.

ഏതാണ്ട് നൂറു ഗുഹകൾ കണ്ടെത്തിയിട്ടുണ്ടെങ്കിലും മുപ്പത്തിനാലു ഗുഹകളിൽ മാത്രമാണ് നമുക്ക് പ്രവേശനാനുമതിയുള്ളത്. ബുദ്ധ, ഹിന്ദു, ജൈന മതങ്ങളുടെ സംസ്ക്കാരം എല്ലോറയിൽ പ്രതിഫലിക്കുന്നുണ്ട്. ഒന്ന് മുതൽ പന്ത്രണ്ടു വരെയുള്ള ഗുഹകൾ ബുദ്ധമതക്കാ



രുടേതാണെങ്കിൽ പതിമൂന്നു മുതൽ ഇരുപത്തൊൻപതു വരെയുള്ള പതിനേഴു ഗുഹകൾ ഹിന്ദുമതക്കാരുടെയും തുടർന്നുള്ള അഞ്ചു ഗുഹകൾ ജൈനമതക്കാരുടേതുമാണ്. അജന്തയിൽ ചിത്രങ്ങളായിരുന്നുവെങ്കിൽ ഇവിടെ ശില്പങ്ങളാണ് പ്രധാന ആകർഷണം. ഇന്നത്തെക്കാലത്തു നമുക്കൊരിക്കലും സങ്കൽപ്പിക്കാനാകാത്ത ദ്രശ്യാനുഭവമാണ് നമുക്കീ ഗുഹകൾ സമ്മാനിക്കുന്നത്.

അജന്താ ഗുഹകളെപ്പോലെ ഒരേ നിരയിലല്ല ഇവിടത്തെ ഗുഹകൾ. ഇവിടെ ഇവ പലയിടങ്ങളിലായി ചിതറിക്കിടക്കുകയാണ്. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നമ്പർ ഇട്ടു ക്ലിപ്തപ്പെടുത്തിയിട്ടുള്ളതിനാൽ നമുക്ക് സന്ദർശനം സുഖകരമാക്കാൻ കഴിയും. നമ്മുടെ തന്നെ വാഹനമോ ഓട്ടോറിക്ഷയോ ആവശ്യമായി വരും ഈ ഗുഹാ സന്ദർശനത്തിന്. ഏതാണ്ട് മൂന്നു നാലു കിലോമീറ്ററുകൾ ദൂരം വേണ്ടിവരും ഇവ മുഴുവൻ കണ്ടെടുക്കാൻ.

ഭൂമിയിൽ കുഴിച്ചെടുക്കപ്പെട്ടിട്ടുള്ള ഏറ്റവും വലിയ ഒറ്റക്കൽ ചരിത്രാവശിഷ്ടമാണ് പതിനാറാം നമ്പർ ഗുഹാക്ഷേത്രം. കൈലാസനാഥക്ഷേത്രം എന്നറിയപ്പെടുന്ന ഈ ശിവക്ഷേത്രം ഒരു രഥത്തിന്റെ ആകൃതിയിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. പാറയുടെ മുകളിൽ നിന്നും വെട്ടിയുണ്ടാക്കിയിരിക്കുന്ന ഈ ക്ഷേത്രം എക്കാലത്തെയും ഒരു ശിൽപ്പ കലാവിസ്മയം തന്നെയായിരിക്കും. ഇതിനു സമാനമായ മറ്റൊരു സൃഷ്ടി ലോകത്തെവിടെയും ഉണ്ടാകാനിടയില്ല. അജന്തയാകട്ടെ എല്ലോറയാകട്ടെ, മൂന്ന് വ്യത്യസ്ത മതങ്ങൾ, അവരുടെ പ്രാർത്ഥനകളും പ്രവർത്തനങ്ങളുമായി കഴിഞ്ഞുകൂടിയവരായിരുന്നു. പുരാതന ഭാരതത്തിന്റെ മതസഹിഷ്ണുതയുടെ ഒരു സ്മാരകം കൂടിയാകുന്നു ഈ ഗുഹാസമുച്ചയങ്ങൾ.

അജന്തക്കും എല്ലോറക്കും സമീപം കരകൗശല സാധനങ്ങൾ വിൽക്കുന്നവർ ധാരാളം. ബുദ്ധ പ്രതിമകൾ, മാലകൾ, വളകൾ, മറ്റു കൗതുക വസ്തുക്കൾ എല്ലാം സുലഭം. നന്നായി വിലപേശി വാങ്ങിയാൽ ഇന്ത്യയിൽ എവിടെ കിട്ടുന്നതിനേക്കാൾ ലാഭം എന്നാണ് ഞങ്ങളുടെ പക്ഷം.

മനസ്സില്ലാമനസ്സോടെ എല്ലോറയോട് യാത്ര പറഞ്ഞു നേരേ പോയത് ഒരു പാവപ്പെട്ട താജ് മഹൽ കാണാനായിരുന്നു. "ബീബി കാ മക്ബറ" എന്നറിയപ്പെടുന്ന ശവകുടീരം. പതിനേഴാം നൂറ്റാണ്ടിൽ ഔരംഗസീബിന്റെ ആദ്യ ഭാര്യക്കുവേണ്ടി പുത്രൻ പണികഴിപ്പിച്ചതാണിത്. ദൂരേ നിന്നും നോക്കിയാൽ താജ് മഹൽ ആണെന്നേ തോന്നൂ. താജ് മഹലിന്റെ ഒരു വിലകുറഞ്ഞ അനുകരണം തന്നെയാണിത്. അതുകൊണ്ടു തന്നെ ഇത് ഡക്കാനി താജ് എന്നും അറിയപ്പെടുന്നു. ഇതിന്റെ ഉയരം 458 മീറ്റർ ആണ്. മുൻഭാഗത്തു നല്ലൊരു നടപ്പാതയും ജല ഫൗണ്ടനും മനോഹരമായിത്തന്നെ നിർമ്മിച്ചിരിക്കുന്നു.


ഔറംഗസീബിന്റെ ശവകുടീരം കാണുക എന്നതായിരുന്നു ഞങ്ങളുടെ അടുത്ത ലക്ഷ്യം. ഖുൽദാബാദിൽ ഉള്ള ഒരു ചെറിയ മുറിയിലാണ് മഹത്തായ മുഗൾ വംശത്തിന്റെ അവസാന ചക്രവർത്തി ഉറങ്ങുന്നത്. ക്രൂരനെന്നും സ്വന്തം പിതാവിനെ തടവിലാക്കി രാജ്യം ഭരിച്ചവൻ എന്നെല്ലാം നമ്മൾ പഠിച്ചിട്ടുണ്ടെങ്കിലും ധൂർത്ത് ഒട്ടും തന്നെയില്ലായിരുന്ന ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം. പ്രത്യേകിച്ചും ജനങ്ങളുടെ ധനം ദുർവിനിയോഗം ചെയ്യുന്നതിൽ. ഭരണാധികാരികളുടെ ലളിത ജീവിതം പലപ്പോഴും ചരിത്രങ്ങളാകാറില്ലല്ലോ. ഉണ്ടെങ്കിലും കുട്ടികളെ പഠിപ്പിക്കാറില്ല. നല്ലവശം ആരെങ്കിലും മാതൃകയാക്കിയാലോ എന്ന ഇപ്പോഴത്തെ ഭരണാധികാരികളുടെ ഭയമായിരിക്കാം ഇതിനു കാരണം. ഔറംഗസീബിന്റെ ലാളിത്യം മനസ്സിലാക്കണമെങ്കിൽ നമ്മൾ ഇദ്ദേഹത്തിന്റെ ശവകുടീരം സന്ദർശിച്ചേ മതിയാകൂ.

പിന്നീട് ഞങ്ങൾ പോയത് പാഞ്ചക്കി അഥവാ വാട്ടർ മിൽ കാണാനായിരുന്നു. ബാബാ ഷാ മുസാഫിർ ദർഗ്ഗയോട് ചേർന്നാണ് ഇത് സ്ഥിതി ചെയ്യുന്നത്. ദൂരസ്ഥലത്തുള്ള പുഴയിൽ നിന്നും ടണൽ വഴി വെള്ളം കൊണ്ടുവന്ന് അതിന്റെ മർദ്ദത്തിൽ കറങ്ങുന്ന, ധാന്യങ്ങൾ പൊടിക്കുന്ന ഒരു ചക്ക് ആയിരുന്നു അത്. ഇതിനോട് ചേർന്ന് ആയിരങ്ങൾക്ക് ഭക്ഷണം കഴിക്കുവാനുതകുന്ന ഒരു തീൻ മുറിയും കണ്ടു. അപ്പോഴാണ് യഥാർത്ഥത്തിൽ ഈ ചക്കിന്റെ പ്രാധാന്യം മനസ്സിലായത്.

ഞങ്ങൾ പാഞ്ചക്കിൽ നിന്ന് മടങ്ങുമ്പോൾ പെട്ടെന്ന് ശക്തമായി മഴ പെയ്യാൻ തുടങ്ങി. വേനലിന്റെ കൊടും ചൂടിൽ അത് ഞങ്ങൾക്ക് പറഞ്ഞറിയിക്കാനാകാത്ത ഒരു അനുഭവമായിരുന്നു. മഴയാസ്വദിച്ചു കൊണ്ടുതന്നെ ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു.

●

# ആത്മപരിശോധന അനിവാര്യം



**ഏഴംകുളം മോഹൻകുമാർ**
**9447743242**

**ആ**രോഗ്യകരമായ ജീവിതത്തിനുവിഘാതം സൃഷ്ടിക്കുന്ന തരത്തിൽ ചില സാമൂഹിക ശക്തികൾ ഇവിടെ വളരുന്നുണ്ട്. ഒരു വ്യക്തി വളരുന്ന അന്തരീക്ഷം, കുടുംബപശ്ചാത്തലം, സാമൂഹിക വ്യവസ്ഥിതികൾ ഇവയെല്ലാം സ്വഭാവ രൂപീകരണത്തിൽ നിർണ്ണായക പങ്കു വഹിക്കുന്നു. നിയമത്തിന്റെ അപര്യാപ്തതയല്ല, സാമൂഹ്യസുരക്ഷാ ഭീഷണിയുയർത്തുന്നത്. ഏതു കുറ്റവും ചെയ്യാൻ ധൈര്യമുള്ള ഒരു തലമുറയുടെ വളർച്ചയാണിതിന്നുകാരണം. സാംസ്കാരികവും ധാർമ്മികവുമായ മൂല്യങ്ങൾ അവർക്കൊരു പ്രശ്നമേ ആകുന്നില്ല. ഈ പ്രവണത മനുഷ്യരാശിക്കുതന്നെ ഭീഷണിയുണ്ടാക്കുന്നതാണ്. പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ കേവലപ്രതികരണങ്ങളിലും കുറ്റാരോപണങ്ങളിലും ഒതുങ്ങുന്നു. ഗൗരവതരമായ പരിശോധന ഇക്കാര്യത്തിൽ അനിവാര്യമാണ്. സാമൂഹികവും ബുദ്ധിപരവുമായ ചിന്തകളിലൂടെയും ആത്മപരിശോധനയിലൂടേയും വേണം പ്രശ്നങ്ങളെ സമീപിക്കേണ്ടത്. ഹീനകൃത്യങ്ങളുടെ കാരണങ്ങൾ തിരിച്ചറിയുകയും അതിലൂടെ പ്രശ്നങ്ങൾ വിലയിരുത്തുകയും വേണം.

പീഡനം എന്ന വാക്കിന്റെ വിശാലാർത്ഥം നഷ്ടപ്പെടുത്തി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളുടെ പര്യായമായിട്ടതിനെ മാധ്യമങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് പുരുഷന്മാരെല്ലാം ലൈംഗിക ചൂഷണത്തിന്റെ യജമാനന്മാരാണെന്ന ധാരണ പ്രചരിപ്പിച്ച് കുടുംബബന്ധങ്ങളിൽപ്പോലും വിള്ളൽ ഉണ്ടാക്കുകയും സമൂഹം സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും ചെയ്യുന്നു. ചില പ്രശ്നങ്ങൾക്ക് അമിത മാധ്യമ പരിഗണന ലഭിക്കുമ്പോൾ അതിലും ഗൗരവമേറിയതും നികൃഷ്ടവുമായ ചിലവ തമസ്കരിക്കപ്പെടുന്നു. ചാനൽ ചർച്ചകളിലാണിത് കൂടുതൽ പ്രകടമാകുന്നത്. ചാനലുകളും സോഷ്യൽ മീഡിയകളും സൃഷ്ടിക്കുന്ന ലൈംഗികാതിപ്രസര പരിപാടികൾ ആരും കാര്യമായിട്ടെടുക്കുന്നില്ല. പിതാവും മക്കളും തമ്മിലുള്ള ബന്ധം വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നതിനുപകരം വൃത്തികെട്ട രീതിയിൽ പ്രശ്നങ്ങളെ നോക്കിക്കാണുന്നത് സാമൂഹികബന്ധങ്ങൾക്ക് കനത്ത ആഘാതം സൃഷ്ടിക്കുക തന്നെ ചെയ്യും.

പുരുഷനും സ്ത്രീയും തമ്മിൽ സംസാരിച്ചാൽ അശ്ലീലം മാത്രം കാണുന്ന സമൂഹത്തിന്റെ ചിന്താഗതിയെ അട്ടിമറിക്കേണ്ടതാണ്. ഒരു സ്ത്രീ ഒറ്റയ്ക്ക് താമസിക്കുന്ന വീട്ടിൽ എന്താവശ്യത്തിനായാലും ചെല്ലുന്ന പുരുഷൻ സംശയത്തിനടിമയാകും. ഒരു ചെറിയ തെറ്റിനു വിധേയയായ സ്ത്രീയെ അപവാദപ്രചാരണങ്ങളിലൂടെ പീഡിപ്പിക്കുക സമൂഹത്തിനൊരു വിനോദമാണ്. സ്വന്തം തെറ്റുകൾ മറച്ചുപിടിച്ച് മറ്റുള്ളവരുടെ ചെയ്തികളെല്ലാം ദുരുപദിഷ്ടമാണെന്ന് ധരിക്കുന്നവരാണേറെയും. അപവാദങ്ങളിലൂടെ മാനസികമായി തകർന്ന് ആത്മഹത്യയിലെത്തിയവരേയും വെറുതെ വിടാതെ അനന്തരം തലമുറയിലൂടെയും ആ വിഷം അവർ കുത്തിവച്ചുകൊണ്ടിരിക്കും.

ആദ്യം നന്നാവേണ്ടത് വ്യക്തിയും അങ്ങനെ സമൂഹവും രാഷ്ട്രവും നന്നാവണമെന്ന് പലരും വാദഗതികൾ മുഴക്കാറുണ്ടെങ്കിലും എല്ലാം ജലരേഖയായി പരിണമിക്കുകയാണിവിടെ. കുറ്റാരോപണങ്ങൾ നടത്തി സ്വന്തം മുഖം രക്ഷിക്കാനുള്ള ബദ്ധപ്പാടാണേറെയും. പിന്നെ എല്ലാം സ്വാർത്ഥതയിലൊതുക്കുന്ന പ്രവണതയും വർദ്ധിച്ചുവരുന്നു. ഇവയെല്ലാം സാമൂഹ്യസുരക്ഷയ്ക്കുള്ള ഭീഷണിയായി നിലകൊള്ളുകയാണ്. ഉപകാരം ചെയ്തില്ലെങ്കിലും എത്തിനോട്ടം കുറയ്ക്കുകയും ഉപദ്രവിക്കാതിരിക്കുകയെങ്കിലും വേണം. ●

■പാചകം

**ജയ ചന്ദ്രൻ**
**8593949935**




## റവ കേസരി

ആവശ്യമായ സാധനങ്ങൾ :


1. റവ – 1 കപ്പ്
2. പഞ്ചസാര – 1 കപ്പ്
3. നെയ്യ് – 3 വലിയ സ്പൂൺ
4. പാൽ – അരക്കപ്പ്
5. അണ്ടിപ്പരിപ്പ് – 10 എണ്ണം
6. മുന്തിരിങ്ങ – 20 എണ്ണം
7. ഏലക്കായ – 2 എണ്ണം പൊടിച്ചത്
8. മഞ്ഞകളർ – 1 നുള്ള്
9. റോസ് എസ്സൻസ് – 3 തുള്ളി
10. വെള്ളം – ഒന്നര കപ്പ്

***പാകം ചെയ്യുന്ന വിധം***

ഒരുപാൻ അടുപ്പിൽ വെച്ച് ചൂടായാൽ നെയ്യ് ഒഴിക്കുക. അണ്ടിപ്പരിപ്പും മുന്തിരിയും വറത്ത് കോരി വെയ്ക്കുക. ഇതേ നെയ്യിൽ റവ ചേർത്ത് ചെറുതായി വറക്കുക. ശേഷം കളർ ചേർത്തിളക്കിയ പാൽ, വെള്ളം, പഞ്ചസാര എന്നിവ ചേർത്ത് നന്നായി ഇളക്കിക്കൊടുക്കുക. റവ നന്നായി വെന്തുവന്നാൽ ഏലക്ക പൊടിച്ചത്, റോസ് എസ്സൻസ് എന്നിവ ചേർത്തിളക്കിക്കൊടുക്കണം. മയം പുരട്ടിയ കിണ്ണത്തിലേക്ക് മാറ്റി നന്നായി അമർത്തിയശേഷം വറത്തുവെച്ചിരിക്കുന്ന അണ്ടിപ്പരിപ്പും മുന്തിരിയും കൊണ്ടലങ്കരിക്കാം. ആറിയ ശേഷം കഷണങ്ങളാക്കാം.



# ഗാന്ധിജി ലണ്ടനിൽ



**ബിന്ദു. കെ**
**9446422321**

**ക**പ്പൽ യാത്ര തുടങ്ങി ദിവസങ്ങൾ പിന്നിടുമ്പോഴേക്കും ഗാന്ധിജിക്ക് വെറി പിടിച്ചതുപോലെ തോന്നിത്തുടങ്ങി. ശ്രീ. മജുംദാർ ഒഴികെ രണ്ടാം സലൂണിലുണ്ടായിരുന്ന എല്ലാ യാത്രക്കാരും ഇംഗ്ലീഷുകാരായിരുന്നു. ഇംഗ്ലീഷ് സംസാരിച്ച ശീലമില്ലായിരുന്നതിനാൽ ഗാന്ധിജിക്ക് അവരോടൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. കപ്പലിലെ മേൽനോട്ടക്കാരനോട് പോലും സംസാരിക്കാൻ ഗാന്ധിജിക്ക് മടി തോന്നി. അവർ സംസാരിക്കാൻ വന്നപ്പോൾ എല്ലാം മനസ്സിലായില്ലെങ്കിലും മനസ്സിലായതിന് മറുപടി കൊടുക്കാനും കഴിഞ്ഞില്ല. കാരണം പുറത്തേയ്ക്ക് പറയുന്നതിനുമുൻപ് ഓരോ വാക്യവും ഗാന്ധിജിക്ക് മനസ്സിൽ രൂപപ്പെടുത്തേണ്ടിയിരുന്നു.

കത്തിയും മുള്ളും ഉപയോഗിച്ച് ഗാന്ധിജിക്ക് ഭക്ഷണം കഴിക്കാൻ അറിയില്ലായിരുന്നു. മാംസം ഇല്ലാത്ത ഏതൊക്കെ ഇനങ്ങളാണ് പട്ടികയിൽ ഉള്ളതെന്ന് ചോദിക്കാൻ ധൈര്യവുമില്ല. അതുകൊണ്ട് മേശയിൽ മറ്റുള്ളവരോടൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കാൻ പറ്റിയില്ല. പകരം ക്യാബിനിലിരുന്നാണ് കഴിച്ചത്. അതാകട്ടെ മുഖ്യമായും ഗാന്ധിജി കൊണ്ടുവന്ന മധുരപലഹാരങ്ങളും പഴങ്ങളും ആയിരുന്നു. ശ്രീ. മജുംദാറിന് ബുദ്ധിമുട്ടൊന്നും ഇല്ലായിരുന്നു. അദ്ദേഹം എല്ലാവരുമായി ഇടപെട്ടു. ഡക്കിൽ അദ്ദേഹം സ്വച്ഛന്ദം നടക്കുമായിരുന്നു. ഗാന്ധിജി പകൽ മുഴുവൻ ക്യാബിനിൽ ഒളിച്ചിരിക്കുകയും ഡക്കിൽ ആരുമില്ലാതാകുമ്പോൾ മാത്രം മുകളിലേക്ക് കയറാൻ ധൈര്യപ്പെടുകയും ചെയ്തു.

യാത്രക്കാരുമായി ഇടപഴകാനും അവരോട് യഥേഷ്ടം സംസാരിക്കാനും ശ്രീ. മജുംദാർ ഗാന്ധിജിയോട് ഇടയ്ക്കിടെ പറയുമായിരുന്നു. വക്കീലന്മാർക്ക് നീളമുള്ള ഒരു നാക്ക് ഉണ്ടാവണമെന്ന് പറയുകയും തന്റെ നിയമസംബന്ധമായ അനുഭവങ്ങൾ ഗാന്ധിജിക്ക് വിവരിച്ചുകൊടുക്കുകയും ചെയ്തു. ഇംഗ്ലീഷ് പറയാൻ കിട്ടുന്ന എല്ലാ സന്ദർഭവും ഉപയോഗിക്കണമെന്നും ഒരു വിദേശഭാഷ ആകുമ്പോൾ തെറ്റു പറ്റുക അനിവാര്യമാകയാൽ അത് കാര്യമാക്കേണ്ടതില്ലെന്നും അദ്ദേഹം ഉപദേശിച്ചു. പക്ഷെ ലജ്ജയെ കീഴടക്കുന്ന കാര്യത്തിൽ ഒന്നിനും ഗാന്ധിജിയെ സഹായിക്കാൻ കഴിഞ്ഞില്ല.

ഒരു ഇംഗ്ലീഷുകാരൻ ദയ തോന്നി ഗാന്ധിജിയുടെ അടുത്ത് വന്ന് സംസാരിക്കാൻ തുടങ്ങി. ഗാന്ധിജിയേക്കാൾ പ്രായമുള്ള ആളായിരുന്നു അദ്ദേഹം. ഗാന്ധിജി എന്തു കഴിച്ചു, എന്തായിരുന്നു ജോലി, എങ്ങോട്ടുപോകുന്നു, ലജ്ജിക്കാൻ കാരണമെന്ത് എന്നും മറ്റും അദ്ദേഹം ഗാന്ധിജിയോട് ചോദിച്ചു. ഭക്ഷണം കഴിക്കാൻ മേശയിലേക്ക് ചെല്ലാനും ഉപദേശിച്ചു. മാംസം പ്രതിജ്ഞാപൂർവ്വം ഉപേക്ഷിക്കുന്നതിലെ ഗാന്ധിജിയുടെ നിർബന്ധത്തെ അദ്ദേഹം പരിഹസിച്ചു. അപ്പോൾ അവർ ചെങ്കടലിലായിരുന്നു. അദ്ദേഹം സ്നേഹപൂർവ്വം പറഞ്ഞു: “ഇതുവരെ ഇതെല്ലാം വളരെ നന്ന്, പക്ഷേ ബിസ്കേ ഉൾക്കടലിൽ വച്ച് നിങ്ങളുടെ തീരുമാനം മാറ്റേണ്ടിവരും. ഇംഗ്ലണ്ടിലാണെങ്കിൽ മാംസം കൂടാതെ ജീവിക്കാൻ കഴിയാത്തവിധം തണുപ്പാണുതാനും.” അപ്പോൾ ഗാന്ധിജി പറഞ്ഞു: “എന്നാൽ ആളുകൾക്കവിടെ മാംസം കഴിക്കാതെ ജീവിക്കാൻ കഴിയുമെന്ന് ഞാൻ കേട്ടിട്ടുണ്ട്.”

“അതൊരു നുണക്കഥയാണെന്ന് ഉറപ്പിച്ചോളൂ. എന്റെ അറിവിൽ ഒരാളും അവിടെ മാംസഭുക്കാകാതെ കഴിയുന്നില്ല. ഞാൻ മദ്യം കഴിക്കുന്നെങ്കിലും നിങ്ങളോട് കഴിക്കണമെന്ന് ഞാൻ പറയുന്നില്ലല്ലോ. എന്നാൽ നിങ്ങൾ മാംസം കഴിക്കണമെന്നാണെന്റെ അഭിപ്രായം കാരണം അതുകൂടാതെ നിങ്ങൾക്ക് ജീവിക്കാനാവില്ല.” അദ്ദേഹം പറഞ്ഞു.

“താങ്കളുടെ ദയാപൂർവ്വമായ ഉപദേശത്തിനു നന്ദി. പക്ഷേ മാംസം തൊടില്ലെന്ന് മതാചാര പ്രകാരം എന്റെ അമ്മയ്ക്ക് ഞാൻ വാക്കുകൊടുത്തതാണ്. അതിനാൽ എനിക്കത് കഴിക്കുന്നതിനെപ്പറ്റി ചിന്തിക്കാനാവില്ല. അതുകൂടാതെ അവിടെ കഴിക്കാൻ സാധ്യമല്ലെന്ന് കണ്ടാൽ അവിടെ നിൽക്കാൻ വേണ്ടി മാംസം കഴിക്കുകയല്ല ഇന്ത്യയിലേക്ക് തിരിച്ചുപോവുകയാവും ഞാൻ തീർച്ചയായും ചെയ്യുക.” ഗാന്ധിജി മറുപടി പറഞ്ഞു.

ഗാന്ധിജി സഞ്ചരിച്ചിരുന്ന കപ്പൽ ബിസ്കേ ഉൾക്കടലിൽ പ്രവേശിച്ചു. പക്ഷേ ഗാന്ധിജിക്ക് അപ്പോഴും മാംസമോ മദ്യമോ കഴിക്കണമെന്ന് തോന്നിത്തുടങ്ങിയില്ല. മാംസം കഴിക്കുന്നതിൽ നിന്ന് വിട്ടുനിന്നതിന്റെ സർട്ടിഫിക്കറ്റുകൾ തരാൻ ഗാന്ധിജി ആ ഇംഗ്ലീഷ് സ്നേഹിതനോട് ആവശ്യപ്പെട്ടു. അദ്ദേഹം സന്തോഷത്തോടെ കൊടുക്കുകയും ഗാന്ധിജി അത് നിധി പോലെ കുറേക്കാലം സൂക്ഷിച്ചുവെയ്ക്കുകയും ചെയ്തു.

പക്ഷേ മാംസം കഴിക്കുന്നവർക്കും അത്തരം സർട്ടിഫിക്കറ്റ് കിട്ടുമെന്ന് പിന്നീട് ഗാന്ധിജിക്കറിയാൻ കഴിഞ്ഞു. അതോടെ ഗാന്ധിജിക്ക് സർട്ടിഫിക്കറ്റിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. തന്റെ വാക്ക് വിശ്വസിക്കാനാവില്ലെങ്കിൽ, ഇക്കാര്യത്തിൽ സർട്ടിഫിക്കറ്റ് സമ്പാദിച്ചിട്ടെവിടെ പ്രയോജനപ്പെടാൻ എന്ന് ഗാന്ധിജി ചിന്തിച്ചു.

ശ്രീ. മജുംദാറും ഗാന്ധിജിയും ഒരു ശനിയാഴ്ച ദിവസം സതാംടണിൽ എത്തി. കപ്പലിൽ കറുത്ത സ്യൂട്ടാണ് ഗാന്ധിജി ധരിച്ചിരുന്നത്. തന്റെ സ്നേഹിതന്മാർ തുന്നിച്ചുതന്ന വെളുത്ത നേർത്ത കമ്പിളിയുടുപ്പ് കപ്പലിറങ്ങുമ്പോൾ ധരിക്കാൻ വേണ്ടി ഗാന്ധിജി പ്രത്യേകം മാറ്റിവച്ചിരുന്നു. കരയിൽ വെളുത്ത വസ്ത്രമാവും തനിക്ക് കൂടുതൽ ചേരുകയെന്ന് ഗാന്ധിജി വിചാരിച്ചു. അതനുസരിച്ച് അവിടെ വെളുത്ത ഫ്ളാനൽ ധരിച്ചു. സെപ്റ്റംബറിലെ അവസാനത്തെ ദിനങ്ങളായിരുന്നു അവ. ഗാന്ധിജി മാത്രമായിരുന്നു അപ്പോൾ അത്തരം വസ്ത്രങ്ങൾ ധരിച്ചിരുന്നത്. മറ്റുപലരും ചെയ്യുന്നതുകണ്ടും ഗാന്ധിജിക്കും അതുപോലെ ചെയ്യണമെന്നു കരുതിയും താക്കോലടക്കമുള്ള തന്റെ സാധനങ്ങൾ ഗ്രിന്റ്ലേ കമ്പനിക്കാരുടെ ഏജന്റിനെ ഏല്പ്പിച്ചു. ഡോ. പി. ജെ. മേത്ത, ശ്രീ. ദൽവത്റാംശുക്ല, പ്രിൻസ് രഞ്ജിത് സിംഗ്ജി, ദാദാബായ് നവറോജി എന്നിവർക്ക് ഗാന്ധിജിയെ പരിചയപ്പെടുത്തുന്ന നാലു കത്തുകൾ ഗാന്ധിജിയുടെ പക്കലുണ്ടായിരുന്നു. ലണ്ടനിലെ വിക്ടോറിയാ ഹോട്ടലിൽ താമസമാക്കാൻ കപ്പലിൽവച്ച് ആരോ ഉപദേശിച്ചിരുന്നു. അതനുസരിച്ച് ശ്രീ. മജുംദാറും ഗാന്ധിജിയും അവിടെ ചെന്നു. പിറ്റേന്ന് ഞായറാഴ്ചയാകയാൽ ഗ്രിന്റ്ലേ കമ്പനിയിൽ നിന്ന് തന്റെ സാധനങ്ങൾ കിട്ടില്ലെന്ന് ഹോട്ടലിൽ വച്ചറിഞ്ഞപ്പോൾ ഗാന്ധിജി ആകെ വിവശനായി. വെള്ള വസ്ത്രം ധരിച്ച ഏക വ്യക്തി എന്ന നാണക്കേട് ഗാന്ധിജിയെ വല്ലാതെ അലട്ടിയിരുന്നു.


സതാംടണിൽ നിന്ന് ഗാന്ധിജി കമ്പിയടിച്ചിരുന്നതിനാൽ ഡോ. മേത്ത അന്നുതന്നെ വൈകീട്ട് എട്ടുമണിയോടുകൂടി ഗാന്ധിജിയെ കാണാൻ വന്നു. അദ്ദേഹം ഗാന്ധിജിയെ ഹാർദ്ദവമായി അഭിവാദ്യം ചെയ്തു. ഗാന്ധിജി ഫ്ളാനൽ ധരിച്ചിരുന്നതുകണ്ട് അദ്ദേഹം പുഞ്ചിരി തൂകി. തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കെ ഗാന്ധിജി അദ്ദേഹത്തിന്റെ രോമത്തൊപ്പി കൈയ്യിലെടുത്ത് അതിന്റെ മാർദ്ദവം നോക്കാൻ കൈകൊണ്ട് തടവിനോക്കി. പക്ഷെ തടവിയത് എതിർവശത്തേക്കായിരുന്നതിനാൽ രോമം ഇളകിപ്പോയി. ഡോക്ടർ മേത്ത കുറഞ്ഞൊരു കോപത്തോടെ ഗാന്ധിജിയുടെ നേരേ നോക്കുകയും അങ്ങനെ ചെയ്യരുതെന്ന് വിലക്കുകയും ചെയ്തു. പക്ഷെ തൊപ്പി കേടുവന്നു കഴിഞ്ഞിരുന്നു. ആ സംഭവം ഗാന്ധിജിക്ക് ഭാവിയിലേക്കുള്ള ഒരു മുന്നറിയിപ്പായിരുന്നു. യൂറോപ്യൻ ആചാരമര്യാദകളിൽ ഗാന്ധിജിയുടെ ആദ്യത്തെ പാഠമായിരുന്നു അത്. ഡോ. മേത്ത അവയുടെ വിശദാംശങ്ങളിലേയ്ക്ക് കടന്നു: "മറ്റുള്ളവരുടെ സാധനങ്ങളൊന്നും തൊടരുത്. ഇന്ത്യയിൽ നമ്മൾ ചെയ്യുന്നത് പോലെ ഒരാളെ പരിചയപ്പെട്ടാലുടൻ അതുമിതും ചോദിക്കരുത്. ഉറക്കെ സംസാരിക്കരുത്. ഇന്ത്യയിലെപ്പോലെ 'സർ' എന്ന് സംസാരിയ്ക്കുന്നതിനിടയ്ക്ക് ആരേയും വിളിയ്ക്കരുത്. ഭൃത്യന്മാരും കീഴ്ജീവനക്കാരും മാത്രമേ അങ്ങനെ വിളിയ്ക്കൂ. അതും മേലാളന്മാരെ." അങ്ങനെ പലതും അദ്ദേഹം പറഞ്ഞു. ഹോട്ടലിൽ താമസിക്കുന്നത് വളരെ ചെലവ് വരുത്തുമെന്നും ഏതെങ്കിലും കുടുംബത്തോടൊപ്പം താമസിക്കുകയാണ് നല്ലതെന്നും അദ്ദേഹം ഉപദേശിച്ചു. അതേപ്പറ്റി ആലോചിക്കുന്ന കാര്യം തിങ്കളാഴ്ചത്തേയ്ക്ക് മാറ്റിവെച്ചു.

ശ്രീ. മജുംദാറിനും ഗാന്ധിജിക്കും ഹോട്ടൽ ജീവിതം വളരെ ബുദ്ധിമുട്ടായി തോന്നി. ചെലവും ഏറെക്കൂടുതലായിരുന്നു. മാൾട്ടായിൽ നിന്നുവന്ന ഒരു സിന്ധി സഹയാത്രികൻ ശ്രീ. മജുംദാറുമായി സ്നേഹബന്ധം സ്ഥാപിച്ചിരുന്നു. അദ്ദേഹത്തിന് ലണ്ടനിൽ പരിചയമുണ്ടായിരുന്നതിനാൽ അവർക്ക് മുറികൾ അന്വേഷിച്ചുകൊടുക്കാമെന്നേറ്റു. അവർ അത് സമ്മതിക്കുകയും തിങ്കളാഴ്ച തങ്ങളുടെ സാധനങ്ങൾ കിട്ടിയ ഉടനെ ഹോട്ടലിലെ കണക്ക് തീർക്കുകയും ആ സിന്ധി സ്നേഹിതൻ അവർക്കായി വാടകയ്ക്കെടുത്ത മുറികളിലേക്ക് പോവുകയും ചെയ്തു. ഹോട്ടൽ ബിൽ മൂന്ന് പവനായിരുന്നു. അത് ഗാന്ധിജിയെ നടുക്കിയിരുന്നു. തുക ഇത്ര വലുതായിരുന്നിട്ടും ഗാന്ധിജി അവിടെ പട്ടിണിയായിരുന്നു. കാരണം ഒന്നിന്റേയും രുചി ഗാന്ധിജിയ്ക്ക് ഇഷ്ടപ്പെട്ടില്ല. കൊണ്ടുവന്ന സാധനം ഇഷ്ടപ്പെട്ടില്ലെങ്കിൽ മറ്റൊന്ന് ആവശ്യപ്പെടും. രണ്ടിനും വില കൊടുക്കേണ്ടിയും വരും. അതുവരേയും ഗാന്ധിജിക്ക് ബോംബേയിൽ നിന്നും കൊണ്ടുവന്ന ഭക്ഷണസാധനങ്ങളായിരുന്നു ആശ്രയം.

പുതിയ താമസസ്ഥലത്തും ഗാന്ധിജി വളരെ അസ്വസ്ഥനായിരുന്നു. വീടിനേയും നാടിനേയും പറ്റി സദാ ചിന്തിച്ചുകൊണ്ടിരിക്കും. അമ്മയുടെ സ്നേഹം ഓർമ്മയായി ഗാന്ധിജിയെ സദാ മഥിച്ചുകൊണ്ടിരുന്നു. രാത്രി അതെല്ലാം ഓർത്ത് സദാ വിഷമിച്ചുകൊണ്ടിരിക്കുകയും ഉറക്കം നഷ്ടപ്പെടുകയും ചെയ്തു. തന്റെ ദുഃഖം ഗാന്ധിജിക്ക് ആരോടും പറയുവാൻ സാധിച്ചില്ല. തന്നെ ആശ്വസിപ്പിക്കുന്ന യാതൊന്നും അവിടെ ഗാന്ധിജി കണ്ടില്ല. എല്ലാം തനിക്ക് അപരിചിതവും വിചിത്രവുമായിരുന്നു – ആളുകളും അവരുടെ സമ്പ്രദായങ്ങളും വീടുകളുമൊക്കെ. ഇംഗ്ലീഷ് ആചാര്യമര്യാദകളുടെ കാര്യത്തിൽ ഗാന്ധിജി തികച്ചും തുടക്കക്കാരനായിരുന്നതിനാൽ എപ്പോഴും സൂക്ഷിച്ച് പെരുമാറേണ്ടിയിരുന്നു. സസ്യഭക്ഷണ പ്രതിജ്ഞ കൂടുതൽ അസൗകര്യവുമായി. തനിക്ക് കഴിക്കാമായിരുന്ന ഭക്ഷണപദാർത്ഥങ്ങളാണെങ്കിൽ രുചിയില്ലാത്തതും വിരസവുമായിരുന്നു. അങ്ങനെ ഇംഗ്ലണ്ട് ഗാന്ധിജിക്ക് ദുസ്സഹമായി. പക്ഷെ ഇന്ത്യയിലേക്ക് മടങ്ങുക ചിന്തിക്കാനാവാത്ത കാര്യമായതിനാൽ മൂന്നു വർഷം തികയ്ക്കുവാൻ തന്നെ അദ്ദേഹം തീരുമാനിച്ചു. •

ഡോ. സി. രാമകൃഷ്ണൻ
9447358663

# ടിനിറ്റസ്
(Tinnitus)



**ചെ**വിയുടെ അകത്ത് പലവിധത്തിലുള്ള ശബ്ദങ്ങൾ ഉണ്ടാകുന്ന ഒരുതരം അസുഖമാണ് ഇത്. ഒരു ചെവിയേയോ രണ്ടു ചെവികളേയോ ബാധിക്കാവുന്നതാണ്. ചെവികളിൽ അടിഞ്ഞുകൂടുന്ന അഴുക്ക് (wax) മൂലമോ, മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ മൂലമോ, ബലഹീനതകൾ നിമിത്തമോ, നീരിറക്കം മൂലമോ പ്രസ്തുത രോഗലക്ഷണം കാണപ്പെടുന്നു. പകൽ സമയങ്ങളിൽ മറ്റു ശബ്ദങ്ങൾ നിലനിൽക്കുന്നതുമൂലം ചെവിയിൽ ഉണ്ടാകാവുന്ന ശബ്ദം അധികവും ശ്രദ്ധിക്കപ്പെടാറില്ല. എന്നാൽ രാത്രിയിൽ നിശ്ശബ്ദത പാലിക്കുമ്പോഴായിരിക്കും പ്രസ്തുത ശബ്ദം ശ്രദ്ധിക്കപ്പെടുക. ഇത് പ്രായഭേദമെന്യേ അധികം പേരിലും കണ്ടുവരുന്നു. ശബ്ദത്തിന്റെ തീക്ഷ്ണത കൂടുന്തോറും കേൾവിക്കുറവിന്ന് സാദ്ധ്യതയുണ്ട്. കേൾവിയെ ബാധിക്കാനിടയുള്ളതുകൊണ്ട് ഫലപ്രദമായ ചികിത്സയെടുക്കേണ്ടിയിരിക്കുന്നു. പലവിധത്തിലുള്ള ശബ്ദങ്ങളാണ് കേൾക്കേണ്ടിവരുക. മണി അടിക്കുന്നതുപോലെ, മൂളലുകൾ, ആഹാരങ്ങൾ ചവക്കുമ്പോൾ ഉണ്ടാകുന്ന ചെറിയ ശബ്ദം, ആഹാരം വിഴുങ്ങുമ്പോഴും, മൂക്കു ചീറ്റുമ്പോഴും ഉണ്ടാകുന്ന ഒരുതരം ശബ്ദം, മുഴക്കം, ചെറിയ ശബ്ദം അസഹനീയമായ വൻ ശബ്ദത്തോടെയും എന്നാൽ വലിയ ശബ്ദം സഹനീയമായിരിക്കുകയും ചെയ്യും. സ്വന്തം ശബ്ദം പ്രതിദ്ധ്വനിയോടെ കേൾക്കുന്നു, ചെവിയടപ്പ്, കിളികളുടെ ശബ്ദം പോലെ, വിസിൽ അടിക്കുന്നതുപോലെയുള്ള ശബ്ദം, തിരമാലകൾ അലറുന്നതുപോലെയുള്ള ശബ്ദം, ഹൃദയസ്പന്ദനങ്ങൾ കേൾക്കുവാൻ ഇടയാവുക, ടെലിഫോൺ ഡയൽടോൺ മാതിരിയുള്ള ശബ്ദം, കൂക്കി വിളിക്കുന്നതുപോലെയുള്ള ശബ്ദം ഇവയെല്ലാം ആയിരിക്കും കേൾക്കുവാൻ ഇടയാകുന്നത്. ചില സ്ത്രീകൾക്ക് ആർത്തവസമയത്തും ചില ശബ്ദങ്ങൾ കേൾക്കുവാൻ ഇടയാകുന്നു. രതി സമയങ്ങളിൽ ചിലർക്ക് ഒരുവശത്തേക്ക് ചരിഞ്ഞുകിടക്കുമ്പോഴും അല്ലാതേയും ശബ്ദം കേൾക്കുവാൻ ഇടയാകുന്നു.

ചെവിയിലെ അഴുക്ക് (wax) എടുക്കുന്നതുമൂലം ചിലർക്ക് ഗുണം ലഭിക്കാറുണ്ട്. ചെപ്പിത്തോണ്ടി എന്ന ആയുധം മൂലമോ, തീപ്പെട്ടിക്കൊള്ളി മൂലമോ, സേഫ്റ്റി പിന്നിന്റെ പിൻവശം മൂലമോ വാക്സ് എടുത്തുകളയുവാൻ മുതിരുന്നത് ചെവിയുടെ ഉൾഭാഗം പരിക്ക് ഏൽക്കുവാൻ സാദ്ധ്യതയേറെയാണ്. അതുകൊണ്ട് ചെവിരോഗ ചികിത്സകരെ കൊണ്ടുവേണം എടുത്തുകളയേണ്ടത്. ഫലപ്രദമായ മരുന്നുകൾ മൂലം ഈ അസുഖത്തെ മാറ്റുവാൻ സാധിക്കും. ചെവികൾക്ക് പഴുപ്പുവരാൻ സാദ്ധ്യത ഉള്ളതുകൊണ്ട് അതിനെ ചികിത്സിച്ചു മാറ്റേണ്ടതാണ്. ഹോമിയോ ചികിത്സ വളരെ ഫലപ്രദമാണ്. ●

■ കവിത

# ഇത്തിരി വരികൾ



കെ കെ എസ്
കാമ്പ്രത്ത്ചള്ള
9447332160, 8606142160

## അതുവേണം

അവൾ പറഞ്ഞു
എന്നമ്മയെ
വൃദ്ധസദനത്തിലാക്കുവാൻ
അതെ അതുവേണം
ഞാൻ മനസ്സിലുറപ്പിച്ചു
പിന്നെ
ഞാനവളെയവളുടെ
വീട്ടിൽക്കൊണ്ടാക്കി.

## അമ്മമഴ

ആകാശക്കൊട്ടാരത്തിനായ്
അവകാശത്തർക്കം
ഇടിയും മിന്നലും
കണ്ണീരായ്
അമ്മമഴ

## ബാക്കിവച്ചവ

ഞെട്ടറ്റു വീണ
പൂവിലുമുണ്ടായിരുന്നു
ഒരു തേൻ തുള്ളി
വണ്ടിനു വേണ്ടിയും,
ഉറുമ്പിനുവേണ്ടിയും,
ശലഭത്തിനുവേണ്ടിയും,
ബാക്കിവച്ചവ

## ചെലവ്

അമ്പലത്തിൽ ദൈവത്തിന്
ചെലവിനു കാശില്ലത്രേ ?
അതിനാൽ
ഭക്തജനങ്ങൾ
ഒരു വഴി കണ്ടെത്തി
അർച്ചനച്ചീട്ടും
ഉണ്ടിയലും
പിന്നൊരു വെടിവഴിപാടും

## താമര

ഞാൻ താമരയാണ്
ചേറിലാണു ജനനമെങ്കിലും
അതെന്നെയേശുന്നതേയില്ല
എന്റെ പത്രങ്ങളതിനെ
സ്വീകരിക്കുന്നതേയില്ല
ഞാനെന്താണെന്നും
എങ്ങനെയാണെന്നുമെനിക്കറിയാം
സൂര്യനെനോക്കി
നിത്യമുക്തിക്കായ്
തപസ്സിരിക്കുന്നതാണെന്റെ കർമ്മം


## കാലചക്രം

കാലചക്രം വൃത്താകൃതിയിലാണ്
എല്ലാർക്കുമെന്നപോലെ
എനിക്കുമതവകാശപ്പെട്ടതാണ്
കറങ്ങിക്കറങ്ങിയിപ്പോൾ
ആർക്കു മുന്നിലോ ?

കാത്തിരിക്കാൻ ഞാൻ
തയാറാണ്
അതുകൊണ്ടുതന്നെ
ഒരു നാൾ
എന്റെ മുന്നിലുമതുവരും.

■ പുസ്തകപരിചയം

# സ്വാർത്ഥകമായ സാഹിത്യ പഠനാന്വേഷണങ്ങൾ



രാജേന്ദ്രൻ വയല
9446377201




(ഡോ. ടി. ആർ. രാഘവന്റെ 'വിമർശനങ്ങൾ വീക്ഷണങ്ങൾ - തെരഞ്ഞെടുത്ത ലേഖനങ്ങൾ. പ്രസാധകർ. ഫേബിയൻബുക്സ്. വില 410 രൂപ)

**ഒ**രു വർഷം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങൾ എത്രയെന്ന് വായനയെ നെഞ്ചേറ്റുന്നവർ തന്നെ അറിയുകയോ അന്വേഷിക്കുകയോ ചെയ്തിട്ടുണ്ടാവുമോ ? ഇരുപതിനായിരത്തിലേറെയെന്നാണ് പ്രാഥമികാന്വേഷണത്തിൽ ലഭ്യമായിട്ടുള്ള വിവരം. ഇതിൽ എത്ര പുസ്തകങ്ങളാണ് നന്നായി വിലയിരുത്തുകയോ നന്നായി വായിക്കുകയോ ചെയ്യുന്നുണ്ടാവുക എന്ന അന്വേഷണത്തിനുള്ള ഉത്തരവും ആശാവഹമല്ല. പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളെക്കുറിച്ച് ചെറുകുറിപ്പുകളും കവർ ചിത്രങ്ങളും അല്ലാതെ ആധികാരിക പഠന - നിരൂപണങ്ങൾ ഉണ്ടാകുന്നില്ല.

അരനൂറ്റാണ്ടിലേറെ കാലമായി മലയാളസാഹിത്യപഠന നിരൂപണ വൈജ്ഞാനിക മേഖലകളിൽ അർപ്പണബോധത്തോടെ രചന നടത്തുന്ന ഡോ. ടി. ആർ. രാഘവന്റെ പ്രസിദ്ധീകൃതമായ ഇരുപതിലധികം കൃതികളിൽ നിന്ന് സമാഹരിച്ച ശ്രദ്ധേയമായ ലേഖനങ്ങളുടെ സമാഹാരമാണ് 'വിമർശനങ്ങൾ വീക്ഷണങ്ങൾ'. 2017ലെ വൈജ്ഞാനിക സാഹിത്യത്തിനുള്ള ദേശാഭിമാനി പുരസ്കാരം ഈ ഗ്രന്ഥകാരന്റെ ഇന്ത്യൻ കപ്പലോട്ടത്തിന്റെ ചരിത്രം' എന്ന പുസ്തകത്തിനായിരുന്നു.

സമാഹാരത്തിലെ കാവ്യചിന്തനം എന്ന ഖണ്ഡത്തിൽ ലബ്ധപ്രതിഷ്ഠരായ കാവ്യങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ്. മഹാകവി കുമാരനാശാൻ, ഇടശ്ശേരി, വയലാർ, കക്കാട്, അയ്യപ്പപണിക്കർ, കടമ്മനിട്ട, സച്ചിദാനന്ദൻ, എ. കുമാരപിള്ള, സുഗതകുമാരി എന്നിവരുടെ കാവ്യലോക സഞ്ചാരപഥങ്ങൾ ഇഴനീർത്ത് അവലോകനം ചെയ്യുന്നു. കുമാരനാശാന്റെ പ്രധാന കൃതികളെക്കുറിച്ചെല്ലാം ആസ്വാദകർക്കും സാഹിത്യവിദ്യാർത്ഥികൾക്കും ഏറെ പ്രയോജനകരമായി പരാമർശിക്കുന്നു. ഇടശ്ശേരിയുടേയും വയലാറിന്റേയും കൃതികളെക്കുറിച്ചും രചന പ്രത്യേകതകളെക്കുറിച്ചും ആഴമുള്ള അവബോധം പകരുന്ന ലേഖനങ്ങൾ ഈ ഭാഗത്തുണ്ട്. മലയാളകവിതയുടെ നവഭാവുകത്വത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ അയ്യപ്പപണിക്കർ, സച്ചിദാനന്ദൻ, ജി. കുമാരപിള്ള, കക്കാട്, സുഗതകുമാരി, കടമ്മനിട്ട എന്നിവരെക്കുറിച്ചുള്ള അവലോകനങ്ങൾ ശ്രദ്ധേയമാണ്.

ഏകഗ്രന്ഥാവലോകന ഖണ്ഡത്തിൽ മലയാളത്തിലെ സമുന്നതമായ കവികളുടെ പ്രധാനപ്പെട്ട കൃതികളുടെ വിലയിരുത്തലുകളാണ്. ഉള്ളൂരിന്റെ കർണ്ണഭൂഷണം, വൈലോപ്പിള്ളിയുടെ കുടിയൊഴിക്കൽ, ഒ. എൻ. വി.യുടെ സ്വയംവരം, പ്രഭാവർമ്മയുടെ അർക്കപൂർണ്ണിമ, കെ. ജി. എസ്സിന്റെ കൊച്ചിയിലെ വൃക്ഷങ്ങൾ എന്നീ ഉത്തമകാവ്യകൃതികളെക്കുറിച്ച് ടി. ആർ. ആഴമുള്ള പഠനങ്ങളാണ് നടത്തിയിട്ടുള്ളത്. ഉത്തുംഗപദാവലികൾ കൊണ്ട് അതിദീർഘമായി എഴുതുന്നതിലല്ല ആറ്റിക്കുറുക്കിയ വിചിന്തനങ്ങളാണ് കാണാനാവുക. കൃഷ്ണൻ പറപ്പണിയുടേയും, പാപ്പനംകോട് പ്രഭാകരന്റേയും രചനകളെക്കുറിച്ചുള്ള അവലോകനങ്ങളും എടുത്തുപറയേണ്ടവയാണ്.

കൃതികളും വിലയിരുത്തലും സഞ്ചയത്തിൽ മലയാള, ലോക സാഹിത്യ പ്രതിഭകളെക്കുറിച്ച് വിശദമായ പഠനങ്ങളാണുള്ളത്. എലിയറ്റ്, ഫ്രോയ്സ്, തകഴി, ഉറൂബ്, എം. ടി., മാരാർ, ഒ. വി. വിജയൻ, മാധവിക്കുട്ടി, വൈലോപ്പിള്ളി, വിജയലക്ഷ്മി എന്നിവരുടെ കൃതികളെക്കുറിച്ചും ഒപ്പം 'ജാതിയും ജാതിവിരുദ്ധസമരത്തിന്റെ ആനുകാലിക പ്രസക്തിയും, ശ്രീനാരായണഗുരുവും കേരള നവോത്ഥാനവും, സമചിന്തതയുടെ സ്വരം നിരൂപണത്തിൽ, പൊൻ പേനയിലും വിഷം, തുടങ്ങിയ ലേഖനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സാമൂഹ്യപ്രസക്തമായ ഈ ലേഖനങ്ങൾ ഏറെ ശ്രദ്ധേയവും പഠനാർഹങ്ങളുമാണ്. മലയാളസാഹിത്യ മേഖലയിലെ സർഗ്ഗധനരായ എഴുത്തുകാരെ നവീന മാനത്തിൽ ലളിതമായി വ്യാഖ്യാനിക്കുന്നതിൽ ലേഖകൻ വിജയിച്ചിരിക്കുന്നു.

സാഹിത്യ, സാമൂഹ്യ, രാഷ്ട്രീയ പൊതുമണ്ഡലങ്ങളിൽ സമർപ്പിതജീവിതം നയിച്ച ലോകപ്രശസ്തസാഹിത്യകാരൻമാരേയും കേര

ളീയ എഴുത്തുകാരേയും കുറിച്ചുള്ള ആത്മകഥ. ജീവചരിത്രപുസ്തകങ്ങളെ അധികരിച്ചുള്ള പഠനാവലോകനങ്ങളാണ് ജീവചരിത്ര ഭാഗത്തിലുള്ളത്. ലാറ്റിനമേരിക്കൻ കവി പാബ്ലോ നെരുദയുടെ ഓർമ്മക്കുറിപ്പുകൾ, റഷ്യൻ കവി യവ്തുഷങ്കോയുടെ ആത്മകഥ, സാമൂഹ്യ പരിഷ്കർത്താവായിരുന്ന വി. ടി. ഭട്ട തിരിപ്പാടിന്റെ കണ്ണീരും കിനാവും, പ്രമുഖ പത്രാധിപരും, എഴുത്തുകാരനുമായിരുന്ന കെ. പി. കേശവമേനോന്റെ കഴിഞ്ഞകാലം എന്ന കൃതി, നാടകകൃത്തും സാഹിത്യചരിത്രകാരനുമായ പ്രൊഫ. എൻ. കൃഷ്ണപിള്ളയെക്കുറിച്ചുള്ള എഴുമറ്റൂരിന്റെ ജീവചരിത്രം എന്നിവയെ അധികരിച്ചുള്ള ലേഖനങ്ങൾ, പ്രകൃഷ്ട വ്യക്തിത്വങ്ങളേയും അവരുടെ കാലത്തേയും ആശയലോകത്തെക്കുറിച്ചും ഉള്ള ആധികാരികാന്വേഷണങ്ങളാണ്.

വിശിഷ്ട ക്ലാസ്സിക്കുകൾ എന്ന ഭാഗത്ത് വിഖ്യാത രചനകൾ പരിചയപ്പെടുത്തുന്നു. മാക്സിം ഗോർക്കിയുടെ അമ്മ, കാഫ്കയുടെ ദി കാസിൽ, മാർക്വിസിന്റെ ഏകാന്തതയുടെ നൂറ് സംവത്സരങ്ങൾ, ടോൾസ്റ്റോയിയുടെ അന്നാ കരനീന, ഗോൾഡ് ഓഫ് സ്മാൾ തിങ്ങ്സ് എന്നീ കൃതികളുടെ ആന്തരിക സൗന്ദര്യാത്മകതയും ശക്തിയും ഒട്ടും ചോർന്നുപോകാതെയാണ് ടി. ആർ. പരിചയപ്പെടുത്തുന്നത്.

ഏഴ് ഇതിഹാസ നാടക കൃതികളെക്കുറിച്ചുള്ള പഠനങ്ങളാണ് 'വിശ്വവശ്യ നാടകങ്ങൾ' എന്ന ഭാഗത്തിൽ ഉൾപ്പെടുന്നത്. ലോകക്ലാസ്സിക് കൃതികളിൽ നാടകകൃതികൾക്ക് സുഖിദിതമായ കാലമുണ്ടായിരുന്നുവെന്ന് ലേഖനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇബ്സന്റെ ജനശത്രു മൃതാത്മാക്കൾ ഉണരുമ്പോൾ, ഷേക്സ്പിയറിന്റെ മാക്ബെത്ത്, സാമുവൽ ബക്കറ്റിന്റെ ഗോദെയെ കാത്ത്, ബ്രഹ്തിന്റെ ധീരയായ അമ്മയും മകളും, യോനസ്കോയുടെ അമേദി, കാണ്ടാമൃഗം എന്നീ നാടകങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നാടകസാഹിത്യത്തിന്റെ മാനങ്ങളേയും ദർശനങ്ങളേയും കുറിച്ച് സൂക്ഷ്മാവലോകനങ്ങൾ ഉൾക്കൊള്ളുന്നതാണ്.

പ്രതിഭാസംഗമം എന്ന ഖണ്ഡത്തിൽ സാഹിത്യ, സാംസ്കാരിക, സിനിമാ, ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ പ്രകാശം ചൊരിഞ്ഞ ബഷീർ, സാർത്ര, നിത്യചൈതന്യയതി, സത്യജിത് റായ്, പ്രൊഫ. എം. കൃഷ്ണൻ നായർ എന്നീ പ്രതിഭാശാലികളേയും അവരുടെ ബഹുമുഖമായ കർമ്മ മണ്ഡലത്തേയും കുറിച്ച് ലേഖനങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നു.

ഡോ. ടി. ആർ. രാഘവന്റെ തെരഞ്ഞെടുത്ത ലേഖനങ്ങളുടെ ഈ സഞ്ചയം തികച്ചും സ്വാർത്ഥകമായ ചിന്തകളും ആഴമുള്ള നവദർശനങ്ങളും അനുവാചകർക്ക് പകരുന്നു. സൂര്യവെളിച്ചം തെളിമയുള്ള ജലശേഖരത്തിൽ പതിക്കുമ്പോൾ അതിന്റെ അടിത്തട്ടിലെ മൺതരികൾ സ്വർണ്ണരാശികളായി പ്രശോഭിക്കുന്നതുപോലെ ചേതോഹരമാണ് ഈ ലേഖനങ്ങളിലെ ഹൃദ്യവും തെളിമയാർന്നതുമായ ഭാഷ. മലയാളത്തിനൊപ്പം ഇംഗ്ലീഷ് സാഹിത്യത്തിലും ഭാഷയിലുമുള്ള ഈ എഴുത്തുകാരന്റെ ആഴമുള്ള അവബോധം ലേഖനങ്ങൾക്ക് നവഭാവുകത്വം നൽകുന്നു.

ഡോ. ടി. ആറിന്റെ അര നൂറ്റാണ്ട് കാലത്തെ സഫലമായ വായനയുടേയും മനനത്തിന്റെയും സഫലതയാണ് ഈടുറ്റ ഈ പുസ്തകം. ഗ്രന്ഥകർത്താവിന്റെ ഇരുപതിലധികം കൃതികളിലെ ശ്രദ്ധേയമായ പല ലേഖനങ്ങളും ഈ സമാഹാരത്തിൽ ഉൾപ്പെടുത്താൻ കഴിയാതെ പോയത് പുസ്തകവൈപുല്യം കൊണ്ടാവാം. അറിവിന്റെ ജാലകങ്ങൾ എന്ന ഡോ. എൻ. രാജന്റെ അവതാരിക പുസ്തകത്തിന്റെ അകംപൊരുൾ തികച്ചും അഭിവഞ്ജിപ്പിക്കുന്നു. ലോകസാഹിത്യകാരൻമാരേയും കൃതികളേയും മലയാളസാഹിത്യ വിദ്യാർത്ഥികൾക്കും സാധാരണക്കാർക്കും പരിചയപ്പെടുത്തിയവരിൽ പ്രമുഖനാണ് ഈ എഴുത്തുകാരൻ. ഈ കൃതിയും ആ ശ്രമത്തിന്റെ സ്വാർത്ഥകമായ അന്വേഷണമാണ്. ●

■ കവിത

# ഗ്രാമവിശുദ്ധി




**ജോസഫ് പൂതക്കുഴി**
**9846751749**


മകരമാസക്കുളിർമഞ്ഞിൽ
പച്ചിലച്ചാർത്തിൽ
കമനീയമായണിഞ്ഞുനിൽക്കും
ഗ്രാമീണകന്യകനിത്യവിശുദ്ധ
കതിരണിപൊൻമണി
നെൽവയൽവ്രീളാവിവശയായ്
തലതാഴ്ത്തിനിന്നിടുന്നു.
അവളുടെയളകങ്ങളാടി-
ക്കളിക്കുന്നിളം തെന്നലിൽ.
കൈതപ്പൂഗന്ധവുമായോടി-
യെത്തിക്കുസൃതിക്കയ്യു-
കളാലവളുടെ
ചേലത്തുമ്പിൽതൂങ്ങിയാടിടുന്നു.
ഗ്രാമവീഥികളിരുപുറം നാനാ-
വർണ്ണരാജിമലരുകളാലംകൃതം
ചന്തമേറിനചിറകുവിരിച്ചു
പാറിക്കളിക്കുന്നു ചിത്രശലഭങ്ങൾ.
വേലിപ്പടർപ്പിൽ ചിരിച്ചുനിൽക്കും
മലർമധുനുകർന്നു
മയങ്ങിടുന്നു ഭ്രമരം
തുമ്പയും തുളസിയും
മുക്കുറ്റിമന്ദാരം
ചെമ്പരത്തി, ചെമ്പകവും ചെത്തി
ചെമ്പനീർച്ചെണ്ടുമുല്ല
പിച്ചകവുമെങ്ങും
കാണാമീനാട്ടുവഴിയിടങ്ങളിൽ.
കനക കുംഭങ്ങളേന്തിനിൽക്കും
കല്പതരുനിരകളെൻഗ്രാമസൗഭഗം.
നന്മകളാൽ സമൃദ്ധമെൻ
നാട്ടിൻപുറമെത്രനിഷ്കളങ്ക-
മെത്ര മോഹനം.

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

മുരളി സാർ,

ഏക തത്ത്വ വായിക്കുന്നുണ്ട്. ഒക്ടോബർ ലക്കം നന്നായി. ഭാരതീയം മുടക്കരുത്. മഹാന്മാരുടെ ഒരു ദിവസത്തെ ദിനചര്യ പ്രസിദ്ധീകരിച്ചാൽ നന്നായിരിക്കും. ഒക്ടോബറിൽ ഗാന്ധിജിയെക്കുറിച്ച് കൂടുതൽ വേണമായിരുന്നു. നല്ല കാലിക പ്രാധാന്യമുള്ള കാർട്ടൂണുകൾ ആവാം. ഭാവുകങ്ങൾ !

പി. സി. രാമകൃഷ്ണൻ
പുതുപ്പരിയാരം, പാലക്കാട്
9946072764

ഏക തത്ത്വ ഒക്ടോബർ ലക്കം കിട്ടി. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് - മുരളിസാറിന്റെ മുഖമൊഴി - എനിക്ക് പറയുവാനുള്ളത് അക്ഷരാർത്ഥത്തിൽ ശരിയാണ്. നിറങ്ങൾ കൂട്ടിച്ചേർത്ത് ഒന്നാകുന്ന പോലെ നാനാ ജാതി മതവിഭാഗങ്ങൾ കൂടിച്ചേർന്ന് ഒരൊറ്റ ഭാരതം ആ സങ്കൽപ്പം എത്ര മഹത്തരമാണ്. പക്ഷെ അത് കറുപ്പ് നിറമാകരുത്. ഭാരതം കണ്ട ദിവ്യ തേജസ്സാണ് ഗാന്ധി. ലോകം ഏറ്റെടുത്ത ചുരുക്കം ചില മഹാത്മാക്കളിൽ ഒരാൾ. ഓരോ രാജ്യത്തും ഗാന്ധിമാരുണ്ടായി. ദേശ വിദേശങ്ങളിൽ പോലും ലോകം അംഗീകരിച്ച മഹാത്മാവായി അദ്ദേഹം മാറി. മഹാത്മാഗാന്ധിയുടെ പാത പിൻതുടർന്ന് എത്ര എത്ര മഹത്‌വ്യക്തികൾ നന്മയുടെ പാതയിലെത്തി. ദേശത്തിനപ്പുറം, രാജ്യത്തിനപ്പുറം ഖ്യാതി നേടിയ വ്യക്തിയായി ഗാന്ധി മാറി. ഗാന്ധിജിയെ എളുപ്പം ഒഴിവാക്കാനാവാത്തതു തന്നെയാണ് ചിലരെ വിഷമിപ്പിക്കുന്നത്. ജനമനസ്സുകളിൽ തിളങ്ങി നിൽക്കുന്ന ദിവ്യതേജസ്സാണ് ഗാന്ധി. തന്റെ ജീവിതം മുഴുവൻ ഒരു രാജ്യത്തിനു സമർപ്പിച്ച വ്യക്തി. ഒന്നും ആഗ്രഹിക്കാതെ എല്ലാം ത്യജിച്ച നിർമ്മല രൂപൻ. അദ്ദേഹത്തെ കുറിച്ചെഴുതിയതിനു പ്രത്യേക നന്ദി. മുരളി സാർ കുറിച്ച പോലെ ഗാന്ധിജിയെ മനസ്സിൽ നിന്നകറ്റുക എളുപ്പമല്ല.

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387

പ്രിയ മുരളി സാർ,

ഏക തത്ത്വയുടെ സപ്തംബർ ലക്കവും നേരത്തെ തന്നെ കൈയിൽ കിട്ടി. മുഖചിത്രം വളരെ ഭംഗിയായി. പക്ഷെ ഒരു സംശയം ബാക്കി നിന്നു. സിന്ദൂര വർണ്ണങ്ങളിൽ ചാലിച്ചെടുത്ത ആകാശഭംഗി സന്ധ്യയോട് വിടപറയുന്ന പകലിന്റെ മൗനമാണോ അതോ പകലിൽ നിന്നകലുന്ന സന്ധ്യയുടെ നൊമ്പരമോ ഏതായാലും പുതിയ പ്രതീക്ഷകൾക്ക് തുടക്കം കുറിക്കുന്നു.

മുഖചിത്രം മറിച്ചുനോക്കിയപ്പോൾ തന്നെ എഴുത്തുകാരനും എന്റെ സുഹൃത്തുമായ ഉണ്ണി (ഉണ്ണി വിശ്വനാഥ്) സംസ്ഥാനതല കഥാപുരസ്ക്കാരം വാങ്ങുന്നതിന്റെ ഫോട്ടോയും. ഉണ്ണിയെ എഴുത്തുകാർക്കും വായനക്കാർക്കും പരിചയപ്പെടുത്തിയതിലും ഏറെ സന്തോഷകരമായി.

'എനിക്ക് പറയാനുള്ളതിൽ' സാർ എഴുതുന്നത് വെറുതെ വായിച്ച് കളയാനുള്ളതല്ല എന്ന് തോന്നി. രാജൻ കിണറ്റിങ്കരയുടെ കാർട്ടൂൺ അവസരത്തിനൊത്തുയർന്നു. ഓരോ ഏടു മറിക്കുമ്പോഴും വ്യത്യസ്ത രുചികളിലുള്ള വിഭവങ്ങളായിരുന്നു. ലേഖനങ്ങൾ വളരെ നല്ല നിലവാരം പുലർത്തുന്നുണ്ട്. അതുപോലെ കഥകളും കവിതകളും നന്നായി എഴുതി. ചിലത് ആനുകാലിക പ്രസക്തി ഉള്ളവയായിരുന്നു. കവിതകളുടെ ഇടയിൽ എനിയ്ക്കും ഒരിടം തന്നതിൽ വളരെ അധികം സന്തോഷം. ആരോഗ്യ പംക്തി കുറേയധികം അറിവ് പകർന്നുതന്നു. ഗായകരത്നങ്ങളിൽ പഴയകാല ഗായിക പി. ലീലയെ കുറിച്ചെഴുതിയത് അവരെ പറ്റി കൂടുതൽ അറിയാൻ കഴിഞ്ഞു.

ഓരോ രചനകളെക്കുറിച്ചും പ്രത്യേകം പറയുന്നില്ല. എല്ലാം നല്ല വായനാസുഖം പകരുന്നതായിരുന്നു. അക്ഷരക്കൂട്ടുകൾ കൊണ്ടൊരുക്കിയ വിഭവസമൃദ്ധമായ ഒരോണസദ്യയായിരുന്നു സെപ്റ്റംബർ ലക്കം ഏക തത്ത്വ. ആശംസകളോടെ...

സ്നേഹപൂർവ്വം
ഹരി കെ. പുരയ്ക്കൽ
9995698825

ഏക തത്ത്വക്ക്,

ശ്രീമതി. എം. എൽ. ശ്യാമളയുടെ 'പാചക'ത്തെപ്പറ്റിയുള്ള തുറന്ന അഭിപ്രായം വായിച്ചു. നിറഞ്ഞ മനസ്സോടെ സ്വാഗതം ചെയ്യുന്നു. ഇനി എന്നെ പരിചയപ്പെടുത്താം. ഒരു കൃഷിക്കാരന്റെ ഭാര്യയാണ്. നാട്ടിൻപുറത്ത് ജീവിക്കുന്നു. 1 കപ്പ് ചുണ്ടങ്ങപ്പുളിക്കെന്തിനാണ് 2 വലിയ സ്പൂൺ മല്ലിപ്പൊടി എന്ന ചോദ്യവും കണ്ടു. എന്റെ ഓർമ്മ ശരിയാണെങ്കിൽ വൃത്തിയാക്കിയ ചുണ്ടങ്ങയുടെ അളവാണ് 1 കപ്പ്. ബാക്കി ചേരുവകളെല്ലാം ചേർത്ത് കറിയാകുമ്പോൾ അതിന്റെ അളവ് മൂന്നോ നാലോ കപ്പായി മാറുമല്ലോ. മാത്രമല്ല ഓരോന്നും കൃത്യമായി അളന്നെടുത്ത് പാചകം ചെയ്തുനോക്കിയ ശേഷമാണ് ഞാൻ ഏക തത്ത്വയ്ക്ക് അയക്കുന്നത്. പുതുതലമുറയെ വഴിതെറ്റിക്കരുതല്ലോ. പിന്നെ എരിശ്ശേരിയുടെ കാര്യം. ഓണസദ്യ ഒരുക്കുന്നതൊക്കെ പരമ്പരാഗതമായി പഠിച്ചുവരുന്നതാണ്. ഇതിൽ പുതിയ പരീക്ഷണങ്ങൾ ചെയ്യാറില്ല. ഒരുദിവസം തീർച്ചയായും ചെയ്തുനോക്കുന്നതാണ്. അഭിപ്രായത്തിന് നന്ദി.

ശ്യാമള എഴുതിയ സ്ത്രീ എന്ന ലേഖനം വായിച്ചു. പൂർണ്ണമായി യോജിക്കാൻ പറ്റുന്നില്ലെങ്കിലും കുറേയേറെ കാര്യങ്ങൾ സത്യങ്ങളാണ്. 68 കഴിഞ്ഞ ഒരു വൃദ്ധയായ സ്ത്രീയാണ് എഴുതുന്നതെന്ന് പറഞ്ഞുവല്ലോ. ഇത് വായിച്ച എന്റെ 73 വയസ്സ് കഴിഞ്ഞ ഭർത്താവിന്റെ അഭിപ്രായം കേൾക്കണ്ടേ ? വയസ്സ് ഒരു 'നമ്പർ' മാത്രമാണ്. അതിന്റെ ഏറ്റക്കുറച്ചിൽ മനസ്സിലാണ് എന്ന്. ലേഖ

നം വായിച്ച എനിക്ക് തോന്നിയത് 28ന്റെ ഊർജ്ജസ്വലതയാണ് എഴുത്തുകാരിക്ക് എന്നാണ്.

ഏക തത്ത്വ കൂടുതൽ കൂടുതൽ സുന്ദരിയാകുന്നുണ്ട് കെട്ടിലും മട്ടിലും. കവർപേജ് ശ്രദ്ധിച്ചു. പിന്നാമ്പുറത്തെ ഫോട്ടോ നന്ദനക്കുട്ടിയുടേതല്ലേ ? നന്നായിരിക്കുന്നു. ഉല്ലാസിന് അഭിനന്ദനങ്ങൾ ! എന്താണ് നന്ദന എഴുതാത്തത് ? കഥയും കവിതയും എല്ലാം അരുമയുള്ളതായിരുന്നു.

സസ്നേഹം
ജയ ചന്ദ്രൻ
8593949935

പിന്നണി ഗായകരെ പറ്റി നാരായണ മാമടെ ലേഖനാ പാട്ടിഷ്ടത്താൽ ആദ്യം വായിക്കുന്നത്. ശീർഷകം കണ്ട് Dr. രാമകൃഷ്ണൻ സാറിന്റെ ആരോഗ്യ പംക്തിയും വേഗം വായിച്ചു. സഭാകമ്പം എന്ന മനോരോഗത്തിന്റെ ചികിത്സക്ക്..!

ജയൻപുതുമന, മുഹമ്മദ് കനി സാറുമാരുടെ ദാർശനിക ലേഖനങ്ങളും നല്ലതായി. Dr. സുനീത് സാറിന്റെ സൂര്യക്ഷേത്ര യാത്രവിവരണവും നൗഷാദ്ഖാൻ സാറിന്റെ പൊതുവിജ്ഞാനവും, O. C പ്രമോദ് സാറിന്റെ വിജ്ഞാനച്ചെപ്പും, ശ്യാമള മാമിന്റെ ലേഖനം സ്ത്രീയും നല്ല വായനാനുഭവമായി. രാജേന്ദ്രൻ വയല സാറിന്റെ 'യാത്രക്കിടയിൽ' പല യാത്രികരുടേയും പലവിധ മനോഭാവങ്ങൾ മനസ്സിലാക്കിത്തരും വിധം മികവാർന്നതായി.

ഇരുൾകറുപ്പിനെ നീക്കി ശുഭാപ്തി വിശ്വാസത്തിന്റെയും കർമ്മ ശുദ്ധിയുടെയും വെളിച്ചത്തിലേക്ക് യാത്ര ചെയ്ത് എത്തേണ്ടതിന്റെ അനിവാര്യത എഡിറ്റോറിയലിൽ തനത് ശൈലിയിൽ മുരളിസാർ വ്യക്തമാക്കി. ഇനിയും നൂറങ്കത്തിന് ബാല്യമുള്ള ഭാസി (കുട്ടി)വല്യച്ഛന്റെ കുറുമ്പുത്തരങ്ങൾ ക്ഷ പിടിച്ചു. Prof. V. K. M സാറിന്റെ ഭാരതീയം ഇനിയും കാത്തിരിക്കുന്നു. മേനോൻസാറിന്റെ ലേഖനം ഉന്നത നിലവാരം തന്നെ. പക്ഷേ ആംഗലേയ ആധിക്യത്താലും ചിലഭാഗങ്ങളിൽ എന്താണുദ്ദേശിക്കുന്നതെന്ന് ഈയുള്ളവളുടെ ശുഷ്ക അറിവാൽ മനസ്സിലാവാത്തതിനാലും ചിന്താക്കുഴപ്പം തോന്നുന്നു. അദ്ദേഹത്തിന്റെ പ്രതികരണകത്തിൽ പറയുന്ന കാര്യങ്ങളിലും ചില തെറ്റിദ്ധാരണകളോ വ്യക്തിനിഷേധമോ അവ്യക്തതയോ ഒക്കെയനുഭവപ്പെട്ടു. ഈ മനുസ്മൃതി കാരണാ ഇപ്പോ പ്രശ്നങ്ങൾ ന്നാ എന്റൊരിട്...

രാജേട്ടന്റെ ചെറിയവരുടെ വലിയ അനുഭവലോകം ഓരോ മനുഷ്യജീവിയുടെയും പ്രാധാന്യം മനസ്സിലാക്കിത്തരുന്നതായി. സുധീർ സുലൈമാന്റെ കഥയും ശീർഷക സ്റ്റൈലും പുതുമയായി. ശ്രീകുമാരി ടീച്ചർടെ 'പാക്കേജും ' ജോസങ്കിളിന്റെ 'സുഖമായുറങ്ങട്ടെ' യും വ്യത്യസ്തവും മനസ്സിൽ തട്ടുന്നതുമായി. ന്നാലും ഉണ്ണിമാമടെ മനസ്സിന്റെ ചെറുപ്പവും സാഹസികതയും 'ചക്ക' യിലൂടെയറിഞ്ഞ് വിഷമം തോന്നിയതൊപ്പം ചിരിയുംവന്നു.

പ്രവീൺസാറിന്റെ 2 കോടി വിലയുള്ള പുലർസ്വപ്നം ഫലവത്താവട്ടെ. എന്നാ നമ്മൾ ഏക തത്ത്വ കുടുംബക്കാർക്കും ഗുണമായീ..! ശ്രീജയുടെ 'തെരുവ് ', ഉണ്ണി വിശ്വനാഥിന്റെ 'ഒറ്റ ശില ', T.V സാറിന്റെ 'വിരൂപേട്ടൻ' ആകർഷണീയങ്ങൾ. പതിവുപോലെ സുരേഷേട്ടൻ കഥകൾ സരസരസം.

കവിതകൾ വിലയിരുത്താനുള്ള ബൗദ്ധികമില്ലാത്തതിനാൽ നാരായണങ്കിളിന്റെയും തുളസിച്ചേച്ചി ടേം അജയ് , രാജീവ്ജി, രാജു, ബിബിത്, മൈമുന, മുകുന്ദൻ, ഷാജു എല്ലാരുടേം ഒന്നോടിച്ചു നോക്കിയേയുള്ളൂ. ക്ഷമിക്കണേ...

സൈനുമാഷ്ടെ ഗുണപാഠം ഒരിക്കൽ പോരാ പഠിച്ചു വായിക്കണം. മൂർഖൻ സിനിമ ജോഷിയുടെതെന്ന് തിരുത്തിത്തന്ന ഹരിയേട്ടന്(ഹരി പുരക്കൽ) I.Vശശി ലേഖനം വായിച്ചതിന് നന്ദിയറിയിക്കട്ടെ, ഭാസി വല്യച്ഛനും.

ഇന്ദു മാരാത്ത്
9947678213

■ പൊതുവിജ്ഞാനം



**നൗഷാദ് ഖാൻ**
**9846454199**

1. ഏത് ഇന്ത്യൻ ഭാഷയുടെ അക്ഷരമാലയാണ് 'ഗുരുമുഖി' ?
ഉ. പഞ്ചാബി

2. പറയിപെറ്റ പന്തിരുകുലത്തിലെ ഏക സ്ത്രീസന്താനത്തിന്റെ പേര് ?
ഉ. കാരയ്ക്കലമ്മ

3. പഴുത്ത തക്കാളിക്ക് ചുവന്ന നിറം നൽകുന്ന വസ്തു ?
ഉ. കാരോട്ടിനോയിഡ്

4. റോക്ക് കോട്ടൺ എന്നറിയപ്പെടുന്നത് ?
ഉ. അസ്ബസ്റ്റോസ്

5. അരുവിപുറം പ്രതിഷ്ഠ സമയത്ത് ശ്രീനാരായണ ഗുരു രചിച്ച കൃതി ?
ഉ. ശിവശതകം

6. സമ്പൂർണ്ണ ഭവനനിർമ്മാണം ലക്ഷ്യമിട്ട് കേരള സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി ?
ഉ. ലൈഫ്


7. 'ഞാൻ കണ്ടതിന്റെ പകുതി പോലും പറഞ്ഞിട്ടില്ല.' ആരുടെ വാക്കുകളാണിത് ?
ഉ. മാർക്കോപോളോ

8. 'നിരീശ്വരൻ' എന്ന നോവലിലൂടെ 2019 ലെ വയലാർ പുരസ്ക്കാരം നേടിയതാര് ?
ഉ. വി. കെ. ജയിംസ്

9. പാചകവാതക സിലിണ്ടറുകളിൽ ചോർച്ച അറിയാൻ ചേർക്കുന്ന വാതകം ?
ഉ. ഈഥൈൽ മെർകാപ്റ്റൻ

10. മഹാത്മഗാന്ധിയുടെ 150ാം ജന്മവാർഷികത്തോടനുബന്ധിച്ച് ദൂരദർശൻ ആരംഭിച്ച ടി. വി. പരിപാടി ?
ഉ. ബാപ്പു സിന്ദാഹെ

# തുറന്നെഴുത്ത്



**സുരേഷ് തെക്കീട്ടിൽ**
**9446330957**

**അ**ക്ഷരങ്ങളെ സ്നേഹിച്ചു തുടങ്ങിയ കാലം മുതലേ പുതുമ തേടാനുള്ള വാശിയും, കൊതിയും കൂടെയുണ്ടായിരുന്നു. ബാംഗ്ലൂരിൽ നിന്ന് നാട്ടിലെത്തിയാൽ അല്പം ദൂരെയുള്ള അമ്മയുടെ തറവാട്ടിലേക്ക് ഒന്ന് ചെല്ലുക എന്ന ശീലമുണ്ട്. എഴുത്തും വായനയും ജീവിതത്തിന്റെ പ്രധാന ഭാഗമാക്കിയ മുത്തച്ഛനെ കണ്ട് കുറച്ചു നേരം സംസാരിച്ചിരിക്കാനാണത്. അല്ലാതെ നഗരവാസികൾ ഉള്ളിൽ കൊണ്ടുനടക്കുന്നു എന്ന് പറഞ്ഞു പൊലിപ്പിച്ചു വെറുപ്പിക്കുന്ന ഗ്രാമഭംഗി കണ്ട് സായൂജ്യമടയാനല്ല. തോടും, പാടവും ചെളിയും ചേറും തവളകളുടെ കരച്ചിലും ചൊറിച്ചിലും എല്ലാം കണ്ട് വണ്ടർഫുൾ എന്ന് പറഞ്ഞ് വെറുതേ കണ്ണ് തള്ളിച്ച് അഭിനയം കാഴ്ചവെക്കാനുമല്ല.

എൺപത് പിന്നിട്ട പഴഞ്ചനാണെങ്കിലും മുത്തച്ഛൻ നാട്ടിൽ അത്യാവശ്യമൊക്കെ അറിയപ്പെടുന്ന ആളു തന്നെ. ഏഴ് പുസ്തകങ്ങൾ സ്വന്തം പേരിൽ അടയാളപ്പെടുത്തിയ കുറുപ്പു മാഷ് നാട്ടുകാർക്കിടയിൽ വലിയ സംഭവമാണിപ്പോഴും. ഗ്രാമത്തിലേയും പരിസര പ്രദേശങ്ങളിലേയും കവിയരങ്ങുകളിൽ സ്കൂൾ വാർഷികങ്ങൾ യാത്രയയപ്പുകൾ തുടങ്ങി ചെറു യോഗങ്ങളിൽ എല്ലാം ബഹുമാന്യ അദ്ധ്യക്ഷൻ. ഒരു കണക്കിനു നോക്കിയാൽ അക്കാലത്തെ ഉയർന്ന കാഴ്ചപ്പാട് ഉള്ളയാളാണ്. എല്ലാം കൊണ്ടും തമ്മിൽ ഭേദമാണ്. എല്ലാ സീസണിലും ആധി പൂക്കുന്ന അമ്മയേക്കാൾ, പ്രൊഫഷൻ തന്നെ ജീവിതമായ ജീവിതം. തിരക്കായ തിരക്ക് ലഹരിയായ നഗരത്തിലെ ഏറ്റവും പ്രസിദ്ധയായ ഗൈനക്കോളജിസ്റ്റ് ജയ ചെറിയമ്മ എന്ന അവിവാഹിതയേക്കാൾ ലാഭനഷ്ടങ്ങളുടെ ലോകം മാത്രമുള്ള ബിസിനസ്സുകാരനായ അച്ഛനേക്കാൾ കലാവാസന തൊട്ടു തീണ്ടിയിട്ടില്ലാത്ത എന്നാൽ അധ്യാപകനായ ദാസമ്മാമയേക്കാൾ, ദാസമ്മാമ തന്നെ ലോകം എന്ന കരുതുന്ന പൊട്ടിക്കാളി ഭദ്ര അമ്മായിയേക്കാൾ ഒക്കെ ഏറെ ഭേദം, എത്രയോ ഭേദം. പിന്നെ കുടുംബത്തിലുള്ളയൊരാൾ വല്യമ്മയാണ്. പത്തിൽ മൂന്ന് തവണ തോറ്റപ്പോൾ പതിനെട്ടാം വയസ്സിൽ കല്യാണം കഴിപ്പിച്ചയച്ച വിജയംവല്യമ്മ. അതിനു മൂത്തത് ദേവമ്മാവൻ കൂട്ടത്തിൽ അല്പസ്വല്പം കലാവാസനയൊക്കെയുണ്ടായിരുന്നു പക്ഷേ പാവത്തിന് ഒട്ടും ആയുസ്സുണ്ടായില്ല. ഇരുപത്തിനാലാം വയസ്സിൽ യാത്രയായി.

പുതിയ തലമുറയിൽ മുത്തച്ഛന്റെ പാരമ്പര്യം കിട്ടിയത് അമ്മുവിനാണ് ട്ടൊ. വായിക്കാനും എഴുതാനുമൊക്കെ താൽപ്പര്യമുണ്ട് എന്ന് അമ്മ പറഞ്ഞതു മുതൽ തന്നോട് ഒരു പ്രത്യേക വാത്സല്യം മുത്തച്ഛനുണ്ട്. എന്നാൽ ആ എഴുത്തുരീതിയോട് ഇപ്പോഴും കെട്ടിപിടിച്ചിരിക്കുന്ന വിവരം കെട്ട മൂല്യബോധം എന്ന എടുക്കാ ചരക്കിനോട്, വിട്ടു വീഴ്ചയില്ലാത്ത സദാചാര സങ്കൽപ്പങ്ങളോട് എല്ലാം കടുത്ത പുച്ഛം തോന്നി തുടങ്ങിയത് പിന്നീടാണ്. ചിന്തയുടെ ലോകം വികസിക്കാൻ തുടങ്ങിയപ്പോൾ. മൂപ്പര് എഴുതുന്നതൊന്നുമല്ല കഥ എന്നും വാലും പാരമ്പര്യവും ഒക്കെ തകർത്ത് കഥയുടെ ലോകം ഒരുപാട് മുന്നോട്ട് പോയി എന്നും ബോദ്ധ്യമാവുകയും ഉറച്ചുപോയ പല സങ്കൽപ്പങ്ങളേയും ധാരണകളേയും സമൂഹത്തെ ഞെട്ടിക്കുന്ന കഥകളിലൂടെ തകർത്തെറിയണമെന്ന തീരുമാനമുണ്ടാവുകയും ചെയ്തപ്പോൾ.

നിങ്ങളുടെ അച്ഛൻ വരുന്ന ബസ്സിലൊന്നും കയറാതെ നാടു കാണാതെ, നഗരം കാണാതെ ആ പഴയ കാലൻ കുടയും തേഞ്ഞ ചെരിപ്പുമിട്ട് കുഗ്രാമത്തിലെ ബസ്റ്റോപ്പിൽ നിൽക്കയാണ് എന്നും അങ്ങേരോട് എല്ലാം മതിയാക്കി വീട്ടിൽ പോയി വിശ്രമിക്കാൻ പറ എന്നും ഒരിക്കൽ അമ്മയോട് പകുതി കാര്യമായും പകുതി തമാശയായും പറഞ്ഞപ്പോൾ അമ്മയുടെ മുഖം വിളറി വെളുത്തു. ആദരണീയനായ എഴുത്തുകാരന്റെ മകൾ എന്ന സ്വയം ധാരണയ്ക്കും സ്വകാര്യ അഹങ്കാരത്തിനുമാണ് പച്ച പരിഷ്ക്കാരിയായ മകൾ കത്തി വെച്ചത്. എങ്ങനെ സഹിക്കും. പിന്നെ അക്കാര്യം പറഞ്ഞില്ല. വെറുതെയെന്തിന്. ഇതൊക്കെയാണെങ്കിലും മുത്തച്ഛൻ തന്നെയാണ് മറ്റുള്ളവരേക്കാൾ ഭേദം എന്ന് പറഞ്ഞല്ലോ. അതുകൊണ്ടാണ് അധികം കോപ്പികളൊന്നുമില്ലാത്ത ചെറിയൊരു മാസികയിൽ അച്ചടിച്ചു വന്നതാണെങ്കിലും പുതിയ കാലത്തിന്റെ ധീരമായ തുറന്നെഴുത്ത് കപട സദാചാരത്തിൽ വീർപ്പുമുട്ടുന്നവരുടെ ഉറച്ച ശബ്ദം അക്ഷര വിപ്ലവത്തിന്റെ തിരി തെളിയൽ എന്നൊക്കെ ചില സുഹൃത്തുക്കൾ വിശേഷിപ്പിക്കയും കൂട്ടത്തിൽ തന്റെ അസാമാന്യമായ ധൈര്യത്തേയും ചങ്കൂറ്റത്തേയും അഭിനന്ദനങ്ങൾ കൊണ്ട് മൂടാൻ അവസരമുണ്ടാക്കുകയും ചെയ്ത തന്റെ പ്രഥമ കഥ മുത്തച്ഛനെ കേൾപ്പിക്കാൻ നിശ്ചയിച്ചതും. മാത്രവുമല്ല കാലം മാറിയതും തന്റെയെല്ലാം എഴുത്ത് രീതി കാലാഹരണപ്പെട്ടു പോയതും അങ്ങേര് തിരിച്ചറിയുകയാണെങ്കിൽ അറിയട്ടെ. അതിനൊരു അവസരവുമാകുമല്ലോ.

പുസ്തകങ്ങളും വാരികകളും നിറഞ്ഞ് കൂടിക്കിടക്കുന്ന ഈ വർഷത്തെ അഞ്ച് പ്രമുഖ ഓണപ്പതിപ്പുകൾ വരെ സ്ഥാനം പിടിച്ച മുത്തച്ഛന്റെ എഴുത്തുമുറിയിൽ ഇരുന്ന് വായിക്കുന്ന പുസ്തകം പിടിച്ചു വാങ്ങി തന്റെ കഥ വായിച്ചു കേൾപ്പിച്ച് ആകാംക്ഷയോടെ മുഖത്തേക്ക് നോക്കിയപ്പോഴും പ്രത്യേകഭാവമൊന്നും കണ്ടില്ല ആ മുഖത്ത്. ഒടുവിൽ

ചോദിക്കേണ്ടി വന്നു.
“എന്താ മുത്തച്ഛാ ഒന്നും പറയാത്തത്.”
“വയ്യ മോളേ. മുട്ടുവേദന കൂടുതലാ ഇപ്പൊ പുറത്തേക്കൊന്നും ഇറങ്ങാറില്ല.
“ഇതെന്ത് കൂത്ത്. ഓർമ്മയും പോയി തുടങ്ങിയോ. എന്റെ കഥയെ കുറിച്ച് പറയ്. അതാ ചോദിച്ചത്.”
“ഓ എന്ത് പറയാൻ. നിനക്കറിയാലോ അതാ ആ ഭാഗത്ത് വീടിന് പുറകിൽ നമുക്ക് ഒരു കക്കൂസ് ഉണ്ട്. മുത്തച്ഛൻ രാവിലേയും വൈകീട്ടും അതാ ഉപയോഗിക്കുന്നത്.

വല്ലാത്തൊരു പൊല്ലാപ്പ് കിളി പാറിയോ. ഇടക്ക് ഇങ്ങനെയാണ് ചോദ്യത്തിന് എന്തെങ്കിലുമൊക്കെയാണ് ഉത്തരം. ഒരിക്കൽ തറവാട്ടു വളപ്പിലെ കുളത്തിലെ വെള്ളം നോക്കി ഇതിലൊക്കെ മുങ്ങി കുളിച്ചാൽ ജോണ്ടിസ് ഉറപ്പ് എന്ന് താൻ പറഞ്ഞപ്പോൾ ഞാനും മുത്തശ്ശിയുമെല്ലാം രണ്ട് നേരം ഈ വെള്ളത്തിലാ കുളിക്കുന്നത് ഇതുവരെയും ഒരു കുഴപ്പവുമില്ല എന്ന് പറഞ്ഞശേഷം പിന്നെ കുളത്തിന് ചുറ്റും വളർന്നു നിൽക്കുന്ന കീഴാർനെല്ലി എന്ന ഒരു തരം ചെടിയെ കുറിച്ചാണ് മുത്തച്ഛൻ വാചാലനായത്. അതേപോലെയാണിപ്പോൾ കക്കൂസിന്റെ കാര്യം. എന്ത് ബന്ധം. അതുകൊണ്ടാണ് പറഞ്ഞത്. അവിടെ കക്കൂസുള്ളതും ആ കക്കൂസ് ആണ് മുത്തച്ഛൻ ഉപയോഗിക്കുന്നതെന്നും ഇവിടെ എല്ലാവർക്കുമറിയാം എന്ന്.
“അതെ അല്ലേ. അപ്പൊ മോള് മുത്തച്ഛൻ അത് ഉപയോഗിക്കുന്നത് കണ്ടിട്ടില്ലെങ്കിലും മോൾക്ക് അറിയാം. കേൾക്കാൻ താൽപ്പര്യമില്ല അല്ലേ.”
“മുത്തച്ഛാ എന്റെ കഥയെ കുറിച്ച് പറയ്.”
“മുത്തച്ഛന്റെ വടി അതാ ഇരിക്കുന്നു നീ അതിങ്ങ് എടുത്ത് താ.”

താൻ ഇരിക്കുന്നതിനടുത്ത് മരഅലമാരയിൽ ചാരി വെച്ചിരുന്ന വാക്കിങ്ങ്സ്റ്റിക്ക് എടുത്ത് നൽകിയതും മുത്തച്ഛൻ അത് വാങ്ങി തന്റെ കസേരയ്ക്കു പിന്നിൽ സുരക്ഷിതമായി വെച്ചു. പിന്നെ പതിയേ ചോദിച്ചു.
“അത് ശരി നീ ഇപ്പൊ വായിച്ച മൂന്ന് പേജ് അസഭ്യം നീ എഴുതിയ കഥയായിരുന്നോ.”
“ഓ അങ്ങനെ വരട്ടെ. അപ്പൊ അതാണ്. ഇപ്പൊ സൂക്കട് മനസ്സിലായി. പുതുമയെ അംഗീകരിക്കാൻ മടി. സമ്മതിച്ചു തരാൻ മടി. പിന്നോട്ടടിക്കുന്നു എന്ന തോന്നൽ വല്ലാതെ വിഷമമുണ്ടാക്കുന്നുണ്ട് അല്ലേ?”
“പുതുമയോ നീ വായിച്ചതിലെവിടെ മോളേ പുതുമ. മനുഷ്യൻ ഭൂമുഖത്ത് ഉണ്ടായ മുതൽ അവനറിയുന്ന അവൻ ചെയ്യുന്ന കാര്യങ്ങൾ. അറുപഴഞ്ചൻ കാര്യങ്ങൾ.”
“മുത്തച്ഛാ കഷ്ടം.”
“അത്ര കടുപ്പം വേണ്ട മോളേ ഒരു ട മതി. കഷ്ടം അത് മതി.”
ഓ പിന്നേ പുതിയൊരറിവ്. എനിക്കറിയാം വിഷമം കാണും പഴയ രീതികൾ പൊളിച്ചെഴുതി പുതിയ തലമുറ തുറന്നെഴുത്തിന്റെ ധൈര്യം കാണിക്കുമ്പോൾ വിഷമം തോന്നും.”
“മോളേ മുത്തച്ഛൻ അങ്ങ് ദൂരെയുള്ള കോളേജിലാ പഠിച്ചത്. അന്ന് കോളേജ് അവിടെയേ ഉള്ളൂ. കോളേജ് കുറവ്, കേളേജിൽ പഠിക്കുന്നവരും കുറവ്. രാത്രി ഹോസ്റ്റലിൽ പഠിക്കുന്ന പുസ്തകങ്ങൾക്കിടയിൽ വെച്ചാ നീയീ വായിച്ച കഥകളുടെ പോലുള്ള കഥകളുടെ മുഴുവൻ രൂപം ഞങ്ങൾ വായിക്കാറ്. അത് ആരും അറിയാതെ, കാണാതെ. ഒരു വ്യത്യാസം മാത്രം. അതെഴുതുന്നവരാരും ഉദാത്ത സൃഷ്ടി എന്ന് അവകാശപ്പെട്ടില്ല. വായിച്ചവരും അങ്ങനെ പറഞ്ഞതുമില്ല. എഴുതിയവർ അവരുടെ പേരും വെച്ചില്ല. പണം മാത്രം കണക്കാക്കിയൊരു കച്ചവടം. അത്രമാത്രം.”
“മുത്തച്ഛാ... വെറുതേ ന്യായം വിളമ്പല്ലേ. വെറുപ്പിക്കല്ലേ. എന്നാലും ജീവിതം ജീവിതാവസ്ഥകൾ ഒരു മറയും കൂടാതെ തുറന്നെഴുതുന്നതിനെ സമ്മതിക്കാൻ പറ്റില്ല അല്ലേ.”
“റെയിൽവേ സ്റ്റേഷനുകൾ ബസ് സ്റ്റാൻഡുകൾ തുടങ്ങി പൊതു ഇടങ്ങളിലെ മൂത്രപ്പുരകളൊക്കെ പണ്ട് മുതലേ ഇത്തരം തുറന്നെഴുത്തു കേന്ദ്രങ്ങളല്ലേ മോളേ. അതിൽ കൂടുതലെന്ത് തുറന്ന് എഴുതാൻ. അതൊക്കെ ആർക്കാ കഴിയാത്തത്.”
“ശരിയാവില്ല, നേരെയാവില്ല. മുത്തച്ഛനെ പോലൊരാളെ വായിച്ചു കേൾപ്പിക്കാൻ വന്ന എന്നെ പറഞ്ഞാൽ മതി.”
“നിനക്ക് ഇതൊക്കെ കേട്ടറിവല്ലേ ഉള്ളൂ. നീയിത് ആരെ കേൾപ്പിച്ചിട്ടും ഒരു കാര്യവുമില്ല. ജയയേയോ പോട്ടെ വിദ്യാഭ്യാസം കുറവായ വിജയത്തിനേയോ അല്ലെങ്കിൽ നിന്റെയമ്മയെടക്കം അഞ്ച് പെറ്റ നിന്റെ മുത്തശ്ശിയേയോ തുടങ്ങി നാട്ടിൽ ഒരുവിധം ആരെ കേൾപ്പിച്ചിട്ടും കാര്യമില്ല. എല്ലാവർക്കും എല്ലാതുമറിയാം. നിന്നേക്കാൾ നന്നായിട്ട്. അന്തസ്സുകൊണ്ട് അതൊന്നും പരസ്യമായി പറയാറില്ലെന്നു മാത്രം. ഇമ്മാതിരി എഴുത്തിനൊക്കെ പുതുമയെന്നല്ല വൃത്തികേട് എന്നേ പറയാൻ പറ്റൂ. വസ്ത്രം ധരിക്കുന്ന എല്ലാവർക്കുമറിയില്ലേ വസ്ത്രത്തിന്റെയടിയിലെന്തെന്ന്. അത് എഴുതി അവരെ കൊണ്ടുപോയി കാണിച്ചാൽ അവര് പുതുമ എന്ന് പറഞ്ഞ് അഭിനന്ദിച്ച് കൈകൊട്ടിച്ചിരിക്കില്ല. ചിലപ്പോ ചെപ്പയടക്കി ഒന്ന് പൊട്ടിച്ചെന്നും വരും.”

ഈ അഭിപ്രായം കേട്ടപ്പോൾ മുത്തച്ഛനോട് എനിക്കൊരു നിലപാടുണ്ട് എന്ന് പറഞ്ഞത് അല്പം ഉച്ചത്തിലായിരുന്നു.
“മറ്റൊരാളുടേയും നിലപാടുകളെ അംഗീകരിക്കില്ല എന്നാണോ അത്.”
മുത്തച്ഛൻ തിരിച്ചു ചോദിച്ചത് ഭാവവ്യത്യാസമൊന്നുമില്ലാതെ തന്നെ. ദേഷ്യത്താൽ ചുവന്ന മുഖവുമായി എണീറ്റപ്പോൾ മുത്തച്ഛൻ തുടർന്നു.
“ആർക്കെതിരായും കടുത്ത വിമർശനം അങ്ങോട്ട് നടത്തുകയല്ലാതെ തിരിച്ച് ചെറിയ വിമർശനം പോലും സഹിക്കാൻ പ്രയാസമാണ് നിങ്ങടെ തലമുറയിൽ പലർക്കും. തങ്ങളുടെ ശരിമാത്രം ശരിയെന്ന് വാദിക്കുമ്പോൾ മറ്റുള്ളവർക്ക് അവരുടെ ശരികളുണ്ട് എന്ന ആലോചനയേ ഇല്ല. അതാ വടി ഞാൻ എന്റെ കൈയ്യിൽ വാങ്ങി വെച്ചത്. തുറന്നെഴുതുന്നവർ തുറന്നു പറച്ചിൽ വെറുതേ ഒന്ന് കേൾക്കാൻ പോലും തയ്യാറാകില്ല പിന്നെങ്ങനെ...
“മനസ്സിലായി മനസ്സിലായി പോവു

കയാണ്. വന്നത് അബദ്ധം വായിച്ചത് മഹാ അബദ്ധം. പോരേ.''

"പോര മോളേ മനസ്സിലായിട്ടില്ല. തെറിയെഴുതിയല്ല പുതിയ കാലത്തെ അടയാളപ്പെടുത്തേണ്ടത് പ്രണയവും പ്രകൃതിയും രതിയും എല്ലാം ലയിച്ചു ചേർന്ന് തന്നെയാണ് ഓരോ കാലത്തേയും അടയാളപ്പെടുത്തി മനോഹരമായ കൃതികൾ പിറന്നത്. അവരാരും ഒരു വിഷയത്തേയും രചനകളിൽ നിന്ന് ഒഴിച്ചു നിർത്തിയില്ല. എന്നാൽ ആ രചനകളിലാകട്ടെ ഒന്നും തന്നെ മുഴച്ചു നിന്നതുമില്ല. അതവരുടെ യോഗ്യത. അങ്ങനെയൊക്കെ തന്നെയാണ് ആശാനിലൂടെയൊക്കെ വളർന്ന് പതിയേ അയ്യപ്പപണിക്കരിലേക്കൊക്കെ പടർന്ന് പിന്നെയിങ്ങോട്ടൊക്കെ കവിത മാറിയത്. കുഞ്ഞിരാമൻ നായനാരിൽ നിന്നും തുടങ്ങി തലമുറകൾ കൈമാറി കഥകൾ വന്നത്. എന്നാൽ ആരാണ് മോളേ എല്ലാവർക്കുമറിയുന്ന യാതോരു പുതുമയുമില്ലാത്ത പച്ചത്തെറികൾ എഴുതിയാൽ പുതുമയാണെന്നും അതെഴുതി വെച്ചാൽ എഴുത്തിൽ വിപ്ലവമായെന്നുമുള്ള മോശം ധാരണ നിങ്ങളിൽ ചിലർക്കിടയിലെങ്കിലും വരുത്തിയത്. തെറി പറയാത്തവരും എഴുതാത്തവരും അതറിയാത്തവരാണോ. ഈ തെറി എഴുത്തിലൂടെ ഏത് കാലത്തെയാണ് നിങ്ങൾ അടയാളപ്പെടുത്തുന്നത്? മനുഷ്യൻ തുണിയുടുക്കാതെ നടന്നിരുന്ന പ്രാചീന കാലത്തേയോ? ആരായാലും ഈ തെറ്റിദ്ധാരണകളൊക്കെ മാറ്റി ലോകത്തിന്റെ, കാലത്തിന്റെ ചലനമറിഞ്ഞ് എഴുതി ഞങ്ങളെ പോലുള്ള പഴഞ്ചൻമാരെയൊക്കെ ഞെട്ടിക്ക്. എത്രയെത്ര വിഷയങ്ങളുണ്ട് നിങ്ങൾക്ക് മുന്നിൽ ഞങ്ങൾക്കറിയാത്തത്, ഞങ്ങൾ കാണാത്തത്, ഞങ്ങൾക്കൊന്നും സങ്കൽപ്പിക്കാൻ പോലും കഴിയാത്തത്. അത്തരത്തിൽ ശക്തരും പുതിയ കാലത്ത് കടന്നുവരുന്നുണ്ടല്ലോ. ഭാവി അവർക്കുള്ളതാണ്. നിനക്കുമതിന് കഴിയും ഇപ്പോൾ കയ്യോങ്ങുന്നവര് ഞാനടക്കം കൈകൂപ്പും. അത് മുത്തച്ഛൻ കൊതിക്കുന്നുണ്ട്. അല്ലാതെ പുതുമയുടെ പേരിൽ വെറുതേ കാട്ടിക്കൂട്ടൽ നടത്താതിരിക്കുക. കള്ളനാണയമാകാതിരിക്കുക.

ഇത്രയും പറഞ്ഞ് നേരത്തേ കഥ കേൾപ്പിക്കാൻ ചെന്ന സമയം ഞാൻ കൈയ്യിൽ നിന്നും വാങ്ങി വെച്ച പുസ്തകം മുത്തച്ഛൻ വീണ്ടും കൈയ്യിലെടുത്തു. മുമ്പ് ഒരുപാട് തവണ വായിച്ചതാണെങ്കിലും കാലത്തിനപ്പുറത്തേക്കും പ്രസക്തി നിൽക്കുന്നുണ്ട്. പച്ചയായ ജീവിതമാണ് അറപ്പുണ്ടാക്കുന്ന പച്ചത്തെറികളല്ല എന്നും പറഞ്ഞ് പേജുകൾ മറിച്ചു തുടങ്ങി.

"പ്രൊഫഷണൽ നാടകത്തിലെ പോലെ പരസ്പരം മത്സരിച്ച് വിരുദ്ധ ഡയലോഗുകൾ പറഞ്ഞിട്ടെന്ത് കാര്യം. മതി നിർത്താം.'' വെറുപ്പിക്കുന്ന ആ അദ്ധ്യക്ഷപ്രസംഗം കേട്ട് തിരിഞ്ഞു നടക്കുമ്പോൾ വരണ്ടായിരുന്നു, കഥ പറയണ്ടായിരുന്നു വെറുതേയായല്ലോ എന്ന് പറഞ്ഞത് മറുപടി കിട്ടാൻ വേണ്ടിയല്ല. എന്നാൽ പുസ്തകത്തിൽ നിന്നും തലയുയർത്താതെ തന്നെ മുത്തച്ഛന്റെ മറുപടി വന്നു.

"കേൾക്കേണ്ടായിരുന്നു. ഒന്നും പറയേണ്ടായിരുന്നു എന്നൊന്നും എനിക്ക് തോന്നുന്നില്ല. പറഞ്ഞതെല്ലാം വെറുതേയാകുമെന്ന് പറയുമ്പോഴേ എനിക്കറിയാമായിരുന്നു. എന്നാലും പറയാൻ കഴിഞ്ഞല്ലോ അതൊരു സമാധാനം. അതിലൊരു സംതൃപ്തി.''

ഇവിടെ നിർത്തിയാൽ പരാജയം തനിക്കാവും അതുകൊണ്ടു പറയാതെ വയ്യ. തിരിഞ്ഞു നിന്നു തീർത്തങ്ങു പറഞ്ഞു.

"മുത്തച്ഛാ ഒന്നും തോന്നരുത് എന്റെ ശരികളാണ് എനിക്ക് പ്രധാനം. മാറാൻ പോകുന്നില്ല മാറ്റാൻ ഉദ്ദേശിക്കുന്നുമില്ല.''

"ചിലതൊക്കെ കാലവും അനുഭവവും നൽകുന്ന പക്വത കൊണ്ടേ മാറൂ. മനസ്സായാലും മരമായാലും വളരണം, മൂപ്പാകണം എങ്കിലേ ഉപകരിക്കൂ എന്നല്ലേ. അങ്ങനെയല്ലേ കാരണവൻമാര് പറയാറ്....

"ഓ ഈ ഒടുക്കത്തെ ഒരു കാരണവൻമാര് പറഞ്ഞത് ..... കേട്ട് കേട്ട് തല തരിക്കുന്നു.''

"കാരണൻവൻമാര് പറഞ്ഞതല്ലാതെ ഇനി ജനിക്കാനിരിക്കുന്നവര് പറഞ്ഞതൊന്നും മുത്തച്ഛനറിയില്ല മോളേ...''

"ഇല്ല അല്ലേ എന്നാലേ ഈ കാഴ്ചപ്പാടുമായി തന്നെ ഒട്ടും പുറകോട്ടില്ലാതെ നിങ്ങൾക്കൊക്കെയിടയിൽ ജീവിക്കാൻ പറ്റുമോ, എഴുതാൻ പറ്റുമോ എന്നൊക്കെ ഞാൻ നോക്കട്ടെ.''

പതിവില്ലാത്ത വിധം മുത്തച്ഛൻ ഉറക്കെയുറക്കെ ചിരിച്ചു. പിന്നെ പ്രസന്നഭാവത്തോടെ തന്നെ പ്രതികരിച്ചു.

"സംശയമെന്താ പറ്റും മോളേ. മഹാഭൂരിഭാഗം വരുന്ന സംസ്കാര സമ്പന്നർക്കിടയിൽ, മര്യാദക്കാർക്കിടയിൽ, സമാധാനപ്രിയർക്കിടയിൽ ജീവിക്കാൻ തന്നിഷ്ടക്കാരും അഹങ്കാരികളും എന്തിനാ പേടിക്കുന്നത്.''

■കവിത

# ചൂല്

രാജീവ് മാമ്പുള്ളി
9961070707



തെങ്ങോലയൊന്നൊന്നായി
കീറിയെടുത്ത്
മങ്ങോളംവരെയുമാ
വെയിലത്താറിയെടുത്ത്

അങ്ങുമിങ്ങുമീ
പരന്നചപ്പെടുത്ത്
എങ്ങുമെന്നുമീ
മുറ്റം തൂത്ത് തെറുത്ത്

എന്റെ മുറ്റമടുത്ത
മുറ്റമന്യമുറ്റ
മാത്തൊടിയീ തൊടി,
മറ്റേ തൊടികളും

നിന്റെവഴിയെന്റെ
വഴി യവന്റെവഴി
താവഴികളൊക്കെയും,
താനില്ല,
ഞാനില്ലാവനില്ലാ
അതിരില്ല
കതിരില്ല,
പതിരില്ലാതകലമില്ലാതാക്കി
കാലത്തിനൊപ്പം
തുടരും ചൂലേ.....

നീ തൂത്തുവാരുന്നതെൻ
അകമോ, പുറമോ?

# അണയാത്ത തീ നാളങ്ങൾ



**പ്രേം മധുസൂദനൻ**
**9447131314**

ഇരുട്ടു വീണുതുടങ്ങിയ ആ ഇടവഴിയിലൂടെ ഒരു ടോർച്ചിന്റെ വെളിച്ചം റോഡിലേക്ക് അടുത്തടുത്തു വന്നു. ആദ്യം മുഖം ഒട്ടും വ്യക്തമായിരുന്നില്ല. എതിരെപോയ ഏതോ വണ്ടിയുടെ ഹെഡ്‌ലൈറ്റിൽ ആ മുഖം തെളിഞ്ഞുകണ്ടു: കുമാരൻ മാഷ് !

ബസ് സ്റ്റോപ്പിൽ ആരുമുണ്ടായിരുന്നില്ല. ആശുപത്രിക്കെട്ടിടത്തിന്റെ മതിലിനു പുറത്ത്, പച്ചക്കറികൾ വിൽക്കുന്ന തെരുവുകടയുടെ മുന്നിൽ കുറച്ചാളുകൾ എന്തോ പറഞ്ഞു ഉറക്കെ ചിരിക്കുന്നുണ്ടായിരുന്നു.

കൈയ്യിലെ വലിയ കാലൻകുട തറയിലൂന്നി, കുമാരൻമാഷ് ബസ് സ്റ്റോപ്പിൽ നിന്നു. മെയിൻ റോഡിലെ തെരുവുവിളക്കുകളുടെ വെളിച്ചത്തിൽ, ഇപ്പോൾ മാഷിന്റെ മുഖം കൂടുതൽ വ്യക്തമായി കാണാം. കറുത്ത കട്ടിഫ്രെയിമിലെ കണ്ണട. പകുതി നരച്ച തലയും താടിയും. മുഷിഞ്ഞ കുപ്പായം.

നഗരചത്വരങ്ങളിൽ സ്ഥാപിച്ച ഏതോ പ്രതിമപോലെ മാഷങ്ങനെ കുടയുമായി, അനങ്ങാതെ, മിണ്ടാതെ നിന്നു. ഇരുട്ടു വീണുകഴിഞ്ഞിട്ടും എന്തിനാണ് മാഷ് അനങ്ങാതെ അവിടെ നിൽക്കുന്നത്? ആ ചോദ്യം കേട്ടപ്പോൾ ഞാനൊന്നു ഞെട്ടി. എഴുതിവച്ച പേപ്പറിൽ തെളിഞ്ഞുനിന്ന കുമാരൻമാഷിനെ ഞാൻ വലതുകൈകൊണ്ടു മറച്ചുപിടിച്ചു.

പുഞ്ചിരിയോടെ ഭാര്യ പിന്നിൽ.

' വാ, വന്നൂണു കഴിക്കൂ..'

സാധാരണ എഴുതിക്കഴിഞ്ഞ കഥകളാണവൾക്കു വായിക്കാൻ കൊടുക്കുന്നത്. പുറകിൽ വന്ന്, ഒളിഞ്ഞുനിന്ന്, കുമാരൻമാഷിനെ അവൾ ഞാനറിയാതെ വായിക്കുകയായിരുന്നു.

നെടുനിശ്വാസങ്ങളുതിർക്കുന്ന നെഞ്ചുമായി മാഷ് വെളുത്ത കടലാസിലെ ചുളിവുവീണ വാക്കായി ആരെയോ കാത്തുനിന്നു. അകലെ, ചുറ്റമ്പലത്തിലെ കത്തിത്തീരാറായ തിരിനാളങ്ങൾ ചെറുകാറ്റിൽ തലയിളക്കി, മാഷിനെ എത്തിനോക്കി സാന്ത്വനിപ്പിക്കവേ, ഞാൻ മാഷിനെ കടലാസ്സിലുപേക്ഷിച്ച്, മുറിയ്ക്കു പുറത്തേയ്ക്കു വന്നു.

ഊണുമേശയിലിരുന്നപ്പോൾ ടെലിവിഷനിലേക്കു കണ്ണയച്ചു. കൊലപാതകങ്ങളും പീഡനങ്ങളും പ്രകൃതിനാശങ്ങളും രാഷ്ട്രീയ തന്ത്രങ്ങളും കുറ്റപ്പെടുത്തലുകളുമിടകലർന്ന ശബ്ദങ്ങൾ ഉറക്കെ കേട്ടു. ക്രൂരമായി കൊലചെയ്യപ്പെട്ട പെൺകുട്ടിയുടെ ഘാതകനു വധശിക്ഷ എന്ന വാർത്ത വന്നപ്പോൾ പേടിയോടെ ടെലിവിഷൻ ഓഫ് ചെയ്തു. മനക്കണ്ണിൽ ഞാൻ കാണുന്നു: അകലേക്കു കണ്ണുനട്ട്, അനങ്ങാതെ നിന്ന കുമാരൻമാഷ് അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും റോഡിലൂടെ നടക്കുന്നു. ഒരവസരത്തിൽ നിരാശനായി, തളർന്ന് സ്വന്തം കാലൻകുട ശക്തിയായി നിലത്തു കുത്തി ഒരു തേങ്ങലുപോലെ അദ്ദേഹം പറയുന്നു:

“രാധേ... മുത്തിനെ ഫോണിൽ കിട്ടുന്നില്ല കേട്ടോ.”

രാധ കുമാരൻ മാഷിന്റെ ഭാര്യയാണ്. മുത്തെന്ന് അദ്ദേഹത്തിന്റെ മകളെ വീട്ടിൽ വിളിക്കുന്ന ഓമനപ്പേരാണ്. എന്തുകൊണ്ടാവും മുത്തിനെ ഫോണിൽ കിട്ടാത്തത്? എന്തായിരിക്കും മാഷിന്റെ ഭാര്യയും മുത്തിന്റെ അമ്മയുമായ രാധ പറഞ്ഞത്?

കഥയുടെ കതിരുതേടി ഞാൻ പുറത്തേയ്ക്കു നടന്നു. ഇരുട്ടിലേക്കു കണ്ണുകളയച്ച്, മകളെ കാത്തുനിൽക്കുന്ന ഒരച്ഛന്റെ ഭീതിനിറഞ്ഞ കണ്ണുകൾ. വിറയ്ക്കുന്ന ചുണ്ടുകൾ. പഴയ ഇടശ്ശേരിക്കവിതയോർത്തു:

*ആറ്റിൻകരകളിലങ്ങിങ്ങോളം*
*അവനെ വിളിച്ചു നടന്നാളമ്മ.*
*നീറ്റിൽക്കളിക്കും പരൽമീനെല്ലാം*
*നീളവേ നിശ്ചലം നിന്നുപോയി.*
*ആളില്ലാപ്പാടത്തിലങ്ങുമിങ്ങും*
*അവനെ വിളിച്ചു നടന്നാളമ്മ.*
*പൂട്ടിമറിച്ചിട്ട മണ്ണടരിൽ*
*പുതിയ നെടുവീർപ്പുയർന്നുപോയീ*

ഇവിടെയിതാ ഒരച്ഛന്റെ മനസ്സിലെ ആധിയുടെ കഥ വിരിയുന്നു... കിഴക്കേ മാനത്തു തെളിഞ്ഞുനിന്ന നക്ഷത്രങ്ങൾ പഴയ ആ കഥ വീണ്ടും പറയുന്നു...

ഓടിയെത്തിയ ബസ്സിൽനിന്ന് മുത്തിറങ്ങി. ബസ്സ് സ്റ്റോപ്പിലെ വിറയാർന്ന ശരീരത്തെ നോക്കി അവൾ പയ്യെ വിളിച്ചു : “അച്ഛാ...”

ഒരു നിമിഷം മാഷ് വാക്കുകൾ മരവിച്ചു നിന്നു. പിന്നെ ഉച്ചത്തിൽ ചോദ്യമുയർന്നു:

“എന്തേ മുത്തേ നീ താമസിച്ചത്? എന്തേ നിന്നെ ഫോണിൽ കിട്ടാഞ്ഞേ?”

“ഓഫായി പോയതാ അച്ഛാ.“

“എന്നെ നീ തകർത്തുകളഞ്ഞല്ലോ മുത്തേ. പല പ്രാവശ്യം ഞാൻ.”

ഇടവഴിയിലൂടെ നടക്കുമ്പോൾ മാഷ് എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. ആദ്യമൊന്നും മകൾ ഒന്നും പറഞ്ഞില്ല. ഇരുട്ടുവീണ ഇടവഴിയിലൂടെ ടോർച്ചിന്റെ വെളിച്ചത്തിൽ കാലൻകുടയൂന്നി നടന്ന മാഷിനു പിന്നാലെ അവൾ തലകുനിച്ചു നടന്നു. ദേഷ്യവും സങ്കടവും അതിരുകടന്നപ്പോൾ തെല്ലുറക്കെ അവൾ അവളുടെ അച്ഛനോടു പറഞ്ഞു:

“ഞാൻ കൊച്ചുകുട്ടിയൊന്നുമല്ല എന്നെ നോക്കാൻ...”

പകുതി വിഴുങ്ങിയ വാക്കുകൾകേട്ട്, കുമാരൻമാഷ് ഒന്നു നി

ന്നു.

വെളുത്ത കടലാസ്സിൽ അക്ഷരങ്ങൾ ഇടയ്ക്കു വിട്ടുപോയ വാക്കുകളുടെ മൗനം തേടി ചരിഞ്ഞും മറിഞ്ഞും കണ്ണുതുറന്നുകിടന്നു. പിന്നീടെപ്പോഴോ ഇന്നലെകളുടെ ഓർമ്മകളിൽ ഒരു നദിയായി ഒഴുകി...

ഉമ്മറത്തെ ചാരുകസേരയിൽ കുമാരൻമാഷ് ഇന്നലെകൾ ഓർത്തുകിടന്നു. താരാട്ടിന്റെ മാധുര്യം ഒഴുകിവന്ന രാവുകൾ. കൊച്ചു പാവാടയുമുടുത്ത് അവൾ പിച്ചവച്ച ബാല്യത്തിന്റെ കാൽപ്പാടുകൾ:

''മോൾക്ക്, എന്റെ മുത്തിന് ആരേയാ ഏറ്റവുമിഷ്ടം?''

കുഞ്ഞുവിരൽ നെഞ്ചിൽക്കുത്തി അവൾ കൊഞ്ചി:

''അച്ഛനെ.''

''അച്ഛനെ മോൾക്ക് എത്രമാത്രം ഇഷ്ടമാ?''

വാതിൽക്കലെ വലിയ തെങ്ങിന്റെ ഉയരത്തിലേക്കു കൈചൂണ്ടി അവൾ ചിരിച്ചു:

''അത്രേം.. അത്രേം ഇഷ്ടം...''

ചാരുകസേരയുടെ പിന്നിൽ തൂക്കിയിട്ട, മാഷിന്റെ പഴയ കാലൻകുട കാലത്തിന്റെ പ്രതീകം പോലെ തൂങ്ങിനിന്നു. വാതിൽക്കലെ വലിയ തെങ്ങിന്റെ ഓലകൾക്കിടയിലൂടെ രണ്ടു നക്ഷത്രങ്ങൾ താഴേയ്ക്കെത്തി നോക്കി. എന്തോ ഓർത്തിട്ടെന്നവണ്ണം കുമാരൻമാഷ് അകത്തെ മുറിയിലേക്കു നടന്നു. പിന്നെ ഉറക്കെ വിളിച്ചു.

''മുത്തേ...''

പരിഭവത്തിന്റെ മുഖവുമായി മകളെത്തി. അവൾ അച്ഛന്റെ മുഖത്തു നോക്കാതെ നിന്നു. മാഷ് അവളുടെ തോളിൽ പിടിച്ചു. ആ ശബ്ദം ഇടറിയിരുന്നു:

''മുത്തേ, ഉള്ളിൽ തീയായിരുന്നു.. അതാ അച്ഛൻ...''

പൊട്ടിപ്പോയ ഒരു നീർകുമിള തടയാതെ അവൾ അച്ഛനെ ചേർത്തു പിടിച്ചു. അപ്പോൾ, വെളുത്ത കലൊസ്സിൽ, ഒരു ദീർഘനിശ്വാസമുതിർത്ത്, കറുത്ത കട്ടിഫ്രെയിമുള്ള കണ്ണടയിലൂടെ കുമാരൻമാഷ് എന്നെ നോക്കി വിതുമ്പിക്കരയുകയായിരുന്നു. ●



# പിറന്നാൾ



**സേവിയർ ഡെന്നി**
**9656663634**

**ആ** രാത്രി അവൾ കിടന്നപ്പോൾ ഉറക്കം വന്നതേയില്ല. 12 മണിയാകാൻ അക്ഷമയോടെ അവൾ കാത്തിരുന്നു. കാരണം 12 മണിക്ക് ശേഷം പുതിയ ദിനം തുടങ്ങുമ്പോൾ അതവളുടെ പിറന്നാൾ ദിനം കൂടിയായിരുന്നു. ചെറിയമ്മയുടെ മകൻ ഗൾഫിൽ നിന്നും വന്നപ്പോൾ കൊണ്ടുതന്ന സ്മാർട്ട് ഫോൺ കിട്ടിയതിന് ശേഷമുള്ള പിറന്നാൾ കൂടിയായിരുന്നു അത്. ആ ഫോൺ കിട്ടിയതിൽ പിന്നെ അവളുടെ എല്ലാ ലോകവും അതായി മാറി. കോളേജിലെ എല്ലാ കുട്ടികളും വലിയ വിലയുള്ള സ്മാർട്ട് ഫോണുകൾ ഉപയോഗിക്കുന്നത് കാണുമ്പോൾ അവൾക്ക് സങ്കടം വരാറുണ്ട്. അച്ഛനും അമ്മയും ഈ കാലത്തും പഴയ തത്വങ്ങളും സിദ്ധാന്തങ്ങളും കൊണ്ട് നടക്കുന്നവരാ. അതുകൊണ്ടാ ഫോൺ മേടിച്ച് തരാത്തത്. അല്ലെങ്കിലും അച്ഛന്റേയും അമ്മയുടേയും സ്നേഹത്തേക്കാൾ വലിയ സ്നേഹവും പരിഗണനയും സോഷ്യൽ മീഡിയയിലെ കൂട്ടുകാരിലൂടെ എനിക്ക് ലഭിക്കാറുണ്ട്. അച്ഛനും അമ്മക്കും പഴയതുപോലെ എന്നോട് സ്നേഹമൊന്നും ഇല്ലെന്ന് ഇടക്ക് അവൾക്ക് തോന്നാറുണ്ട്. ഫേസ് ബുക്ക്, വാട്സ് ആപ്പ് തുടങ്ങി എല്ലാ സോഷ്യൽ മീഡിയ ചാറ്റിങ്ങ് ആപ്പുകളും അവൾ തന്റെ ഫോണിൽ ഇൻസ്റ്റാൾ ചെയ്തിരുന്നു. അതിരാവിലെ ഉണരുമ്പോൾ മുതൽ Good morning, എന്താ വിശേഷം, ചായ കുടിച്ചോ, എന്താ ചെയ്യണേ, ഊണ് കഴിച്ചോ, good night, sweet dreams അങ്ങനെയങ്ങനെ തന്നോട് എപ്പോഴും സംസാരിച്ച് കൊണ്ടിരിക്കുന്ന ലോകത്തിന്റെ ഏതോ മൂലയിലിരിക്കുന്ന, നേരിട്ട് കാണുകയോ, പരിചയപ്പെടാത്തതോ ആയ ആളുകൾ. അതുകൊണ്ടുതന്നെ പുതിയ ഫോൺ കിട്ടിയതിന് ശേഷമുള്ള ആദ്യപിറന്നാൾ. വലിയ ആകാംക്ഷയോടെയാണ് അവൾ കിടക്കുന്നത് പന്ത്രണ്ട് മണിയാകാൻ. തിരിഞ്ഞും മറിഞ്ഞും അക്ഷമയോടെ അവൾ കിടന്നു. ഒടുവിൽ പന്ത്രണ്ടു മണിയായി. ഫോണിലേയ്ക്ക് ആശംസകളുടെ ഒരു പ്രവാഹമായിരുന്നു പിന്നീടങ്ങോട്ട്. അവളുടെ ഫോണിൽ ഉപയോഗിക്കുന്ന appകളിൽ ഉള്ള ലോകത്തിന്റെ നാനാഭാഗത്തുള്ള നിരവധി കൂട്ടുകാർ ആശംസകൾ അറിയിച്ചുകൊണ്ടിരുന്നു. അവളുടെ മുഖവും മനസ്സും സന്തോഷം കൊണ്ട് നിറഞ്ഞു. എല്ലാവരുടെ ആശംസകൾക്കും തിരിച്ച് നന്ദി അവൾ അറിയിച്ചുകൊണ്ടേയിരുന്നു. അങ്ങനെ ഫോണിൽ നോക്കി കിടന്ന് രാത്രിയിലെപ്പോഴോ അവൾ ഉറക്കത്തിൽ ലയിച്ചു. രാവിലെ അമ്മ വാതിലിൽ മുട്ടുന്ന ശബ്ദം കേട്ട് ഞെട്ടിയുണർന്നു. എഴുന്നേറ്റതും ഫോൺ എടുത്തുനോക്കി. ഉറങ്ങിയതിനുശേഷവും അവളുടെ ഫോണിലേക്ക് പലരും ആശംസകൾ അറിയിച്ചിരുന്നു. അതെല്ലാം വായിച്ച് അതിന് നന്ദി പറഞ്ഞാണ് റൂമിൽ നിന്ന് പുറത്തേക്ക് വന്നത്. അവൾ അടുക്കളയിലേക്ക് ചെന്നു. അമ്മ പണി തിരക്കിലായിരുന്നു. അവൾ ചിരിച്ചുകൊണ്ട് ചോദിച്ചു - ''അമ്മ, ഇന്നന്താ സ്പെഷ്യൽ ?'' ''എന്തോന്ന് സ്പെഷ്യൽ...? നീ വേഗം പോയി റെഡിയായി കോളേജിൽ പോകാൻ നോക്ക്.'' അമ്മ പറഞ്ഞു. അവളുടെ മുഖം വാടി. അവൾ ഉമ്മറത്തേക്ക് വന്നു. അച്ഛൻ പതിവുപോലെ പത്രം വായിക്കുന്നു. ''അച്ഛാ...'' എന്നവൾ വിളിച്ചു. ''എന്താ മോളേ ?'' പത്രത്തിൽ നിന്ന് കണ്ണെടുക്കാതെ അച്ഛൻ ചോദിച്ചു. അവളുടെ മറുപടി കേൾ

ക്കാതെ ആയപ്പോൾ പത്രം അടച്ച് അവളുടെ മുഖത്ത് നോക്കിയിട്ട് വീണ്ടും ചോദിച്ചു. "എന്താ മോളെ, നേരം ഒരുപാടായല്ലോ എണീക്കാൻ. വേഗം റെഡിയാക്. ഇന്ന് അച്ഛനും നേരത്തേ ജോലിക്ക് പോകണം. മോള് അച്ഛന്റെ കൂടെ ഇറങ്ങിക്കോ. പോകുന്ന വഴിക്ക് ഞാൻ കോളേജിൽ ഇറക്കാം." അവൾ അകത്തേക്ക് പോയി ഒരുപാട് വിഷമത്തോടെ. ഈ ലോകത്തിന്റെ പല ഭാഗത്തുനിന്നും എന്നെ പരിചയമുള്ളതും ഇല്ലാത്തതുമായ എത്രയോ ആളുകൾ എന്റെ ജന്മദിനം അറിഞ്ഞ് ആശംസകൾ അറിയിച്ചു. എന്നിട്ടും സ്വന്തം അച്ഛനും അമ്മക്കും മാത്രം അത് ഓർമ്മയില്ല. കോളേജിൽ നിന്നും തിരിച്ച് ബസ്സിൽ വരുമ്പോൾ അവളുടെ ചിന്ത അത് മാത്രമായിരുന്നു. ബസ്സിറങ്ങി നടക്കുമ്പോൾ അവളുടെ മനസ്സിൽ അച്ഛന്റേയും അമ്മയുടേയും ഇന്ന് രാവിലത്തെ മുഖഭാവങ്ങളും മറുപടികളും കയറിവന്നു. അത് അവളെ ആകെ അസ്വസ്ഥപ്പെടുത്താൻ തുടങ്ങി. സ്വന്തം മകളുടെ പിറന്നാൾ ദിനം പോലും ഓർമ്മയില്ലാതെ അച്ഛനും അമ്മയും. അവരുടെ ജീവിതത്തിൽ എനിക്കൊരു സ്ഥാനവുമില്ലെന്ന് അവൾക്ക് തോന്നി.

"അച്ചുവേട്ടാ" കിതച്ചുകൊണ്ടാ അരുൺ മുറ്റത്ത് വന്ന് നിന്ന് വിളിച്ചത്. ഒരു ബലൂൺ വീർപ്പിച്ചത് കെട്ടി ക്കൊണ്ട് അച്ചുതൻ ഉമ്മറത്തേക്ക് വന്നു.

"എന്താടാ അരുണേ, എന്ത് പറ്റി...? എന്താ നീ ആകെ പേടിച്ചപോലെ...?" അച്ചുതൻ ചോദിച്ചു. "അച്ചുവേട്ടാ, ശ്രുതിയെവിടെ...?" അരുൺ ചോദിച്ചു.

"അവൾ കോളേജിൽ പോയിരിക്കുവാ. ഇപ്പോ എത്തും. അവളുടെ പിറന്നാളാ ഇന്ന്. ഞങ്ങൾ അവൾക്ക് ഒരു സർപ്രൈസ് കൊടുക്കാൻ തീരുമാനിച്ചിരിക്കുവാ. രാവിലെ മോള് എഴുന്നേറ്റ് വന്നപ്പോൾ ഞങ്ങള് അവളെ wish ചെയ്തില്ല. ഓർമ്മയില്ലാത്തതുപോലെ അഭിനയിച്ചു. ദേ, അകത്ത് കേക്ക് കൊണ്ടുവന്ന് വച്ചിട്ടുണ്ട്. ബലൂണുകൾ കെട്ടി കഴിയാറായി. പുതിയ ഡ്രസ്സ് മേടിച്ചിട്ടുണ്ട്. പായസം റെഡിയായിട്ടുണ്ട്. അവള് ഇപ്പൊ എത്തും. അവൾക്കിതൊക്കെ കാണുമ്പോൾ ഭയങ്കര സന്തോഷമാകും. ആ മുഖം കാണാൻ വേണ്ടിയാ രാവിലെ ഞങ്ങൾ ഒന്നും പറയാതിരുന്നത്. ഞാനിന്ന് ഉച്ച കഴിഞ്ഞപ്പോൾ ലീവെടുത്തു. അല്ല, നിനക്കെന്തുപറ്റി ? നിന്റെ അമ്മയ്ക്കെന്തെങ്കിലും സംഭവിച്ചോ ? അല്ല, വയ്യാതെ കിടക്കല്ലേ ആയിരുന്നേ."

അരുണിന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. അരുൺ പറഞ്ഞു – "അച്ചുവേട്ടൻ ഒന്ന് എന്റെ ഒപ്പം വാ. വെണ്ടുരുത്തി പാലത്തിൽ നിന്നും ഒരു ബാഗ് കിട്ടിയിട്ടുണ്ട്. അതുവഴി പോയിരുന്ന വണ്ടിക്കാര് പോലീസിൽ വിളിച്ച് പറഞ്ഞിരിക്കുന്നു. ഒരു പെൺകുട്ടി പാലത്തിൽ നിന്ന് ചാടുന്നത് കണ്ടെന്ന്. ആ ബാഗ് ഞാൻ കണ്ടു. ശ്രു... ശ്രുതിയുടെ ബുക്കുകളും മൊബൈലും എല്ലാം... ഉണ്ടതില്..." ●

പ്ലാസ്റ്റിക് കവറിലാണ് ഏക തത്വ മാസിക പോസ്റ്റലായി അയക്കാറ്. ആ കവറിനെ ഭൂമിയിലേയ്ക്ക് വലിച്ചെറിയാതെ അതിൽ മണ്ണ് നിറച്ച് ഒരു ചെടി നടുവാൻ അപേക്ഷ.

-എഡിറ്റർ -

# ഗാന്ധർവ്വം



ബിതാ ദാസ്
8075638695

**കാ**ലിനേയും കട്ടിലിനേയും തമ്മിൽ ബന്ധിപ്പിച്ച നീണ്ട ഇരുമ്പു ചങ്ങല ഒന്ന് മെല്ലെ കിലുക്കി സ്വയം പ്രഭാദേവി ഊറിച്ചിരിച്ചു. എന്നിട്ട് കണ്ണുകളടച്ച് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു : "ഗന്ധർവ്വാ, ഇന്നവര് നിന്നെ പുറത്താക്കും"

മുറിയിലാകെ പാലപ്പൂ ഗന്ധം നിറഞ്ഞു. അവളുടെ കാലിലെ ചങ്ങലപ്പാടുകളിലും വ്രണങ്ങളിലും ഗന്ധർവ്വൻ മൃദുവായിത്തലോടി. അടഞ്ഞ കണ്ണുകളിൽ പതുക്കെ ചുംബിച്ചു അവളുടെ കൺകോണിലൂടെ ചെന്നി യിലേക്ക് ഒലിച്ചിറങ്ങിയ കണ്ണുനീർത്തുടച്ച് ആശ്വസിപ്പിക്കും പോലെ കൈകളിൽ മുറുകെ പിടിച്ചു.

താഴെ ബാധയൊഴിപ്പിക്കാനുള്ള ഒരുക്കങ്ങൾ നടക്കുന്നത് അവളറിഞ്ഞു. അമ്മ വന്ന് അവളെ സ്വതന്ത്രയാക്കി താഴെ മുറ്റത്തേക്ക് കൊണ്ടുപോയി കടും വർണ്ണങ്ങളാലംകൃതമായ കളത്തിലിരുത്തി. അവൾ പാലപ്പൂ മണം ആവോളം അകത്തേക്ക് വലിച്ചെടുത്ത് വാതിലിനു പുറത്ത് നിസ്സഹായനായി നോക്കി നിൽക്കുന്ന ഗന്ധർവ്വനെ നോക്കി കണ്ണിറുക്കി... പിന്നെയൊന്നും ഓർമ്മയില്ല.

നീണ്ട ഉറക്കം ഉണർന്നപ്പോൾ വീണ്ടും അറയിലാണ്. കാലിൽ ചങ്ങലയില്ല. പടിഞ്ഞാറു ഭാഗത്തേക്കു തുറക്കുന്ന ജനാലയിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ പാലപ്പൂക്കളെല്ലാം വാടിയുണങ്ങി കരിഞ്ഞു പോയിരിക്കുന്നു. പല തവണ വിളിച്ചുനോക്കിയിട്ടും ഗന്ധർവ്വൻ വന്നില്ല. ദൂരെ എവിടെ നിന്നോ ആ ശബ്ദം കേട്ട പോലെ ..


"ദേവീ... എനിക്കാ തൊടിയിൽ കടക്കാനാവില്ല. നിനക്ക് പുറത്തേക്ക്...??"

കണ്ണുകൾ നിറഞ്ഞൊഴുകി. പിന്നെപ്പിന്നെ ആ സ്വപ്നം കണ്ണിൽ നിന്ന് മറഞ്ഞു. പിന്നീടൊരിക്കലും ആ പാല പൂത്തില്ല. ഇപ്പോൾ വീണ്ടും അതേ മണം.

"ഫ്ളൈറ്റിലെ യാത്ര അമ്മയെ വല്ലാതെ പേടിപ്പിച്ചിട്ടുണ്ട്ട്ടോ. ദാ ഉറക്കത്തില് മുഴുവനും പിച്ചും പേയും പറയുണു. സ്ഥലം മാറിക്കിടന്നതിന്റെയാവും. ഒന്ന് ഡോക്ടറെ കാണിച്ചാലോ?"

മകളുടെ ശബ്ദം അവരെ ഉണർത്തി. കണ്ണുകൾ തുറന്നു ചുറ്റും നോക്കി. താനിപ്പോൾ മകളുടെ ദുബായിലെ ഫ്ളാറ്റിലാണ്. എവിടെ നിന്നോ ഒരു പാലപ്പൂ ഗന്ധം അവരെ പൊതിഞ്ഞു. അതിൽ ലയിച്ച് അവർ വീണ്ടും കണ്ണുകൾ ഇറുക്കിയടച്ചു. ദൂരെയെവിടെയോ ഒരൊറ്റപ്പാല കാലം തെറ്റിപ്പൂത്തിരിക്കുന്നു. ●

# ദൈവീകതയും ഭൗതികതയും



ജയൻ പുതുമന
8330086062

**ക്ഷേ**ത്രദർശനം കൊണ്ട് ഭക്തർ പലതും മനസ്സിലാക്കേണ്ടതുണ്ട്. എന്നാൽ ഇന്ന് എന്താണ് ക്ഷേത്രദർശനം നടത്തുന്നവർ ചെയ്യുന്നത്? ക്ഷേത്രത്തിൽ കടന്ന ഉടനെ എത്രയും വേഗത്തിൽ പുറത്തേക്ക് കടക്കാനുള്ള തത്രപ്പാടിലായിരിക്കും.

ക്ഷേത്രത്തിലെ ദീപാരാധന സമയത്ത് ക്ഷേത്രശാന്തിക്കാരൻ ഒരു കൈയാൽ ഏഴ് നിലകളുള്ള ദീപാരാധന വിളക്ക് ഭഗവാനെ ഉഴിയുകയും മറുകൈയാൽ നല്ല താളബോധത്തോടെ പൂജാമണി മുഴക്കുകയും ചെയ്യുന്നു.

ഈ പ്രവൃത്തി വളരെ നിസ്സാരമെന്ന് തോന്നാം. ഒരു കൈ അനങ്ങുമ്പോൾ മറുകൈ ഉറച്ചിരിക്കണം. കൈമണിയുടെ താളത്തിനനുസരിച്ച് ചലിക്കുന്നു. ദീപം മുകളിൽ നിന്ന് ഒരു വൃത്താകാരത്തിൽ ഉഴിയുന്നു. രണ്ട് കൈകളും ഒരേ രീതിയിലല്ല ചലിക്കുന്നത്. ഒരേ രീതിയിലാണെങ്കിൽ എല്ലാം തെറ്റും. അന്തരീക്ഷത്തിൽ തന്നെ ഒരു അപശ്രുതി പരക്കും.

ക്ഷേത്രത്തിലെ ശാന്തിക്കാരന് ഒരു അശുദ്ധി വന്നു. ഉടനെ ഒരു ശാന്തിക്കാരനെ വേണം. നഗരത്തിലെ ഒരു സർക്കാർ ഓഫീസിൽ പൂജ ചെയ്യാൻ അറിയുന്ന ഒരു തിരുമേനി തൽക്കാലം ഒരുനേരം ചെയ്യാമെന്ന് ഏറ്റു. പക്ഷെ ദീപാരാധന സമയത്ത് ദീപം ഉഴിയലും മണി അടിയ്ക്കലും ഒന്നിച്ച് ചെയ്യുന്ന പ്രവൃത്തി വേണ്ടതുപോലെ ആയില്ല. ഭക്തജനങ്ങൾക്ക് ചെറിയ തോതിൽ ഒരു തൃപ്തികേട്. ശാന്തിക്കാരൻ നിത്യം ചെയ്യുന്നതാകയാലും, മുട്ടുശാന്തിക്കാരൻ നിത്യം ഈ പ്രവൃത്തി ചെയ്യാത്തതിനാലും ആണ് ഈ അന്തരം വന്നുചേർന്നത്.

ഭൗതികതയിൽ മാത്രം മുഴുകി ജീവിക്കുന്നവർ മുട്ടുശാന്തിക്കാരനെ പോലെയാണ്. ജീവിതത്തിന്റെ ഒരുവശം മാത്രമാണ് ഭൗതികത. മറുവശം ദൈവീകതയാണ്. ഒരുകൈ ദൈവീകതയുടെ ചലനവും മറുകൈ ഭൗതികതയുടെ ചലനവുമാണ്. ഇതിന് പരിശീലനം ആവശ്യമാണ്. അതാണ് സാധന. ഇതുപോലുള്ള പാഠങ്ങളാണ് ക്ഷേത്രാരാധനയിലെ ഓരോ അംഗങ്ങളും പ്രതീകാത്മകമായി കാണിച്ചുതരുന്നത്. പഴയകാലത്തെ ആളുകൾക്ക് ഇതൊക്കെ അറിയാമായിരുന്നു. ഇന്നിപ്പോൾ പൂജകനും ഭക്തനും ഒരുപോലെയായിരിക്കുന്നു.

രണ്ടുപേർക്കും ആത്മാർത്ഥത കുറവ്. ധനം ഉണ്ടാക്കാൻ എന്താണ് വഴി എന്നുമാത്രം. ഭൗതികതയോടുള്ള അമിതമായ അഭിനിവേശം നമ്മിൽ ആസക്തിവളർത്തും. ആസക്തി ശരീരത്തിന്റെയും മനസ്സിന്റെയും താപനില വിപരീതമായി ഉയർത്തും. അതായത് പരിഭ്രാന്തിയും ഉത്കണ്ഠയും കുറ്റബോധവുമെല്ലാം ഉണർത്തി ജീവിതസുഖം അപ്പാടെ ആസക്തി കവർന്നെടുക്കും.

എന്നാൽ ദൈവീകതയോടുള്ള താല്പര്യമാകട്ടെ നമ്മിൽ ഭക്തിയാണ് വളർത്തുന്നത്. ഈ ഭക്തി ശരിയായ ദിശയിൽ മുന്നോട്ടുപോയാൽ ക്രമേണ വിരക്തിയായിമാറും. ഈശ്വരൻ അഥവാ സത്യം എന്ന സങ്കല്പത്തോടല്ലാതെ മറ്റൊന്നിനോടും താല്പര്യമില്ലാത്ത അവസ്ഥയിലേക്ക് മാറിവരും. ഇങ്ങിനെയാണ് ദൈവീകതയും ഭൗതികതയും ഉണ്ടാകുന്നത്. ●

■ കഥ

# മൂന്നു കഥകൾ

ജിജോ രാജകുമാരി
8086350652

## ക്വട്ടേഷൻ

**ദി**നവും തുറന്ന മൂർച്ഛയുമായി എത്തി ദേഹം മുഴുവൻ മുറിവേല്പ്പിക്കുന്ന തൂമ്പയെ വകവരുത്തുവാൻ മണ്ണ് തുരുമ്പിനെ കൂട്ടുപിടിച്ചു.

## ശിക്ഷ

മൈക്കിനുമുന്നിൽ ഘോര ഘോരം ഗർജ്ജിച്ച പ്രാസംഗിക സിംഹം ചാനലിലെ അന്തിച്ചർച്ച അവതാരകനുമുന്നിൽ വാക്കുകളില്ലാതെ പിടഞ്ഞു.

## വൈരുദ്ധ്യങ്ങൾ

ലോകഭാഷാ സമ്മേളനത്തിൽ മലയാളഭാഷയെ പ്രതിനിധീകരിച്ച് മൈക്കൽ ഡൊണാൾഡ്ട്ട് സാന്നിദ്ധ്യമറിയിച്ചു. ഇംഗ്ലീഷ് ഭാഷയുടെ പ്രതിനിധിയായി പി. ആർ. എഴുത്തച്ഛനും പങ്കെടുത്തു. ●

■ കവിത

# പിന്നെയും...

ഹരി കെ. പുരയ്ക്കൽ
9995698825

ആരോ അറുത്തെടുത്ത
പടുമരത്തിൻ ശേഷിപ്പുകൾ
സ്മാരക ശിലപോൽ നിറയുമ്പോൾ
ഇന്നിന്റെ പ്രതീക്ഷകളുമകലുന്നു.
കൂടും കൂട്ടുമില്ലാതെ
കൂടണയും പക്ഷികൾ തേങ്ങുന്നു
പുലരി പിറക്കുമ്പോൾ പിടച്ചിലായ്
ഇനി യാത്രകൾ എവിടേക്കാണ്...?
കാരിരുമ്പിൻ കരങ്ങളിൽ
ഞെരിഞ്ഞ് പിടയുമ്പോൾ
വലിഞ്ഞ് മുറുകുന്ന ഞെരമ്പുകൾ
തൊണ്ടവരണ്ട് നീരിനായലയുന്നു.
വെള്ളിക്കൊലുസുകളണിഞ്ഞ
കളകള നാദമകലുമ്പോൾ
മഴ മേഘങ്ങൾ കണ്ടുള്ളം നടുങ്ങി
മലമുഴക്കികൾ മൗനമായ്
പെയ്തൊഴിയാപെയ്ത്തുകൾ
നൂലിഴ ചാലുകളായ് ഊഴ്ന്നിറങ്ങി
ചെമ്പട്ട് പുതച്ച താഴ്വാരത്തിൽ
ഉയരുന്നു സ്മാരക ശില പോൽ
പിന്നെയും...



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

കവിത

# ജരിതാ വിലാപം



ഇ. എൻ. നാരായണൻ
8547490224

പത്തു പന്ത്രണ്ടുവർഷം മുമ്പുനാം ഈ മരത്തിൽ
ഒത്തുകൂടിയ ദിനം കൃത്യമായോർക്കുന്നു ഞാൻ
നീഡങ്ങളുണ്ടാക്കി നാം സ്നേഹത്തിൻ നാരുകളാൽ
പീഡകളേറ്റുമില്ല സസുഖം വാണുവല്ലോ.
മേളകൾ നടത്തീനാം ഉത്സവാഘോഷങ്ങളും
നീളുന്ന മോഹങ്ങൾ തൻ മുട്ടകളിട്ടു നമ്മൾ
മാതാവടയിരുന്നു പിതാവോ കാവലാളും
ബാധകളേതുമില്ല; പുത്തനാം തലമുറ
കൺതുറന്നീടുന്നേരം ഉണ്ടായോരുൾപുളകം
വിണ്ണിലേയ്ക്കുയർന്നല്ലോ നമിച്ചു ദേവന്മാരും !
കുഞ്ഞുങ്ങൾക്കമൃതൂട്ടാൻ നെൽക്കതിരിന്നായിട്ടു
ആദിത്യനെത്തുംമുമ്പേ പറന്നുപോയി നമ്മൾ
അന്തിയായിടുന്നേരം ചേക്കേറാൻ നീഡങ്ങളിൽ
ചുന്തരിക്കുട്ടികൾക്ക് നൽകീടാൻ മാമാമവും
ആത്മഹർഷത്തോടെന്നും കൂടണഞ്ഞീടും നമ്മൾ
ആത്മജന്മാർതൻ വായിൽ പകരും കൊക്കുകളാൽ
ഓമനത്തിങ്കൾ പാടിയുറക്കും പൈതങ്ങളെ
ഓരത്തിരിക്കും നമ്മൾ മുട്ടിയുരുമ്മിക്കൊണ്ടു
ഒറ്റക്കിരുത്തീടുന്ന കുഞ്ഞുങ്ങൾ ! നമ്മളെന്നും
തീറ്റികൾ തേടിയെങ്ങോ പറന്നുപോയതല്ലോ
തിരിച്ചെത്തീടുന്നേരം അന്ധാളിച്ചുപോയല്ലോ
തിരഞ്ഞുനോക്കിയിട്ടും കാണുന്നില്ലല്ലോ മരം !
നീഡങ്ങളൊരുക്കിയ നമ്മൾ തൻ മഹാവൃക്ഷം
ഗൂഢതന്ത്രക്കാരുടെ മഴുക്കൾക്കശനമായ് !
വീണുപോയതാണത്രേ വേരുകൾ പോലുമവർ
വാണിഭം ചെയ്തുവത്രേ; ദൈവമേ ! എന്തു കഥ ?
കുഞ്ഞുങ്ങൾക്കെന്തുപറ്റി? പറക്കമുറ്റാത്തവർ !
കണ്ണു തുറക്കാത്തവർ - എവിടെപ്പോയി തപ്പും ?
കഴുകന്മാരാം ചിലർ പ്രാണനെ റാഞ്ചിയിട്ടു
പറന്നുപോകുന്നല്ലോ തലയ്ക്കു മീതെക്കൂടി !
ഇഴയുന്നിതാചുറ്റും പാമ്പുകൾ നിസ്സഹായർ
കുഴഞ്ഞുകിടക്കുന്നോർ; പുകച്ചുപുറത്തിട്ടോർ
മാളങ്ങൾ കയ്യടക്കി ‘മാളു’കൾ പണിതിട്ടോർ
‘ആളായി’നടക്കുന്നു ദിഗ്വിജയികളായി !

കവിത

# കവിതേ നിന്നീണമെവിടെ?

അജയ് ബാലചന്ദ്രൻ, 9895659050



നിന്നെ വളർത്തിയ കോൺക്രീറ്റു ചട്ടീലെ
കൊക്കോ പീറ്റും നല്ല നൈട്രേറ്റും ഫോസ്ഫേറ്റും
തെല്ലുമൊരു പോഷണമായതില്ലേ?
ഈശ്വരനാമമില്ലാ ജപങ്ങളില്ലാ നാട്ടിൽ
നിന്നെ പറിച്ചുഞാൻ നട്ടതല്ലേ?
കൊയ്ത്തില്ലാ മെതിയില്ലാ പാടങ്ങൾക്കകലെയായ്
കൊയ്തുപാട്ടേൽക്കാത്ത ഭവനത്തിൽ
നിന്നെഞാൻ പോറ്റിയില്ലേ?
നിൻ വേരിലായ് തെല്ലും മണ്ണുപറ്റാതെന്നും
കഴുകിത്തുടച്ചിട്ടും കനിവോടു പുൽകീട്ടും
ഓമലേ നിൻ ചാരുത കൂടിയില്ലേ?

കവിത

# നൊമ്പരത്തിപ്പൂവ്



അലക്സാണ്ടർ മുട്ടത്തുപാടം
9447868255

ദുഃഖത്തിൻ നീറ്റലൊരു സുഖം,
സിരകളിലുണരുന്ന ചെറു ലഹരി
പിന്നെയതു നുരയിട്ടു വളരുന്ന
പ്രാണനിൽ പൂത്തുപൂത്തുലയുന്ന
നൊമ്പരപ്പൂക്കളായുന്മത്ത
ശലഭമാക്കീടുന്നു സമയബിന്ദുക്കളെ.

വരില്ല കണ്ണീരൊട്ടുമേ
വന്നെങ്കിലെന്നാശിക്കിലും
പിന്നെ തീവ്രതയേറുമ്പോ-
ളടർന്നുവീഴും കണ്ണീർപൂക്കളൊന്നൊന്നായ്.

നിദ്രയില്ലാതെ നയനങ്ങൾ
വിശ്രമിയ്ക്കുമെപ്പോഴും
തെല്ലും ഭുജിയ്ക്കണമെന്നില്ല-
യുദരത്തിനും വിശ്രമം.

പിന്നെയോർത്തും പേർത്തും കരയുമ്പോ-
ളോർത്തുപോകുമീ-
സന്താപം തരും സന്തോഷമെത്രയാനന്ദം !
ദുഃഖമുണ്ടെങ്കിലേ സുഖമെന്തെന്നറിയൂ-
യെന്നറിവേതു പകരും
പരമാനന്ദം പിന്നെയും.

കവിത

# നാളേക്ക്



എടത്തറ ജയൻ
9446033861

ഓർക്കുക മർത്ത്യരെ നമ്മൾ തൻ വൃത്തികൾ
ഓരോന്നതോർമ്മയിൽ കോർത്തു നിരത്തുക
ഓരോ ദിനങ്ങളും മുന്നോട്ടുപോകവേ
ഓരോ *ദുര്യോഗങ്ങൾ പിൻപേ വരുന്നതും
കിണർ വെള്ളം കോരി കുടിച്ചുവസിച്ചവർ
കിണറിനെ മൂടി കുഴൽ വെള്ളമായതും
കിതച്ചോടിയെത്തേ കിണറ്റിൻകരയിലോ-
കുടി നീരിനായ് യാചിച്ച ദൃശ്യങ്ങളോർമ്മകൾ.
ദാഹിക്കുന്നു ഭഗനീ... സ്വനത്തിനാൽ
ദാഹം ശമിപ്പിച്ച ബുദ്ധനാം ഭിക്ഷുവും
ദാഹമകറ്റുന്ന ജീവരക്തജലം
ദാക്ഷിണ്യമില്ലാതെ മോശമാക്കീടണോ ?
വേണ്ടാത്ത വസ്തുക്കളൊക്കെയൊഴുക്കുവാൻ
വേണ്ടിയതായിന്നു തോടും പുഴകളും
കാനന ഛായയിലെ കുടിനീരിനെ
കൈകൊണ്ട് കോരി കുടിച്ചതുമോർമ്മയായ്.
ഓർക്കുക മാനവ വീണ്ടും കുടിജലം
ഓരോ തുള്ളിയും നേർപ്പിച്ചെടുക്കുവാൻ
ഓരോ മനുജരും ചെയ്തെങ്കിൽ മാത്രമേ
*ഓരു കേറാത്ത പാനീയം നാളേക്കതും.

<u>കുറിപ്പ്</u>

*ദുര്യോഗങ്ങൾ - ദുഷിച്ച പ്രവൃത്തിയാലുണ്ടാകുന്ന രോഗങ്ങൾ
*ഓരു കേറാത്ത - പുളിപ്പോ, അഴുക്കോ കലരാത്ത

**Published on 15/10/2019, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly Vol 9, Issue 12, November 2019, Rs. 15/-**
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

**നന്മയുടെ പാതയിൽ തനിച്ചല്ല**
**ഒരുപാടുപേർ കൂടെയുണ്ട്...**

## ഏക തത്ത്വ

**പത്താം വർഷത്തിലേയ്ക്ക്...**



**Centralised Book Production Centre**
For Typing, Layouting, Cover Designing, Proof Reading, Printing & Publishing ന്
ഏക തത്ത്വയെ സമീപിക്കൂ, താത്പര്യപൂർവ്വം വിളിക്കൂ 9446443321